
വില ₹30/-
ജീവനും വെളിച്ചവും
ആഗസ്റ്റ് 2025
നിയന്ത്രണങ്ങളാണ്
സ്വാതന്ത്ര്യത്തെ നിർവചിക്കുന്നത്.


പരിശുദ്ധ സ്വർഗ്ഗാരോപിത മാതാ
ദൈവാലയം, മര്യനാട്
തിരുവനന്തപുരം ലത്തീൻ അതിരൂപത
"വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ
അനുകൂലമാണെങ്കിലും അല്ലെങ്കിലും." (2 തിമോ. 4:2)
പരിശുദ്ധ സ്വർഗ്ഗാരോപിത
മാതാവിന്റെ
തിരുനാൾ മഹോത്സവം
2025 ആഗസ്റ്റ് 06 മുതൽ 15 വരെ
2025 ആഗസ്റ്റ് 1 മുതൽ
ആഗസ്റ്റ് 3 വരെ ദിവ്യകാരുണ്യ
ആരാധനയും ധ്യാനവും
അഗസ്റ്റ് 6, 14, 15 തിയതികളിൽ
LIVE STREAMING YouTube /archtvm

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ആഗസ്റ്റ് | പുസ്തകം 60 | ലക്കം 08

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ.നിജു അജിത്ത്, ഫാ. ജോർജ്ജ് ഗോമസ് **പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

ഓഗസ്റ്റ് പതിനഞ്ച്. ഇന്ത്യ സ്വതന്ത്ര്യയായ ദിനം. സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ ധീര രക്തസാക്ഷികളെ ഓർമ്മിക്കുന്ന ദിനംകൂടിയാണ്. കൊടുങ്കാറ്റിനുമീതെ എഴുതിവയ്ക്കപ്പെട്ട ഭയാനകമായ പദം എന്നാണ് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഏറ്റവും നല്ല നിർവചനം. സ്വാതന്ത്ര്യം തന്നെ അമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം, പാരതന്ത്ര്യം മാനികൾക്ക്, മൃതിയേക്കാൾ ഭയാനകം എന്ന് മഹാകവി കുമാരനാശാൻ. ലോകചരിത്രത്തിൽ 'സ്വാതന്ത്ര്യ'ത്തോളം ചർച്ച ചെയ്യപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും നിർവചിക്കപ്പെടുകയും ചെയ്ത മറ്റൊരു പദം വേറെയില്ല. അത്രയും സങ്കീർണമാണ്, അത്രയധികം വിശാലവുമാണ് ആ വാക്ക്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾ വിപ്ലവങ്ങൾ, രക്തച്ചൊരിച്ചിലുകൾ... എത്രയെങ്കിലും ആണ്. മനുഷ്യ സ്വാതന്ത്ര്യത്തെ വ്യാഖ്യാനിച്ച പ്രത്യയശാസ്ത്രങ്ങൾ, ദാർശനിക ഗ്രന്ഥങ്ങൾ, ആശയസംഹിതകൾ അതിലുമെത്രയോ ആണ്. സ്വാതന്ത്ര്യത്തെ ഇന്നും ഏതെങ്കിലും വിധത്തിൽ എഴുതിക്കൊണ്ടേയിരിക്കുന്നു. അതിനായി പൊരുതിക്കൊണ്ടുമിരിക്കുന്നു. സ്വാതന്ത്ര്യത്തെ സംബന്ധിച്ച മഹത്തായ നിർവചനം ക്രിസ്തുവിന്റേതാണ്. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്നു പറഞ്ഞ് ആ വാക്കിനെ കാലത്തോളം ഉയർത്തി.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആഗസ്റ്റ് 15ന് ആണ്. സ്വാതന്ത്ര്യത്തിന്റെ ഒരു വിജയഗാഥയാണ് കന്യാമറിയത്തിന്റെ ജീവിതം. ക്രൈസ്തവ ജീവിതത്തിൽ അമ്മമറിയത്തിനുള്ള പ്രാധാന്യം വിലമതിക്കാനാവത്തവിധം വളരെ വലുതാണ്. ജന്മം നൽകിയതുകൊണ്ട് മാത്രമല്ല മറിയം അമ്മയായത്, മറിച്ച് കർമ്മംകൊണ്ടുകൂടിയാണ്. നൊമ്പരങ്ങൾ ഉള്ളിലൊതുക്കി പുത്രന്റെ നിയോഗങ്ങൾക്ക് കരുത്തു നൽകി എന്നതിനാലാണ് കർമ്മനിരതയായ ആ അമ്മ ചരിത്രത്തിൽ അടയാളപ്പെട്ടത്. കന്യകയുടെ ഉദരത്തിലെ സംശയിക്കപ്പെടുന്ന കുഞ്ഞ്, തണുത്ത രാവിൽ കൊട്ടിയടയ്ക്കപ്പെടുന്ന സത്രങ്ങൾ, തിരസ്കരണത്തിന്റെ നോവ്, കുരുന്നു ജീവനുംകൊണ്ട് ഈജിപ്തിലേക്കുള്ള പാലായനം, തന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും എന്ന പ്രവചനം, പന്ത്രണ്ടാം വയസ്സിൽ പുറപ്പെട്ടുപോകുന്ന ബാലൻ, ജോസഫിന്റെ മരണം, വീടുവിട്ടിറങ്ങിപ്പോകുന്ന പുത്രൻ, അവനെക്കുറിച്ചുള്ള അശുഭകരമായ വാർത്തമാനങ്ങൾ, കുരിശിന്റെ വഴി, പിയാത്തെ... അങ്ങനെ നീളുന്നു ആ കർമ്മ പഥങ്ങൾ.

ക്രിസ്തു കടന്നുപോയ പീഡന വഴികളിലൂടെ മറിയം സ്വയം നടന്നു. അവന്റെ മുറിവുകൾ സ്വന്തം നെഞ്ചിലേറ്റുവാങ്ങി. അവന്റെ യാത്രാപഥങ്ങളിൽ സ്നേഹത്തിന്റെ പാഥേയം പൊതിഞ്ഞു നൽകി. എല്ലാ അർഥത്തിലും മറിയം ഒരു പ്രാർത്ഥനയായിരുന്നു. ഒരു തീർഥാടനമായിരുന്നു. മറിയത്തിനറിയാമായിരുന്നു, തന്റെ മകൻ തന്റെ മാത്രം മകനല്ല സമസ്ത ലോകത്തിന്റെയും രക്ഷയ്ക്കായുള്ള കുരുതിക്കുഞ്ഞാടാണ് എന്ന്. ഈ ജീവിതസാക്ഷ്യമാണ് സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെടുവാൻ മറിയത്തെ യോഗ്യയാക്കിയതും മരണത്തിൽനിന്നും സ്വതന്ത്ര്യയായതും. സ്വാതന്ത്ര്യബോധം നമ്മെ കർമ്മബോധത്തിലേക്ക് നയിക്കണം. മറിയം നൽകുന്ന മാതൃകയും അതാണ്.

ഏവർക്കും സ്വാതന്ത്ര്യ
ദിനാശംസകൾ...
സ്വർഗ്ഗരോപണ
തിരുന്നാളാശംസകൾ...

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum



# പ്രതികരണങ്ങൾ

## വയോജനങ്ങൾ ലില്ലിപ്പൂക്കൾ

**ജാളി, തിരുവനന്തപുരം**

കാലം കാത്തുവച്ച നിധികൾ വായിച്ചു. ജീവിത സായാഹ്നത്തിലെത്തിയവർ 'നിധി'കളാണോ എന്ന് അവരോട് ചോദിച്ചാൽ നിധിയല്ല മക്കളേ, 'ഞങ്ങൾ എങ്ങനെയോ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ അനീതികളായി മാറി എന്നവർ കണ്ണീരൊഴുക്കും. വാർദ്ധക്യത്തിലെ 'വിധി'യിടങ്ങളിൽ കുടുംബങ്ങളിൽ നിന്നും വലിച്ചെറിയപ്പെട്ടവർ, ജീവിത യാത്രയിൽ സ്വപ്നങ്ങളും സ്വർഗ്ഗങ്ങളും നഷ്ടപ്പെട്ട് തേഞ്ഞുപോയ കുറ്റിച്ചൂലുപോലെ ദ്രവിച്ച മനസ്സുമായി കഴിയുന്നവർ, അവരുടെ പിറുപിറുപ്പുകളും വേദനകളും നൊമ്പരങ്ങളും ആരറിയുന്നു. വേദനയുടെ സങ്കീർത്തനങ്ങളിൽ ശവപ്പെട്ടികളിൽ ഉറങ്ങാൻ അനുവദിക്കണമേ എന്നു പ്രാർത്ഥിക്കുന്നവർ. ആശുപത്രിയിൽ "ഞാൻ മരിക്കാൻ പ്രാർത്ഥിക്കണേ" എന്ന് എന്നോട് യാചിച്ച നല്ല ജോലിയിൽ കഴിഞ്ഞ ഒരു മകന്റെ വാക്കുകൾ പലപ്പോഴും ചെവിയിൽ അലയടിക്കുന്നു. എന്റെയും ആ മകന്റെയും പ്രാർത്ഥനയും യാചനയും ദൈവം കേട്ടു!

പെറ്റു വളർത്തിയ മക്കൾതന്നെ പതിരുപോലെ പാറ്റിക്കളഞ്ഞവർ. ഒരിറ്റ് ആഹാരത്തിനായി, ആശ്വാസത്തിനായി, സാന്ത്വനത്തിനായി, മറ്റുള്ളവരുടെ സാമീപ്യത്തിനായി വേഴാമ്പലിനെപ്പോലെ ദാഹിക്കുന്നവർ. അവർ ഭവനങ്ങളിൽ കൊളുത്തിയ സ്നേഹപ്പൂക്കൾ വാടിക്കൊഴിഞ്ഞിരിക്കുന്നു. വിശുദ്ധിയുടെ പ്രകാശം കെട്ടുപോയിരിക്കുന്നു. അദ്ധ്വാനത്തിന്റെ നേട്ടങ്ങൾ വെള്ളത്തിൽ വരച്ച വരയ്ക്ക് തുല്യമായിരിക്കുന്നു. ആട്ടും തുപ്പുമേറ്റ് ഹൃദയം തകർന്ന മാതാപിതാക്കൾ. വേദനയിൽ ഉരുകിത്തീരുന്ന ജന്മങ്ങൾ.

ചോറുവാരി നൽകിയ കരങ്ങളെ നിങ്ങളെങ്ങനെ മറന്നു? ആശുപത്രിയിൽ കാവലിരുന്ന ഹൃദയങ്ങളെ നിങ്ങളെങ്ങനെ വെറുത്തു! നിങ്ങൾ ഉറങ്ങാൻ വേണ്ടി ഉറക്കമൊഴിഞ്ഞ രാത്രികൾ. . . നിങ്ങളെ ഊട്ടാൻവേണ്ടി നിങ്ങളുടെ വയർ നിറയാൻവേണ്ടി വിശപ്പോടെ ഉറങ്ങിയ അവരുടെ രാത്രികൾ. നിങ്ങൾക്ക് ഒരു ഉടുപ്പിനായി കീറിയ ഉടുപ്പിട്ടു നടന്നവർ. . . നിങ്ങൾക്ക് ബൂക്കിനും ബാഗിനുമായി നിങ്ങളുടെ സന്തോഷത്തിനായി സ്വന്തം സന്തോഷങ്ങളും ഇഷ്ടാനിഷ്ടങ്ങൾ വെടിഞ്ഞവർ. നിങ്ങൾക്കൊരു ബൈക്കിനായി, മൊബൈൽ ഫോണിനും പഠനത്തിനുമായി സ്വന്തം ഉല്ലാസങ്ങൾ മറന്ന് വിയർപ്പൊഴുക്കിയവർ. . . നിങ്ങൾക്കായി അന്യരുടെ പരിഹാസം വക വയ്ക്കാതെ മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടേണ്ടി വന്നവർ. . .

കാലം മാറിയപ്പോൾ നിങ്ങളെങ്ങനെ അവരെ ഉപേക്ഷിച്ചു? വിറയാർന്ന കരങ്ങൾക്കും കാലുകൾക്കും നിങ്ങളെന്തേ താങ്ങും തണലും തുണമായില്ല. എന്തേ ഒരുരുളച്ചോറ് വാരിക്കൊടുക്കാൻ നിങ്ങൾ ലജ്ജിക്കുന്നു. എന്തുകൊണ്ടവരെ പള്ളിയിൽ, യാത്രയിൽ, മംഗള കർമ്മങ്ങളിൽ കൊണ്ടുപോകുന്നില്ല മാതാപിതാക്കളെ, വൃദ്ധരെ പൊന്നുപോലെ നോക്കുന്നവർ ഭാഗ്യവാന്മാർ. . . അനുഗ്രഹീതർ. . . . വൃദ്ധർ / മാതാപിതാക്കൾ നമ്മുടെ വീടുകളുടെ ഐശ്വര്യവും അനർഘനിധികംഭങ്ങളുമാണ്. പ്രകാശമാണ്. മാതാപിതാക്കളെ വലിച്ചെറുയന്നവരല്ല ചേർത്തണയ്ക്കുന്നവരാകാം. അവർ പിറുപിറുത്തോട്ടെ, പരാതികൾ പറഞ്ഞോട്ടെ. അവയെ സ്നേഹസങ്കീർത്തനങ്ങളാക്കാം. വയോജനങ്ങളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിൽതന്നെ മാറ്റം വരണമെന്നു തോന്നുന്നു. വയോജനങ്ങളെക്കുറിച്ചുള്ള ബൈബിളിലെ പരാമർശങ്ങൾ അത്യന്തം മനോഹരവും പ്രചോദനാത്മകവുമാണ്. ലില്ലിപ്പൂക്കളെപ്പോലെയുമാണ്. . .

## നിർണായക സന്ദർഭങ്ങളിൽ ലത്തീൻ സമൂഹം ഒറ്റക്കെട്ടാണോ?

**ജെറാൾഡ് ബി.മിരാൻഡ**

ജൂലൈ ലക്കത്തിൽ പ്ലാസിഡ് ഗ്രിഗറിയുടെ 'തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഭരണവികസനപങ്കാളിത്ത സാധ്യതകളും എന്ന ലേഖനം ആധികാരികവും സമഗ്രവും വ്യക്തവും സ്പഷ്ടവും വരാനിരിക്കുന്ന തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനെ ലത്തീൻ സഭയും സമുദായവും എങ്ങനെ നോക്കിക്കാണണമെന്ന ദീർഘവീക്ഷണം നിറഞ്ഞതും ആയിരുന്നു. ഇക്കാര്യങ്ങളിലെ ഒരു മഹാനിഘണ്ടു തന്നെയാണ് പ്ലാസിഡ് സാറെന്ന് അദ്ദേഹത്തിന്റെ അതി മനോഹരമായ ക്ലാസ്സുകളിൽ ഇരുന്നവർക്കെല്ലാം അറിവുള്ള കാര്യമാണ്. ഈ ലേഖനത്തിലൂടെ ലത്തീൻ സമുദായം വരുന്ന തിരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി നിന്നാൽ നേടിയെടുക്കാൻ കഴിയുന്ന നേട്ടങ്ങളും ഗുണങ്ങളും ആ ക്രാന്തദർശി സ്വപ്നം കാണുന്നു.

തിരഞ്ഞെടുപ്പുപോലെയുള്ള നിർണായക സന്ദർഭങ്ങളിൽ ലത്തീൻ സമൂഹം ഒറ്റക്കെട്ടാണോ എന്നത് എക്കാലത്തും പ്രസക്തവും പ്രാധാന്യം നിറഞ്ഞതുമായ ചോദ്യമാണ്. അനുദിനം മാറ്റങ്ങൾക്കു വിധേയമാകുന്ന ലോക ക്രമത്തിൽ കഴിഞ്ഞുപോയ കാലങ്ങളിലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ ആത്മാർത്ഥമായും സത്യസന്ധമായും വിലയിരുത്തിയാൽ ഒറ്റക്കെട്ടല്ല എന്നു സമ്മതിക്കേണ്ടി വരും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ കൊടിക്കീഴിലും സ്വതന്ത്രമായും അല്ലാതെയും നിലപാടുകളെടുക്കുന്ന ലത്തീൻ സമുദായത്തെ ഒറ്റച്ചിന്തയിൽ ചേർത്തു നിർത്തുക എന്നത് ഏറ്റവും പ്രയാസകരമായ ദൗത്യവും അത്യന്തം ശ്രമകരമായ പ്രവർത്തനവുമാണ്. രാഷ്ട്രത്തെയും രാഷ്ട്രീയത്തെക്കുറിച്ചുമുള്ള അവരുടെ അറിവില്ലായ്മയും താൽപര്യമില്ലായ്മയുമൊക്കെ സുപ്രാധന ഘടകങ്ങളുമായിരിക്കാം.

ദൈവ വിശ്വാസത്തിനപ്പുറമുള്ള കാര്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതും അവരുടെ ഒറ്റക്കെട്ട് / ഐക്യചിന്തകൾക്ക് വിഘാതമായി വർത്തിച്ചിരിക്കാം. ആര് ഭരിച്ചാലും 'കോരന് കഞ്ഞി കുമ്പിളിൽ തന്നെ' എന്ന നിസംഗതാ മനോഭാവം വച്ചു പുലർത്തുന്നവരുടെ എണ്ണം എല്ലാ സമൂഹങ്ങളിലും വളരുന്നുമുണ്ട്. എന്തിന് പോയി വോട്ടിടണം എന്നു ചിന്തിക്കുന്നവരുടെ സംഖ്യയും കൂടി വരുന്നു. ഒറ്റക്കെട്ടായി നിന്നാൽ പലതും നേടാം. കെട്ടഴിഞ്ഞാൽ എല്ലാം തോന്നിയപോലെ ആകും. നാം നിർത്തുന്ന അല്ലെങ്കിൽ പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥിയെ പൊതുസമൂഹം അംഗീകരിക്കണമെന്നുമില്ല. ആത്മീയ ചിന്തകളും ഭൗതിക ചിന്തകളും വിശ്വാസികളിൽ ആശയ കുഴപ്പം ഉണ്ടാക്കും.

ദൈവരാജ്യത്തിനുവേണ്ടി ആത്മാക്കളെ നേടുക എന്നതാണ് സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യവും ചുമതലയും. ആത്മാക്കളുടെ രക്ഷക്ക് ഉപരിയായി ഒന്നുമില്ല. ഭിന്നിച്ചു നിൽക്കുന്നവരെ ഒരാശയത്തിൽ തളച്ചിടാൻ കഴിയുമോ? ഒറ്റച്ചിന്തയിൽ പരുവപ്പെടുത്താൻ സാധിക്കുമോ? സമ്മർദ ശക്തിയായി നിൽക്കാൻ പോലും നാം പ്രാപ്തരല്ല എന്നു തോന്നുന്നു. പ്ലാസിഡ് ഗ്രിഗറി സാറിന്റെ ലേഖനം നമ്മുടെ ബി.സി.സികളിൽ ആഴമായ ചർച്ചയ്ക്ക് വിധേയമാക്കിയാൽ നന്ന്. കാരണം ഈ ലേഖനം എത്ര പേർ വായിച്ചു എന്നതും നാം ചിന്തിക്കണം.






# താളുകളിൽ


## ലേഖനം



**06** സ്വാതന്ത്ര്യം: ചില യുക്തി വിചാരങ്ങൾ
ലിറ്റി ലൂസിയ സൈമൺ



**10** നമ്മുടെ സ്വാതന്ത്ര്യങ്ങൾ: അർത്ഥവും വ്യാപ്തിയും
പ്രൊ. (ഡോ.) യൂജിൻ ഗോമസ്സ്. ജെ CLS (Rtd.)



**14** സ്വർഗ്ഗത്തിൽ നമുക്കൊരു അമ്മയുണ്ട്
ഫാ. ഇമ്മാനുവൽ ആന്റണി



**18** ജനങ്ങളിലാകെ പടരുന്ന നിസംഗതയിൽ നീതിക്കായുള്ള ജനകീയസമരങ്ങൾ...
ജോസഫ് ജൂഡ്



**24** ജാതി സെൻസസ് പ്രഖ്യാപനം
ഡോ. ചാൾസ് ഡയസ്

## ശുശ്രൂഷാനുഭവം



**30** ഹോം മിഷൻ: കാലിക പ്രസക്തിയുള്ള അജപാലന സമീപനം

## ചരിത്രപഥം



**22** തൈക്കാട് ഇടവക സുവർണ്ണ ജൂബിലി നിറവിൽ
ഇഗ്നേഷ്യസ് തോമസ്

## കവിത



**09** അച്ഛന്റെ കട്ടമരം
ഗ്ലേവിയസ് റ്റി. അലക്സാണ്ടർ

## ടാക്കീസ്




**28** റോന്ത് എന്ന സിനിമയെക്കുറിച്ച്
സുനിൽ സി. ഇ

## നേർക്കാഴ്ച



**42** നിർമ്മിത ബുദ്ധി (AI) യും ലിയോ 14-ാമൻ പാപ്പയുടെ നിയോഗവും
ജെ. സി.

**13** കാനോൻ നിയമം
**27** ആരോഗ്യം
**33** വചന ജ്വാല
**35** വാർത്തകൾ
**37** നീർച്ചാൽ



ലിറ്റി ലൂസിയ സൈമൺ
ഇംഗ്ലീഷ് അധ്യാപിക,
സെന്റ്. ജോസഫ്സ് HSS, പാളയം

# സ്വാതന്ത്ര്യം: ചില യുക്തി വിചാരങ്ങൾ

**സമൂഹം എന്ന ഘടന നിയമത്തിന്റെയും വ്യവസ്ഥിതിയുടെയും ചട്ടക്കൂടിനുള്ളിൽ പ്രതിഷ്ഠിക്കപ്പെട്ടുവെങ്കിലും, സ്വാതന്ത്ര്യത്തിന് അതിനുമപ്പുറം ചില വ്യക്തിപരമായ മാനങ്ങളും സാധ്യതകളും ഉള്ളതിനാൽ പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. അതിനാൽ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും സ്വാതന്ത്ര്യത്തെ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.**



ജീവജാലങ്ങളെ സംബന്ധിച്ച്, ഭക്ഷണം തേടുക എന്നത് ഒരു ജീവന്മരണ പോരാട്ടമാണ്. സ്വയം ഇരയാകാതെ ജാഗ്രതയോടെ വേണം അവയ്ക്ക് ഭക്ഷണത്തിനുള്ള വക കണ്ടെത്താൻ.

എന്നാൽ മനുഷ്യനോ? അവന് ഭക്ഷണം എന്നത് അതിജീവനം മാത്രമല്ല, വിനോദവും ആഘോഷവും കൂടിയാണ്. ഈ സ്വാതന്ത്ര്യം അവന് ലഭിക്കുന്നത്, തന്നെക്കാൾ കരുത്തരായ മറ്റ് ജീവികളെ വരുതിയിൽ നിർത്തുവാനുള്ള ബുദ്ധിശക്തിയുള്ളതിനാലാണ്. എന്നാൽ ശാസ്ത്രത്തിന്റെ പിൻബലമുള്ള ഈ സവിശേഷബുദ്ധി ദുരുപയോഗിക്കുമ്പോൾ അവന്റെയും സമൂഹത്തിന്റെയും സുസ്ഥിതിയും യഥാർത്ഥ സ്വാതന്ത്ര്യവും ഹനിക്കപ്പെടുന്നു.

സമൂഹം എന്ന ഘടന നിയമത്തിന്റെയും വ്യവസ്ഥിതിയുടെയും ചട്ടക്കൂടിനുള്ളിൽ പ്രതിഷ്ഠിക്കപ്പെട്ടുവെങ്കിലും, സ്വാതന്ത്ര്യത്തിന് അതിനുമപ്പുറം ചില വ്യക്തിപരമായ മാനങ്ങളും സാധ്യതകളും ഉള്ളതിനാൽ പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. അതിനാൽ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും സ്വാതന്ത്ര്യത്തെ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

### > പ്രതികരിക്കുവാനുള്ള സ്വാതന്ത്ര്യം:

"നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." യോഹന്നാൻ 8 : 32

മാറ്റം കാലത്തിന്റെ അനിവാര്യതയാണ്. ഓരോ തലമുറയും മുൻ തലമുറകളുടെ കാഴ്ചപ്പാടുകളെ അപഗ്രഥിക്കുകയും തങ്ങളുടെ ശരികൾക്ക് യോജിക്കാത്തവയെ ചോദ്യംചെയ്യുകയും പ്രതികരിക്കുകയും പുതിയ ശരികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ചോദ്യം ചോദിക്കുന്നത് മറുവശത്തു നിൽക്കുന്ന ആളെ തോൽപ്പിക്കാനാണോ അതോ സത്യം കണ്ടെത്താനാണോ എന്നതാണ്. ചോദ്യം നേരിടുന്നയാളുടെ മനോഭാവവും പ്രധാനമാണ്.

ഈ അടുത്തിടെ വേദപാഠ ക്ലാസ്സിൽ നടന്ന ഒരനുഭവം പങ്കിടാം. യേശു അഞ്ചപ്പവും രണ്ടു മത്സ്യവും കൊണ്ട് അയ്യായിരം പേരുടെ വിശപ്പകറ്റിയ സംഭവത്തെക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. അന്നേരം ഒരു വിദ്യാർത്ഥി ചോദിച്ച സംശയം ഇങ്ങനെയാണ്,

"ഞാൻ, ഈ സംഭവത്തിന് ഇന്റർനെറ്റിൽ ഇങ്ങനെ ഒരു വിശദീകരണം കണ്ടു. യഥാർത്ഥത്തിൽ അവിടെയുണ്ടായിരുന്ന എല്ലാവരുടെയും കൈയിൽ ഭക്ഷണമുണ്ടായിരുന്നു. സ്വാർത്ഥത മൂലം ആരും തങ്ങളുടെ ഭക്ഷണം മറ്റുള്ളവരുമായി പങ്കിടാൻ തയ്യാറല്ലായിരുന്നു. എന്നാൽ, ഒരു കൊച്ചുകുട്ടി തന്റെ ഭക്ഷണം നൽകാൻ തയ്യാറായപ്പോൾ യേശു ആ പ്രവൃത്തിയെ നല്ല മാതൃകയായി ഉയർത്തിക്കാട്ടുകയും അതുകണ്ട് മറ്റുള്ളവർ തങ്ങളുടെ കൈവശം ഉണ്ടായിരുന്ന അപ്പവും മത്സ്യവും മുന്നോട്ടു കൊണ്ടുവരികയുമാണ് ചെയ്തത്. അങ്ങനെയാണ് ഇത്രേം ഭക്ഷണം ശേഖരിക്കാൻ സാധിച്ചത്. ഇങ്ങനെയും സംഭവിക്കാൻ സാധ്യതയില്ലേ?"

കുട്ടിയുടെ ഈ ചോദ്യത്തെ രണ്ടുരീതിയിൽ വിലയിരുത്താം. ആദ്യത്തേത്, ഈ ചോദ്യത്തെ ദൈവദൂഷണമായി കാണാം, കുട്ടിയെ ശാസിക്കാം. പക്ഷേ അതിന്റെ ഫലം എന്താവും? ചോദ്യം ചോദിക്കുന്ന പ്രവണത ഏതായാലും അവസാനിക്കില്ല. മറിച്ച്, ചോദിക്കുന്നത് മറ്റൊരാളോടാകും. ആ വ്യക്തിയുടെ ഉത്തരം ഒരുപക്ഷേ കുട്ടിയെ ദൈവവിശ്വാസത്തിൽ നിന്നുതന്നെ അകറ്റിയേക്കാം.

രണ്ടാമത്തെ വിലയിരുത്തലും മറുപടിയും ഇങ്ങനെയാകാം,

" അതേ, വളരെ ലോജിക്കൽ ആയിട്ടുള്ള ഒരു ചോദ്യമാണ്. ഏതൊരു കാര്യത്തെക്കുറിച്ചും യുക്തിപരമായി ചിന്തിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇവിടെ, എന്തുകൊണ്ട് മറ്റുള്ളവർക്ക് തങ്ങളുടെ ഭക്ഷണം പങ്കിടാനുള്ള പ്രേരണയുണ്ടായി? ആ കുഞ്ഞ് ഒരു മാതൃകയായതുകൊണ്ട് മാത്രമല്ല, മറിച്ച് യേശുവിന്റെ വചനത്തിന്റെ ശക്തിയാലുമാണ്. കുഞ്ഞിന്റെ മാതൃകാപരമായ പ്രവൃത്തിയെ അടിസ്ഥാനമാക്കി യേശു പറഞ്ഞ വചനങ്ങൾ അവരുടെ ഹൃദയത്തിലേക്ക് ആഞ്ഞുപതിക്കുകയും പരിവർത്തനം ഉണ്ടാകുകയും ചെയ്തു. ഇവിടെ അപ്പം വർധിപ്പിക്കുക എന്ന പ്രവൃത്തിയേക്കാൾ ഉണ്ടായ അത്ഭുതം എന്നത് അത്രയും ജനങ്ങളിൽ യേശുവിന്റെ വചനത്തിന് ഉണ്ടാക്കുവാൻ സാധിച്ച ആത്മീയ പരിവർത്തനമാണ്. സ്വാർത്ഥതയുടെ അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ് യേശു അവർക്ക് നൽകിയത്."

ഇവിടെ ചോദ്യങ്ങൾ ചോദിക്കുവാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. മറിച്ച്, രണ്ടു തലമുറയുടെയും ആശയങ്ങൾ പരസ്പരബഹുമാനത്തോടെ ഉൾക്കൊള്ളുകയും ചർച്ച ചെയ്ത്, അവയെ സംയോജിപ്പിച്ച് ഒരു പുതിയ ആശയം രൂപപ്പെടുത്തുകയും ചെയ്യുന്നു.

### > നിയമത്തിലധിഷ്ഠിതമായ സ്വാതന്ത്ര്യം


"എന്തെന്നാൽ, യേശുക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം നിന്നെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്നു സ്വതന്ത്രനാക്കിയിരിക്കുന്നു." റോമാ 8 : 2

പാപത്തിന്റെ ബന്ധനത്തിൽനിന്ന് മനുഷ്യരെ സ്വതന്ത്രരാക്കാൻ തന്റെ പുത്രനെത്തന്നെ അയച്ചതിലൂടെ ആത്മീയ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം ദൈവം വെളിപ്പെടുത്തുന്നു.ആത്മാവിന്റെ സ്വാതന്ത്ര്യം സത്യത്തിലും നീതിയിലും നിയമത്തിലും അധിഷ്ഠിതമാണ്.

ഒരുവന് ദൈവവിശ്വാസി ആവുകയോ ആവാതിരിക്കുകയോ ആകാം. അത് അയാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. എന്നാൽ ഒരു രാജ്യത്തിന്റെ നിയമത്തെ അനുസരിക്കുക എന്നത് വ്യക്തിസ്വാതന്ത്ര്യമല്ല മറിച്ച്, നിർബന്ധമായും പാലിക്കേണ്ട ഒരു ചുമതലയാണ്. അതായത് വെറും സ്വാതന്ത്ര്യമല്ല, ഉത്തരവാദിത്വപൂർണമായ നിയമത്തിലധിഷ്ഠിതമായ സ്വാതന്ത്ര്യമാണ് ശീലിക്കേണ്ടതും പാലിക്കേണ്ടതും.

തങ്ങൾക്ക് ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗിച്ചതിനാൽ പാപത്തിന്റെ നിയമത്താൽ ആദിമാതാപിതാക്കൾക്കും മരണത്തിന്റെ നിയമത്താൽ യൂദാസിനും ആത്മാവിന്റെ പാരതന്ത്ര്യം അനുഭവിക്കേണ്ടി വന്നു. അതിനാൽ, ലോകം എത്ര പുരോഗമിച്ചാലും, വ്യക്തിസ്വാതന്ത്ര്യത്തിന് നിയമത്തിന്റെയും






നീതിയുടെയും സംരക്ഷണ വലയം തീർത്തില്ലെങ്കിൽ എന്നെന്നേക്കുമായി സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന അവസ്ഥ നേരിടേണ്ടിവരും.

സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഡോപമിൻ എന്ന 'സുഖഹോർമോൺ' നമ്മുടെ ശരീരത്തിൽ കൂടുതൽ ഉൽപാദിപ്പിക്കപ്പെടുകയും അത് സന്തോഷം നൽകുകയും ചെയ്യുന്നു. അതിനാൽ നാം കൂടുതൽ സന്തോഷിക്കാനായി കൂടുതൽ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. അപ്പോഴാണ് അമിത സ്വാതന്ത്ര്യത്തിനായി നിയമം ലംഘിക്കാനും അനീതി പ്രവർത്തിക്കാനും ശ്രമിക്കുന്നത്.

ഒരു വാഹനം വേഗതയിൽ ഓടിക്കാൻ ധൈര്യം ഉണ്ടാകുന്നത്, ആ വേഗത്തെ നിയന്ത്രിക്കാനുള്ള ബ്രേക്ക് ഉണ്ടെന്ന ആത്മവിശ്വാസം ഉള്ളതുകൊണ്ടാണ്. അതുപോലെ സ്വാതന്ത്ര്യം അപകടരഹിതമായി ഉപയോഗിക്കാനുള്ള ബ്രേക്ക് ആണ് നിയമം. യുക്തിപരമായി ചിന്തിച്ച്, അമിതസ്വാതന്ത്ര്യത്തോടൊപ്പം വന്നുചേരുന്ന ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് അപഗ്രഥിച്ച് മിതത്വം പാലിച്ചാൽ സന്തോഷവും സമാധാനവും നിലനിർത്താം.

## > ഉത്തരവാദിത്വപൂർണമായ സ്വാതന്ത്ര്യം

"പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകും." യോഹന്നാൻ 8 : 36

ത്രിത്വത്തിന്റെ രഹസ്യം അനിർവചനീയമാണ്, ആഴമേറിയതാണ്. എന്നിരുന്നാലും, അതിന്റെ ലളിതമായ ഒരു വിശദീകരണം മനുഷ്യനിർമിതിയുടെ ഘടനയിൽ ദർശിക്കാവുന്നതാണ്. സ്നേഹമാകുന്ന പിതാവ് മനസ്സിനെയും, വിജ്ഞാനം നൽകുന്ന പരിശുദ്ധാത്മാവ് ബുദ്ധിയെയും എന്നതുപോലെ, ദൈവസങ്കല്പത്തിന്റെ മൂർത്തരൂപമെന്ന നിലയിൽ പുത്രൻ അഥവാ യേശു മനുഷ്യശരീരത്തെയും പ്രതിനിധീകരിക്കുന്നു.

ഇവിടെ പുത്രൻ എന്നത് ശരീരത്തെ സൂചിപ്പിക്കുന്നു. നമ്മുടെ ശരീരത്തെ സ്വാതന്ത്ര്യത്തിന്റെ ഉപകരണമായി നാം എങ്ങനെ ഉപയോഗപ്പെടുത്തുന്നുവോ, അതിനനുസരിച്ചിരിക്കും നമ്മുടെ ജീവിതവിജയവും. ശരീരത്തിലൂടെ, അതായത്, പഞ്ചേന്ദ്രിയങ്ങളിലൂടെ ഉള്ളിലേക്ക് കടക്കുന്ന എന്തും മനസ്സിനെയും ബുദ്ധിയെയും സ്വാധീനിക്കുന്നു.

ഉദാഹരണത്തിന്, ഒരാൾ തന്റെ മുറിയിൽ കയറി സ്വയം വാതിൽ അടച്ചാൽ അയാൾക്ക് അനുഭവപ്പെടുന്നത് സ്വാതന്ത്ര്യമാണ്. എന്നാൽ ആ വാതിൽ മറ്റൊരാൾ പുറത്തുനിന്നു അയാളുടെ അനുവാദമില്ലാതെ അടച്ചാലോ? അപ്പോൾ അനുഭവപ്പെടുക ഭയവും അരക്ഷിതത്വവുമാകും. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ ഓരോന്നും ഓരോ വാതിലുകളാണ്. അവ എന്തിനുനേരെ തുറന്നുവയ്ക്കണമെന്ന് വിവേകത്തോടെ തീരുമാനിച്ചില്ലെങ്കിൽ ഒരുപക്ഷേ, നിയമത്തിന്റെയോ അനാരോഗ്യത്തിന്റെയോ ദാരിദ്ര്യത്തിന്റെയോ ബന്ധനത്തിൽ നാം ആയിപ്പോകാൻ സാധ്യതയുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ യുഗത്തിൽ, വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യം വർധിച്ചുവരുന്ന കാലഘട്ടത്തിൽ, സ്വാതന്ത്ര്യം അതിന്റെ എല്ലാ നിയമച്ചങ്ങലകളെയും ഭേദിച്ചു മുന്നോട്ടു കുതിക്കുകയാണ്, പുതിയ നിയമങ്ങളുടെയും അവകാശങ്ങളുടെയും പിൻബലത്തോടെ. പഴയ നിയമങ്ങളുടെയും പുതിയ അവകാശങ്ങളുടെയും ഇടയിലൂടെ ഒരു സമവായം രൂപീകരിച്ചില്ലെങ്കിൽ ഇവിടെ അരാജകത്വം പടരും.

അതിനാൽ പരസ്പരബഹുമാനത്തോടുകൂടി, നിയമത്തിനെതിരായ ശാരീരിക പ്രലോഭനങ്ങൾക്ക് വിധേയരാകാതെ, ഉത്തരവാദിത്വപൂർണമായ സ്വാതന്ത്ര്യം പരിശീലിച്ച് , സുസ്ഥിതിയുള്ള ഒരു നവസമൂഹനിർമിതിയുടെ ഭാഗമാകാൻ നമുക്ക് യത്നിക്കാം.

പ്രകാശം പരക്കട്ടെ... നന്മ നിറയട്ടെ...

●

• • കവിത



ഗ്ലേവിയസ് റ്റി. അലക്സാണ്ടർ

# അച്ഛന്റെ കട്ടമരം

ഓല മേയാത്ത സ്വപ്നങ്ങൾ നിറച്ച,
പൊങ്ങുതടികൾ കൂട്ടിക്കെട്ടിയ ചങ്ങാടം;
അച്ഛന്റെ കട്ടമരം.
കൊമ്പുള്ള ഒരു കടൽകുതിര!

ഞാനും കട്ടമരവും
അച്ചന് ഏറെ പ്രിയപ്പെട്ടവരായിരുന്നു.
കാർക്കശ്യക്കാരനായ തോട്ടക്കാരനെപ്പോലെ
അച്ചൻ ഞങ്ങളെ  രാകിമിനുക്കി അമൂല്യമാക്കി വച്ചു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ,
നനമണൽ തൊട്ട് നെറ്റിയിൽ കുരിശുവരച്ചും,
ഉപ്പുവെള്ളം  വായ് നിറയെ കൊണ്ടും,
തിരമാല പാകിയ വഴികളെ പകുതി മുറിച്ച മുളവടി_ തൊളവ
യാൽ പിളർന്നും,
വിദൂര സ്വപ്നങ്ങൾ താലോലിച്ചും,
പിന്നാലെ പിൻതുടരുന്ന നിഷ്ഠൂര സൈന്യവ്യൂഹങ്ങളെയും
കടന്ന് ,
അച്ഛന്റെ ഓരോ പുറപ്പാടും ഒരു തീർത്ഥയാത്രയായിരുന്നു.

ചതിക്കുന്ന വാതങ്ങളേയും
ചഞ്ചല ജലപ്രവാഹങ്ങളേയും മെരുക്കിയ
വൈജ്ഞാനികനായ നാവികൻ.
കാതടിപ്പിക്കുന്ന ഒച്ചയിൽ ചിറകടിക്കുന്ന ഓട്ടുപായ ഘടിപ്പിച്ച
കട്ടമരത്തേര് തെളിച്ചുവരുന്ന അച്ഛന്റെ രൂപം
കലാപകാരികളെ അമർച്ചചെയ്ത് വിജയശ്രീലാളിതനായി
മടങ്ങിവരുന്ന കപ്പിത്താനേയും അത്ഭുതപ്പെടുത്തുന്നതാണ്.

അതിശയിപ്പിക്കുംവിധം ഉമലുകളും കോട്ടുമാലുകളും
മെടഞ്ഞെടുക്കുന്ന ഇന്ദ്രജാലക്കാരൻ.
ജലപ്പരപ്പിൽ അരയന്നങ്ങളെപ്പോലെ നീന്തിത്തുടിച്ച
കട്ടമരങ്ങൾ രൂപകൽപ്പനചെയ്ത ഐന്ദ്രജാലകൻ എന്ന
നിലയിൽ
അദ്ദേഹത്തിന്റെ പേര് വിദൂരങ്ങളിലും അറിയപ്പെടുകയും,
മേസ്തിരി എന്ന് ഓമനത്തത്തോടെ വിളിക്കുകയും ചെയ്തു,
പരിപൂർണ്ണതയോടെയാണ് കട്ടമരത്തിൽ അച്ഛൻ
കടിയകൾ ഉറപ്പിച്ചത്.

ഓരോ ഇനത്തിനും യോജിച്ച കണ്ണികൾ.
അതിസൂക്ഷ്മതയോടെയാണ് വിവിധതരം വലകൾ അച്ഛൻ
നെയ്തത്.
വായ്ക്ക് പാകമായ ഇരകൾ കൊരുത്ത് കടൽ ഭീമൻമാരെ
കുരുക്കി.

നൈപുണ്യമുള്ള അച്ചനെ അവർ ചൂണ്ടക്കാരൻ എന്ന് അഭിമാ
നത്തോടെ പേർ വിളിച്ചു.

കടൽ ഒരു സ്നാനപ്പാത്രം
അവിടെ അച്ഛൻ അനുദിനം മമോദീസ മുങ്ങി.
തിരമാലകൾ ആ കൂദാശ പരികർമ്മം ചെയ്യുന്ന ചെരുബുകൾ.
വേദപുസ്തകം പോലെ കടലും അച്ഛന് ഹൃദിസ്ഥമായിരുന്നു.

ചോരയിൽ കടൽ,
ശ്വാസത്തിൽ കടൽ,
മൂക്കള പച്ചനിറമുള്ള മൃദുലമായ പായയിൽ
പിച്ചവച്ചും മഞ്ചലാടിയും,
ഭുജിച്ചും മയങ്ങിയും,
നക്ഷത്രങ്ങൾ തുന്നിയ നീല കരിമ്പടം പുതച്ചും
അച്ഛൻ അതിജീവിച്ച കാളരാത്രികൾ അനവധിയാണ്.
പൊള്ളിക്കുന്ന സൂര്യനേയും
സംഭ്രമിപ്പിക്കുന്ന ചന്ദ്രനേയും അവർ  ഒരുമിച്ച് അതിജീവിച്ചു.
രക്തത്തിൽ ഉപ്പ്,
വിയർപ്പിൽ ഉപ്പ്,
കണ്ണീരിൽ ഉപ്പ്,
സമാന ലവണ ഭാഗധേയം  അവർ ഒരുപോലെ പങ്കുവയ്ക്കുന്നു.

കടൽ_ഒരു രഹസ്യം
കട്ടമരം_ഒരു കടങ്കഥ
എന്റെ തീക്ഷ്ണ യൗവനത്തെ അവർ നിരന്തരം പ്രലോഭിക്കുക
യും പ്രകോപിപ്പിക്കുകയും ചെയ്തു.

>>> പേജ് 17



ലേഖനം



പ്രൊ. (ഡോ.) യൂജിൻ ഗോമസ്സ്. ജെ CLS (Rtd.)



# നമ്മുടെ സ്വാതന്ത്ര്യങ്ങൾ: അർത്ഥവും വ്യാപ്തിയും

നമ്മുടെ രാജ്യം 78-ാം സ്വാതന്ത്ര്യദിനമാഘോഷിക്കുമ്പോൾ ഇന്ത്യൻ ഭരണഘടനയും ഐക്യരാഷ്ട്ര സഭയും ഇന്ത്യൻ സുപ്രീം കോടതിയും അന്താരാഷ്ട്ര നീതിന്യായ കോടതിയും ഉറപ്പുനൽകുന്ന സ്വാതന്ത്ര്യങ്ങൾ ഏതെല്ലാമാണെന്നും അവ ലംഘിക്കപ്പെടുന്നുണ്ടോ എന്നും വിശകലനം ചെയ്യുന്നത് പൗരന്മാർ എന്ന നിലയിൽ നമ്മുടെ കടമയാണ്.

മനുഷ്യസ്വാതന്ത്ര്യം എന്നത് മനുഷ്യനോളം പഴക്കമുള്ള വിഷയമാണ്. സ്വാതന്ത്ര്യങ്ങൾ പലവിധത്തിലുണ്ടെന്ന് നമുക്കറിയാം. ഉദാഹരണത്തിന് - രാഷ്ട്രീയ സ്വാതന്ത്ര്യം, മത സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക സ്വാതന്ത്ര്യം, വ്യക്തി സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യങ്ങൾ എല്ലാംതന്നെ മനുഷ്യനുമായി ബന്ധപ്പെട്ടതിനാൽ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ മറ്റെല്ലാ സ്വാതന്ത്ര്യങ്ങളും പരാമർശിക്കപ്പെടുന്നതാണ്. വ്യക്തിസ്വാതന്ത്ര്യം പലവിധത്തിലാണ്: അഭിപ്രായ സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, ഭക്ഷിക്കാനും വിവിധ വസ്തുങ്ങൾ ധരിക്കാനുമുള്ള സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം ഇതിനെല്ലാത്തിനുമുപരി ജീവിക്കാനുള്ള സ്വാതന്ത്ര്യം എന്നിവയാണ് വ്യക്തി സ്വാതന്ത്ര്യത്തിനു കീഴിൽ വരുന്നത്.

ഇന്ത്യൻ ഭരണഘടനയും ഐക്യരാഷ്ട്ര സഭയും, അന്താരാഷ്ട്ര നീതിന്യായ കോടതിയും ഭാരതത്തിന്റെ പരമോന്നത കോടതിയായ സുപ്രീംകോടതിയും മുകളിൽപറഞ്ഞ സ്വാതന്ത്ര്യങ്ങൾ ചില നിബന്ധനകൾക്ക് വിധേയമായി ഉറപ്പു വരുത്തുന്നുണ്ട്. ആദ്യമായി നമ്മുടെ ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യങ്ങളെക്കുറിച്ച് പരിശോധിക്കാം. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യങ്ങൾ അഥവാ സാതന്ത്ര്യ അവകാശങ്ങൾ ആർട്ടിക്കിൾ 19 മുതൽ 22 വരെയുള്ള ഭാഗങ്ങളിലാണ് വിശദീകരിച്ചിരിക്കുന്നത്.

ആർട്ടിക്കിൾ 19-ൽ പറയുന്ന സ്വാ

**ഭരണഘടന നിലവിൽ വന്ന്'75' വർഷം കഴിഞ്ഞിട്ടും ഭരണഘടനാ ശിൽപികൾ വിഭാവനം ചെയ്ത സ്വാതന്ത്ര്യം പൂർണ്ണതോതിൽ അനുഭവിക്കാൻ ഭാരതീയ പൗരന്മാർക്ക് ഇനിയും കാത്തിരിക്കേണ്ടി വരുമെന്നാണ്...**

---

തന്ത്ര്യങ്ങൾ താഴെ പറയുന്നവയാണ്: എല്ലാ പൗരന്മാർക്കും ഈ അവകാശമുണ്ട്.

> 19 (1) (a): സംസാര സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും.

> 19 (1) (b): ആയുധങ്ങളില്ലാതെ സമാധാനപരമായി ഒത്തുകൂടുക.

> 19 (1) (c): അസോസിയേഷനുകളോ യൂണിയനുകളോ രൂപീകരിക്കുക.

> 19 (1) (d): ഇന്ത്യയുടെ പ്രദേശത്തുടനീളം സ്വതന്ത്രമായി സഞ്ചരിക്കൽ.

> 19 (1) (e): ഇന്ത്യയുടെ ഏതു പ്രദേശത്ത് താമസിക്കാനും സ്ഥിരതാമസമാക്കാനും.

> 19 (1) (f): ഒഴിവാക്കപ്പെട്ടു.

> 19 (1) (g): ഏതെങ്കിലും തൊഴിൽ പരിശീലിക്കുക, അല്ലെങ്കിൽ ഏതെങ്കിലും തൊഴിൽ, വ്യാപാരം അല്ലെങ്കിൽ ബിസിനസ്സ് നടത്തുക.

എന്നാൽ താഴെ പറയുന്ന കാര്യങ്ങളെ ബാധിക്കാതിരിക്കാൻ ഈ അവകാശങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയുടെ സമഗ്രത, സംസ്ഥാനത്തിന്റെ സുരക്ഷ; വിദേശരാജ്യങ്ങളുമായുള്ള ബന്ധം, പൊതുക്രമം; മാന്യത അല്ലെങ്കിൽ ധാർമ്മികത; കോടതിയലക്ഷ്യങ്ങൾ.

> ആർട്ടിക്കിൾ 20 - ന്യായമായ വിചാരണയ്ക്കുള്ള അവകാശം

> ആർട്ടിക്കിൾ 21- ജീവിക്കാനുള്ള അവകാശവും വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുക എന്നതുമാണ്.

> ആർട്ടിക്കിൾ 22 - അറസ്റ്റിനും തടങ്കലിനുമെതിരെയുള്ള സംരക്ഷണം.

മുകളിൽ പറഞ്ഞ സ്വാതന്ത്ര്യങ്ങളിൽ പരമപ്രധാനമായ സ്വാതന്ത്ര്യങ്ങൾ അനുച്ഛേദനം 19ലും 21ലും പറഞ്ഞിട്ടുള്ളവയാണ്. ഈ ലേഖനം ഇവയിൽ ഊന്നിയുള്ള ഒരു വിശകലനത്തിനാണ് ശ്രമിക്കുന്നത്. സുപ്രീംകോടതി വിധി പ്രകാരം സംസാര സ്വാതന്ത്ര്യവും (ആർട്ടിക്കിൾ 19(1) (എ)) ജീവിക്കാനുള്ള സ്വാതന്ത്ര്യവും (ആർട്ടിക്കിൾ 21) അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒന്ന് മറ്റൊന്നിൽനിന്ന് വേർതിരിക്കാൻ പ്രയാസമാണ്. സംസാര സ്വാതന്ത്ര്യമെന്ന് പറഞ്ഞാൽ പ്രതികാരം, സെൻസർഷിപ്പ് അല്ലെങ്കിൽ നിയമപരമായ അനുമതി എന്നിവയെ ഭയപ്പെടാതെ ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ പിന്തുണയ്ക്കുന്ന ഒരു തത്വമാണ്.

ആവിഷ്കാര സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ വിവരങ്ങൾ, ആശയങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പിന്തുടരാനും കൈവശംവയ്ക്കാനും പങ്കിടാനുമുള്ള അവകാശമാണ്. മനുഷ്യാവകാശങ്ങളുടെ സാർവ്വത്രിക പ്രഖ്യാപനത്തിലും അന്താരാഷ്ട്ര മനുഷ്യാവകാശ നിയമത്തിലും ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം ഒരു മനുഷ്യാവകാശമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ വ്യവഹാരങ്ങളിൽ പലപ്പോഴും സംസാര സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം തുടങ്ങിയ പദങ്ങൾ പരസ്പരം മാറി മാറി ഉപയോഗിക്കുന്നു. എന്നിരുന്നാലും, നിയമപരമായ സന്ദർഭങ്ങളിൽ ആവിഷ്കാര സ്വാതന്ത്ര്യം കൂടുതൽ വിശാലമായി വിവരങ്ങളോ ആശയങ്ങളോ തേടാനും സ്വീകരിക്കാനും നൽകാനുമുള്ള അവകാശത്തെ ഉൾക്കൊള്ളുന്നു. അത് ഏത് മാധ്യമം ഉപയോഗിച്ചാലും.

ഐക്യരാഷ്ട്ര സംഘടനയുടെ യൂണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ് (UDHR)ഉം ഇൻറർനാഷണൽ കവനൻറ് ഓൺ സിവിൽ ആൻറ് പൊളിറ്റിക്കൽ റൈറ്റ്സ് (KCPR) ഉം അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും ഉറപ്പു നൽകുന്ന സമ്മേളനങ്ങളാണ്. ഈ സമ്മേളനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങളെ സംബന്ധിക്കുന്ന പ്രമേയങ്ങളും പാസാക്കിയിട്ടുണ്ട്. ഇത് ഇന്ത്യപോലുള്ള അംഗരാജ്യങ്ങൾ അംഗീകരിച്ചിട്ടുമുണ്ട്. UDHR-ന്റെ ആർട്ടിക്കിൾ 19ൽ പറയുന്നത് "എല്ലാവർക്കും ഇടപെടലുകളില്ലാതെ അഭിപ്രായങ്ങൾ പുലർത്താനുള്ള അവകാശം ഉണ്ടായിരിക്കുമെന്നും എല്ലാവർക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉണ്ടായിരിക്കുമെന്നുമാണ്"

എന്നാൽ ICCPR-ന്റെ ആർട്ടിക്കിൾ 19-ന്റെ പുതുക്കിയ പതിപ്പ് ഈ അവകാശങ്ങൾ വിനിയോഗിക്കുന്നത് പ്രത്യേക കടമകളും ഉത്തരവാദിത്വങ്ങളും വഹിക്കുന്നുവെന്നും അതിനാൽത്തന്നെ മറ്റുള്ളവരുടെ അവകാശങ്ങളേയും പ്രശസ്തിയേയും ബഹുമാനിക്കണമെന്നും കൂടാതെ ദേശീയ സുരക്ഷ, പൊതുക്രമത്തിന്റെ സംരക്ഷണം (പൊതുജനങ്ങളുടെ ഓർഡർ) പൊതുജനാരോഗ്യത്തിന്റെയോ ധാർമ്മികതയുടെയോ സംരക്ഷണം എന്നിവയ്ക്ക് വിധേയമായിട്ടായിരിക്കും ഈ അവകാശങ്ങളെന്നും പ്രസ്താവിച്ചിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(2) പ്രകാരവും സംസാരം, ആവിഷ്കാര സ്വാതന്ത്ര്യത്തിനുംമേൽ ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാരിന് അധികാരമുണ്ട്. ഈ നിയന്ത്രണങ്ങൾ പൊതുക്രമം, രാജ്യസുരക്ഷ, ധാർമ്മികത, അപകീർത്തിപ്പെടുത്തൽ, കോടതി അലക്ഷ്യം, കുറ്റത്തിന് പ്രേരണ തുടങ്ങിയ കാര്യങ്ങളിൽ അധിഷ്ഠിതമായിരിക്കും. ഈ നിയന്ത്രണങ്ങൾ ന്യായമായതും ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തെ ഹനിക്കാത്തതുമായിരിക്കണം.

1980ലെ ദേശീയ സുരക്ഷാ നിയമവും 1967ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമവും (UAPA), 2002ലെ തീവ്രവാദ നിരോധന ആക്ടും (POTA), ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 124 എ എന്നിവയും പ്രകാരം സംസാര, ആവിഷ്കാര സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിനുപകരമായി കൊണ്ടുവന്ന ഭാരതീയ ന്യായസംഹിതയിലും (BNS) ഈ സ്വാതന്ത്ര്യങ്ങളുടെ ഉപയോഗത്തിൽ ശക്തമായ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. ഈ സംഹിതയുടെ 152-ാം വകുപ്പ് പ്രകാരം ഇന്ത്യയുടെ പരമാധികാരത്തെയും ഐക്യത്തെയും അഖണ്ഡതയേയും അപകടപ്പെടുത്തുന്ന ഏതൊരു സംസാരവും പ്രവർത്തിയും ശിക്ഷാർഹമാണ്. ഇത്തരത്തിലുള്ള കേ



സുകൾക്ക് ഫൈനിന് പുറമെ ജീവപര്യന്തമോ അല്ലെങ്കിൽ ഏഴ് വർഷംവരെ തടവോ ശിക്ഷയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങളിൽ ബഹു. സുപ്രീംകോടതി ശക്തമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 124 A പ്രകാരമുള്ള ശിക്ഷ സുപ്രീംകോടതി അംഗീകരിക്കുകയാണ് ചെയ്തത്. എന്നാൽ പത്ര സ്വാതന്ത്ര്യത്തെക്കുറിച്ച് ഇന്ത്യൻ എക്സ്പ്രസ്സ് ന്യൂസ് പേപ്പേഴ്സ് (ബോംബെ) (പ്രൈ) ലിമിറ്റഡ് Vs യൂണിയൻ ഓഫ് ഇൻഡ്യ (1985) എന്ന കേസിലും ഓൺലൈൻ സ്പീച്ച് നിയന്ത്രണത്തെക്കുറിച്ചുള്ള ശ്രേയാസിംഗ് Vs യൂണിയൻ ഓഫ് ഇൻഡ്യ (2015) എന്ന കേസിലും ശക്തമായ നിലപാട് എടുത്തിരുന്നു.

അടുത്തതായി ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ പറയുന്ന ജീവിക്കാനുള്ള സ്വാതന്ത്ര്യമെന്തന്ന് പരിശോധിക്കാം. ഈ ആർട്ടിക്കിൾ പ്രകാരം ജീവിക്കാനുള്ള അവകാശം എന്നത് അന്തസ്സോടെയും അർത്ഥപൂർണ്ണമായും ജീവിക്കാനുള്ള അവകാശമാണ്. നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾക്കനുസൃതമല്ലാതെ ഒരു വ്യക്തിയുടെയും ജീവനും സ്വത്തിനുംമേൽ കടന്നുകയറാൻ പാടില്ല. ഇതൊരു മൗലിക അവകാശമാണ്. ഇത് പൗരന്മാർക്കും വിദേശികൾക്കും ഒരുപോലെ ലഭ്യമാണ്. ഈ അവകാശം ഒരു വ്യക്തിയുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ശുദ്ധമായ പരിസ്ഥിതി എന്നിവയുൾപ്പെടെയുള്ള കാര്യങ്ങളെ ഉൾക്കൊള്ളുന്നു. കൂടാതെ, വ്യക്തിഗത സ്വാതന്ത്ര്യം, സ്വയം നിർണ്ണയാവകാശം, സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഒരു വ്യക്തിയെ ദ്രോഹിക്കാനോ, പരുക്കേൽപ്പിക്കാനോ അയാളുടെ ജീവൻ നഷ്ടപ്പെടുത്താനോ ഉള്ള മനഃപൂർവ്വമായ ഏതൊരു ശ്രമവും ഈ അവകാശത്തിന്റെ ലംഘനമായി കണക്കാക്കപ്പെടുന്നു. സുപ്രീംകോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് വി.ആർ. കൃഷ്ണ അയ്യർ ആർട്ടിക്കിൾ '21'നെ ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന നടപടിക്രമപരമായ 'മാഗ്നാ കാർട്ട' എന്നാണ് വിശേഷിപ്പിച്ചത്.

ബന്ധുവ മുക്തി മോർച്ച Vs യൂണിയൻ ഓഫ് ഇൻഡ്യ എന്ന കേസിൽ ആർട്ടിക്കിൾ '21'നെക്കുറിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നടത്തിയ പരാമർശം ചരിത്രപരമാണ്. ജസ്റ്റീസ് ഭഗവതി ഇങ്ങനെ നിരീക്ഷിച്ചു; 'ഈ രാജ്യത്തെ എല്ലാവരുടെയും മൗലികാവകാശമാണ് ചൂഷണമില്ലാതെ മനുഷ്യന്തസ്സോടെ ജീവിക്കുക എന്നത്. ആർട്ടിക്കിൾ '21'ൽ പ്രതിപാദിച്ചിരിക്കുന്ന മനുഷ്യാന്തസ്സോടെ ജീവിക്കാനുള്ള ഈ അവകാശം സംസ്ഥാന നയത്തിന്റെ നിർദ്ദേശകതത്വങ്ങളിൽനിന്നും പ്രത്യേകിച്ച് ആർട്ടിക്കിൾ 39 (ഇ), എഫ് ഖണ്ഡികകളിൽനിന്നും ആർട്ടിക്കിൾ 41, 42 എന്നിവയിൽനിന്നും ജീവശ്വാസം എടുക്കുന്നു. അതിനാൽ തൊഴിലാളികളുടെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും ആരോഗ്യത്തിന്റെയും ശക്തിയുടെയും സംരക്ഷണം, പീഡനങ്ങൾക്കെതിരെയുള്ള കുട്ടികളുടെ ഇളം പ്രായത്തിന്റെയും സംരക്ഷണം, സ്വാതന്ത്ര്യത്തിന്റെയും അന്തസ്സിന്റെയും സാഹചര്യങ്ങളിൽ ആരോഗ്യകരമായി വികസിക്കാനുള്ള അവസരങ്ങളും സൗകര്യങ്ങളും, വിദ്യാഭ്യാസ സൗകര്യങ്ങൾ, നീതിയുക്തവും മാനുഷികവുമായ തൊഴിൽ സാഹചര്യങ്ങൾ, പ്രവാസി എന്നിവ ഇതിൽ ഉൾപ്പെടുത്തണം. ഒരു വ്യക്തിയ്ക്ക് മാനുഷിക അന്തസ്സോടെ ജീവിക്കാൻ കഴിയുന്നത് നിലനിൽക്കേണ്ട ഏറ്റവും കുറഞ്ഞ ആവശ്യങ്ങൾ ഇവയാണ്. ഒരു സംസ്ഥാനത്തിനോ കേന്ദ്ര സർക്കാരിനോ, ഒരു സംസ്ഥാന സർക്കാരിനോ ഈ അടിസ്ഥാന ആവശ്യവസ്തുക്കളുടെ ആസ്വാദനം നിഷേധിക്കുന്ന ഒരു നടപടിയും സ്വീകരിക്കാൻ അവകാശമില്ല.'

സുപ്രീംകോടതി വിധികൾ ഭരണഘടനയുടെ 141-ഉം 142-ഉം അനുച്ഛേദങ്ങൾ പ്രകാരം രാജ്യത്തുടനീളം നിയമമാണെന്നിരിക്കെ സംസാര സ്വാതന്ത്ര്യത്തെയും, ആവിഷ്കാര സ്വാതന്ത്ര്യത്തെയും ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെയും മറ്റ് അനുവദനീയ സ്വാതന്ത്ര്യങ്ങളേയും ഹനിക്കുന്ന പ്രവർത്തനങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്നുണ്ടെന്നത് ദൗർഭാഗ്യകരമാണ്, ദുഃഖകരമാണ്. രാജ്യത്തെ ഹൈക്കോടതികളിലും സുപ്രീംകോടതിയിലും വർദ്ധിച്ചുവരുന്ന ഇത്തരം കേസുകളുടെ എണ്ണം ആശങ്കയുളവാക്കുന്നതാണ്. ആർട്ടിക്കിൾ '21'ന്റെ ലംഘനം ഭയപ്പെടുത്തുന്നതുതന്നെ. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കു പരിശോധിച്ചാൽ ഈ വിഷയങ്ങളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള പൊതുതാല്പര്യ ഹർജികളും, റിട്ടുകളും വിരൽചൂണ്ടുന്നത് നമുക്ക് ഭരണഘടനയും അന്താരാഷ്ട്ര സംഘടനകളും ഉറപ്പ് നൽകുന്ന സ്വാതന്ത്ര്യങ്ങൾ ലംഘിക്കുന്നത് വർദ്ധിച്ചുവരുന്നുവെന്നാണ്. 2021-ൽ സുപ്രീംകോടതിയിൽമാത്രം 1,13,904 പൊതുതാല്പര്യ ഹർജികൾ ഫയൽ ചെയ്യുകയുണ്ടായി. 2015 മുതൽ 2024 വരെ (2020 ഒഴിച്ച്) യുള്ള കാലഘട്ടത്തിൽ പൊതുതാല്പര്യ ഹർജികൾ വർദ്ധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ശരാശരി 25000 പൊതുതാല്പര്യ ഹർജികൾ ഒരുവർഷം ഫയൽ ചെയ്യപ്പെടുന്നുണ്ടെന്നാണ് കണക്ക്. കോടതികളിൽ എത്തപ്പെടാത്ത അനേകം ലംഘനങ്ങൾ രാജ്യത്തുടനീളം നടക്കുന്നുണ്ടെന്ന് കാട്ടി സോഷ്യൽ മീഡിയയിൽ വരുന്ന വാർത്തകൾ ഇവിടെ പരാമർശിക്കപ്പെട്ടേണ്ടതുതന്നെ.

നിശബ്ദരും നിരാലംബരുമായ മനുഷ്യർക്കുവേണ്ടി ഭാരിച്ച ചിലവുള്ള പൊതുതാല്പര്യ ഹർജികൾ ഫയൽ ചെയ്യാൻ സംഘടനകളോ വ്യക്തികളോ മുന്നോട്ട് വരാറില്ലായെന്നതും ദുഃഖകരംതന്നെ. ഇത് വ്യക്തമാക്കുന്നത് ഒന്നുകിൽ രാജ്യത്തെ പൗരന്മാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് ശരിയായ അവബോധമില്ല, അല്ലെങ്കിൽ ഭരണഘടന ലംഘനം മനഃപൂർവ്വമായി നടത്തുന്നുവെന്നുള്ളതാണ്. രണ്ടായാലും ഭരണഘടന നിലവിൽ വന്ന് '75' വർഷം കഴിഞ്ഞിട്ടും ഭരണഘടനാ ശിൽപ്പികൾ വിഭാവനം ചെയ്ത സ്വാതന്ത്ര്യം പൂർണ്ണതോതിൽ അനുഭവിക്കാൻ ഭാരതീയ പൗരന്മാർക്ക് ഇനിയും കാത്തിരിക്കേണ്ടി വരുമെന്നാണ്. ●



● ● കാനോൻ നിയമം

# വിവാഹം അസാധുവാക്കുന്ന തടസ്സങ്ങൾ 2



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

## I. പ്രാദേശിക സഭാധികാരിക്ക് ഇളവ് നല്കാൻ കഴിയുന്ന സഭാനിയമ വിവാഹതടസ്സങ്ങൾ

താഴെപ്പറയുന്ന സഭാനിയമതടസ്സങ്ങളിൽനിന്നും വ്യക്തിപരമായ ഇളവു നല്കാനുള്ള അധികാരം പ്രാദേശിക സഭാധികാരിയിൽ നിക്ഷിപ്തമാണ്:

a. കത്തോലിക്കാ വിശ്വാസിയും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്ത വ്യക്തിയും തമ്മിലുള്ള വിവാഹം (CIC 1086, 1).

b. തന്നെ വിവാഹം ചെയ്യാൻ സന്നദ്ധമല്ലാത്ത സ്ത്രീയെ വിവാഹലക്ഷ്യത്തോടെ തടഞ്ഞുവയ്ക്കുകയോ തട്ടിക്കൊണ്ടുപോവുകയോ ചെയ്യുന്നതുമൂലമുള്ള വിവാഹതടസ്സം (CIC 1089).

c. ശാഖാപരമ്പരയിൽ നാലാം കരിന്തലവരെ രക്തബന്ധത്തിൽ (Consangnity in Collateral line upto 4th degree) ഉള്ളവർ തമ്മിലുള്ള വിവാഹതടസ്സം (CIC 1091, 2). ഉദാ. അമ്മാവനും മരുമകളും തമ്മിലുള്ള വിവാഹം (uncle & niece); സഹോദരങ്ങളുടെ മക്കൾ തമ്മിലുള്ള വിവാഹം.

d. തായ്വരമ്പരയിൽ ഏതുകരിന്തലയിലുമുള്ള ചാർച്ചാബന്ധത്തിൽ ഉള്ളവർ തമ്മിലുള്ള വിവാഹം (CIC 1092). ഉദാ. അമ്മായിയപ്പനും മരുമകളും തമ്മിലുള്ള വിവാഹം (father - in - law & daughter -in-law).

e. പൊതുമാന്യതയുടെ അടിസ്ഥാനത്തിലുള്ള വിവാഹതടസ്സം അസാധുവായ വിവാഹജീവിതത്തിലോ കുപ്രസിദ്ധമോ കുടിത്താമസമോ ആയ സ്ത്രീ - പുരുഷ സഹവാസത്തിലോ പങ്കാളിയായ പുരുഷന്റെയോ സ്ത്രീയുടെയോ രക്തബന്ധത്തിലുള്ള മകനോ മകളോ അച്ഛനോ അമ്മയുമായുള്ള വിവാഹം (CIC 1093).

മുകളിൽ പ്രതിപാദിച്ചവയ്ക്കുപുറമേ വിവാഹത്തെ അസാധുവാക്കുന്ന രണ്ട് സഭാനിയ മതടസ്സങ്ങൾകൂടിയുണ്ട്. എന്നാൽ താഴെപ്പറയുന്ന രണ്ട് സഭാനിയമതടസ്സങ്ങളിൽനിന്നും, സാധാരണയായി, പ്രാദേശിക സഭാധികാരികളിൽനിന്നും ഇളവു ലഭിക്കുന്നതല്ല:

a. വിവാഹപ്രായം (CIC 1083, 1)- നിയമാനുസൃതമായ വിവാഹാഘോഷത്തിന് സഭാനിയമം പറയുന്ന കുറഞ്ഞ പ്രായത്തെക്കാൾ ഉയർന്ന പ്രായം നിശ്ചയിക്കാനുള്ള അധികാരം മെത്രാന്മാരുടെ കോൺഫറൻസിന് CIC 1083, 2 നല്കുന്നു. ഭാരത കത്തോലിക്കാസഭയിൽ വിവാഹത്തിന്റെ നിയമപരമായ ആഘോഷത്തിനുള്ള കുറഞ്ഞ പ്രായം ഇന്ത്യൻ സിവിൽ നിയമം നിശ്ചയിക്കുന്ന പ്രായമായിരിക്കുമെന്ന് CCBI തീരുമാനിച്ചിട്ടുണ്ട് (Conference of Catholic Bisops of India, Complementary Norms to the Code of Canon Law, Brilliant Printers, Bengalaru 2024, Canon 1083, P.17).

b. തായ്വരമ്പരയിലും ശാഖാപരമ്പരയിലെ രണ്ടാം കരിന്തലയിലും ദത്തെടുക്കലിൽ നിന്നുണ്ടാകുന്ന നിയമാനുസൃത ബന്ധത്തിൽ ഉള്ളവർ തമ്മിലുള്ള വിവാഹതടസ്സം (CIC 1094.). ഉദാ. ദത്തുപിതാവും ദത്തുപുത്രിയും തമ്മിലുള്ള വിവാഹം; ഒരു ദമ്പതികളുടെ മകളും അതേ ദമ്പതികളുടെ ദത്തുപുത്രനും തമ്മിലുള്ള വിവാഹം.

●


## സ്വർഗ്ഗാരോപിത മാതാ ദൈവാലയം

തൈയ്ക്കാട്, തിരുവനന്തപുരം

### 144-ാം തിരുനാൾ മഹോത്സവം

സുവർണ്ണ ജൂബിലിയുടെ പ്രഭയിലാണ് തൈയ്ക്കാട് സ്വർഗ്ഗാരോപിത മാതാ ഇടവക. ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചതിന്റെ അൻപത് വർഷം. ആത്മീയതയുടെയും ആഘോഷങ്ങളുടെയും സംഭവബഹുലമായ ഈ വർഷം തൈയ്ക്കാട് ഇടവക 144-ാം മത് തിരുനാൾ ആഘോഷിക്കുന്നു.

ഈ വർഷത്തെ തിരുനാൾ ആചരണം 2025 ആഗസ്റ്റ് 6ന് കൊടിയേറി 2025 ആഗസ്റ്റ് 15 ന് സമാപിക്കുന്നു. വർണ്ണശബളമായ തിരുനാൾ ആഘോഷങ്ങളിലേക്ക് ഏവരേയും സ്നേഹത്തോടെ.. ആദരവോടെ സ്വാഗതം ചെയ്യുന്നു.




**2025 ആഗസ്റ്റ് 6 മുതൽ 13 വരെ**
5.00 pm മുതൽ ജപമാല, ലിറ്റിനി, നൊവേന, ദിവ്യബലി

**2025 ആഗസ്റ്റ് 14 വ്യാഴം**
5.30 pm മുതൽ ജപമാല, ലിറ്റിനി, നൊവേന സന്ധ്യാവന്ദന പ്രാർത്ഥന, വചന വിചിന്തനം
മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം,
ദിവ്യകാരുണ്യ ആശീർവാദം

**2025 ആഗസ്റ്റ് 15 വെള്ളി**
10.00 am ആഘോഷമായ ദിവ്യബലി
ദിവ്യകാരുണ്യ പ്രദക്ഷിണം, കൊടിയിറക്ക്



ഫാ. ഇമ്മാനുവൽ ആന്റണി

# സ്വർഗ്ഗത്തിൽ നമുക്കൊരു അമ്മയുണ്ട്



**മറിയം പുനരുത്ഥാനം ചെയ്തുവെന്നല്ല അവൾ മഹത്വത്തിലേക്ക് ആത്മശരീരങ്ങളോടെ എടുക്കപ്പെട്ടുവെന്നതാണ് സ്വർഗ്ഗാരോപണത്തിന്റെ അടിസ്ഥാനം. താൻ ഒന്നുമല്ല എന്നും കർത്താവിന്റെ മഹത്വമാണ് തന്റെ ജീവിതത്തിന്റെ സർവ്വസ്വവുമെന്ന എളിമയുടെ ജീവിതമാണ് സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെടുവാൻ പരിശുദ്ധ അമ്മയെ യോഗ്യയാക്കിയത്.**

ഒരമ്മയെ ആവശ്യമുള്ള ഏക മതം ക്രിസ്തുമതമാണെന്ന് ദൈവശാസ്ത്രജ്ഞനായ കാൾ റാണറിന്റെ നിരീക്ഷണമുണ്ട്. ഒരമ്മയ്ക്ക് കുടുംബത്തിൽ എത്രമാത്രം പ്രാധാന്യം കല്പിക്കുന്നുവോ അത്രയേറെ പ്രാധാന്യം പരിശുദ്ധ അമ്മയ്ക്ക് ക്രൈസ്തവ ജീവിതത്തിൽ കല്പിക്കപ്പെട്ടിട്ടുണ്ടെന്നാണ് ഈ നിരീക്ഷണത്തിന്റെ ധ്വനി. വിണ്ണിലെത്തുന്നതുവരെ മണ്ണിന്റെ ആകർഷണങ്ങളെ അതിജീവിക്കാൻ നമ്മുടെ ഉടലുകൾക്ക് സാധിക്കുമ്പോഴാണ് മറിയത്തെപ്പോലെ സ്വർഗ്ഗത്തിൽ വിരാജിക്കാൻ നമുക്കും സാധ്യമാകുന്നത്.

ഉന്നതത്തിനുവേണ്ടി ജീവിച്ച മരിച്ചവർ മണ്ണിന്റെ ഭാഗമല്ല, വിണ്ണിന്റെ സ്വന്തമാണെന്നതാണ് സ്വർഗാരോപണത്തിന്റെ കാതൽ. സ്വർഗ്ഗാരോപിത എന്നത് പരിശുദ്ധ അമ്മയ്ക്ക് സഭ നൽകുന്ന മരിയൻ വിശേഷണങ്ങളിലെ കേവലം ഒരു സംജ്ഞയല്ല, മറിച്ച് സഭയുടെ കാതലായ വിശ്വാസ സത്യങ്ങളിലൊന്നാണത്. അതുകൊണ്ടാവണം "അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഈ ലോകജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗിയ മഹത്വത്തിലേക്ക് സംവഹിക്കപ്പെട്ടുവെന്നത് " ദൈവം വെളിപ്പെടുത്തിയ വിശ്വാസ സത്യമാണെന്ന് മുനിഫിച്ചെന്തീസ്സിമൂസ് ദേവൂസ് (Munificentissimus Deus) എന്ന തിരുവെഴുത്തുവഴി 12-ാം പീയൂസ് പാപ്പ ലോകത്തോട് വിളിച്ചുപറഞ്ഞത്. രണ്ടാം ലോകമഹായുദ്ധാനന്തരം ഭൗതികമായ സിദ്ധാന്തങ്ങളിൽ മയങ്ങിവീണ ലോക മന:സാക്ഷിയെ അഭൗതികവും സർഗ്ഗോന്മുഖവുമായ ജീവിതവീക്ഷണത്തിലേക്കു തിരിച്ചുകൊണ്ടുവരിക എന്നതായിരുന്നു പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കാൻ 12-ാം പീയൂസ് പാപ്പയെ പ്രേരിപ്പിച്ച ഘടകം. ഭൂമിയിൽ സ്വർഗ്ഗം പണിയാൻ ശ്രമിക്കുന്നതിനിടെ ഉന്നതമായവ തള്ളിക്കളയാൻ ഇടയുള്ള ഒരു ലോകത്തോടാണ് അദ്ദേഹം ഏറ്റുമുട്ടിയത്. ബൈബിളിലെ ഏതെങ്കിലും സംഭവത്തിന്റെയോ വിവരണത്തിന്റെയോ വാചകത്തിന്റെയോ പിൻബലത്തിലല്ല ഈ പ്രഖ്യാപനം പാപ്പാ നടത്തിയത് മറിച്ച്, ബൈബിളിന്റെ ചൈതന്യം മൊത്തത്തിലെടുത്ത് മറിയത്തെപ്പറ്റിയുള്ള ദൈവിക പദ്ധതിയുടെ പൂർത്തീകരണമായി പരിഗണിച്ചുകൊണ്ടാണ് സ്വർഗ്ഗാരോപണത്തെപ്പറ്റിയുള്ള ഈ പ്രഖ്യാപനം നിറവേറ്റപ്പെട്ടത്.

മറിയം പുനരുത്ഥാനം ചെയ്തുവെന്നല്ല അവൾ മഹത്വത്തിലേക്ക് ആത്മശരീരങ്ങളോടെ എടുക്കപ്പെട്ടുവെന്നതാണ് സ്വർഗ്ഗാരോപണത്തിന്റെ അടിസ്ഥാനം. താൻ ഒന്നുമല്ല എന്നും കർത്താവിന്റെ മഹത്വമാണ് തന്റെ ജീവിതത്തിന്റെ സർവ്വസ്വവുമെന്ന എളിമയുടെ ജീവിതമാണ് സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെടുവാൻ പരിശുദ്ധ അമ്മയെ യോഗ്യയാക്കിയത്. ഈ ലോകത്തിലും വ്യക്തിജീവിതത്തിലും ദൈവം മാത്രം വലിയവനായിരിക്കണമെന്ന് ജീവിച്ചുകാട്ടിയ ഒരമ്മയെ ആത്മശരീരങ്ങളോടെയല്ലാതെ പിന്നെയെങ്ങനെയാണ് സ്വർഗ്ഗത്തിന് സ്വന്തമാക്കാതിരിക്കാനാവുക? ഉത്ഭവപാപമില്ലാത്തത് പറുദീസയ്ക്ക് സ്വന്തമെങ്കിൽ, പുറത്താക്കപ്പെടാത്തതാണ് സ്വർഗ്ഗീയ വിശുദ്ധിയ്ക്ക് അവകാശമുള്ളതെങ്കിൽ, പരിശുദ്ധയായവൾ സ്വർഗ്ഗത്തിന് സ്വന്തമാണ്. വിശുദ്ധ അഗസ്റ്റിന്റെ ഭാഷയിൽ പറഞ്ഞാൽ, "രക്ഷകന്റെ അമ്മയുടെ തിരുശരീരം മണ്ണിലെ കൃമികൾക്ക് ആഹാരമായി തീരുക എന്നത് ദൈവമഹത്വത്തിന് യോജിച്ചതല്ല, അതുകൊണ്ട് പിതാവായ ദൈവത്തിന്റെ ഓമൽകുമാരിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരിശുദ്ധ കന്യകയുടെ ശരീരം സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു." അത് ദരിദ്രമായ നമ്മുടെ ജീവിതത്തെ അവൻ തന്റെ മഹത്വത്താൽ ഉയർത്തുകയും വിശാലമാക്കുകയും സമ്പന്നമാക്കുകയും ചെയ്യുമെന്ന ഉറപ്പ് നമുക്ക് നൽകാൻ വേണ്ടിയാണ്. നമ്മുടെ ജീവിതത്തിലും നമ്മുടെ കുറവുകളിൽ നമുക്കായി മാധ്യസ്ഥ്യം വഹിക്കാൻ ഒരു അമ്മ സ്വർഗ്ഗത്തിൽ ഉണ്ടെന്ന ഓർമ്മപ്പെടുത്തലാണ് സ്വർഗ്ഗാരോപണം. ഈ ഭൂമിയിലെ സഹനങ്ങൾക്കും സുഖദുഃഖങ്ങൾക്കുമപ്പുറം സ്വർഗ്ഗത്തിൽ പരിശുദ്ധ ത്രിത്വത്തോടും, വിശുദ്ധ ഗണങ്ങളോടും, മാലാഖവൃന്ദങ്ങളോടും ചേർന്നുള്ള ഒരു ജീവിതം നമുക്കുണ്ടെന്ന ഉറപ്പാണത്. കാർഡിനൽ ന്യൂമാൻ ഓർമ്മിപ്പിക്കും പോലെ പരിശുദ്ധ മറിയം സ്വർഗ്ഗത്തിന്റെ വാതിലാണ്. ലോകരക്ഷകനായ യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് ഇറങ്ങുവാൻ അനുവദിച്ച വാതിലാണ്. നിത്യസമ്മാനമായ സ്വർഗ്ഗരാജ്യം നേടാൻ മനുഷ്യൻ ഓടിയണയുന്ന വാതിലാണ്. ദൈവം ഭൂമിയിലേക്ക് ഇറങ്ങിയതും മനുഷ്യൻ സ്വർഗ്ഗത്തിലേക്ക് കയറിയതും പരിശുദ്ധ കന്യകാമറിയം എന്ന വാതിലിലൂടെയാണ്. ചുരുക്കത്തിൽ, നിസ്സഹായതയുടെ നിമിഷങ്ങളിൽ സഹായമായും, നിരാശയുടെ സമയങ്ങളിൽ പ്രത്യാശയായും സ്വർഗ്ഗത്തിൽ ഒരു അമ്മയുണ്ട് എന്ന വിശ്വാസത്തിലേക്ക് ക്രൈസ്തവനെ നയിക്കുന്ന ശക്തിയാണ് മാതാവിന്റെ സ്വർഗ്ഗാരോപണം. ഒപ്പം ഇനിയും നമ്മുടെ ആത്മശരീരങ്ങൾ എത്രമാത്രം പരിശുദ്ധിയോടെ ഭൂവിൽ നാം കാത്തുസൂക്ഷിക്കണമെന്ന ഓർമ്മപ്പെടുത്തൽകൂടി ഈ തിരുനാൾ നമുക്ക് സമ്മാനിക്കുന്നുണ്ട്.

ഭാഗ്യവതിയായ കന്യകയുടെ സ്വർഗ്ഗാരോപണം തന്റെ പുത്രന്റെ പുനരുത്ഥാനത്തിലുള്ള അനന്യമായ പങ്കുചേരലിലും മറ്റ് ക്രൈസ്തവരുടെ പുനരുത്ഥാനത്തിന്റെ മുന്നാസ്വാദനവുമെന്നാണ് കത്തോലിക്കാസഭയുടെ മതബോധനം പഠിപ്പിക്കുന്നത് (സിസിസി 966). യേശുവിന്റെ ജീവിതവും രക്ഷാകര പ്രവർത്തനങ്ങളുമായി പൂർണ്ണമായി ഐക്യപ്പെട്ട മറിയം അവിടുത്തെ സ്വർഗ്ഗീയ മഹത്വത്തിലും ആത്മശരീരങ്ങളോടെ പങ്കാളിയാകുന്നു. ദൈവത്തിന് പ്രീതികരമായ ജീവിതം നയിച്ച ഹെനോക്കും ഏലിയാപ്രവാചകനും ഭൗതികശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് (ഉൽ 5:24, ഹെബ്രാ 11:5, 2 രാജാ 2:11) എടുക്കപ്പെട്ടെങ്കിൽ ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യത്തിൽനിന്നും സ്വതന്ത്രയായി സൂക്ഷിക്കപ്പെട്ട നിർമ്മല കന്യക, അവളുടെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കുക ഉചിതമല്ലേ? "ജീവിക്കുന്നവരായ നാം എല്ലാവരും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു"മെന്ന (1 തെസ 4:17) പൗലോസിന്റെ വാക്കുകൾ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന് ആധാരമാണ്.

## മറിയം സ്വാതന്ത്ര്യത്തിന്റെ പ്രതീകം

സ്വാതന്ത്യം അതിന്റെ തനിമയിൽ ജീവിച്ചുകാണിച്ചവളാണ് സ്വർഗ്ഗാരോപിതയായ മറിയം. മാനവരാശിയുടെ നന്മയ്ക്കുവേണ്ടി ദൈവം തയ്യാറാക്കിയ പദ്ധതിയോട് സഹകരിച്ചുകൊണ്ട് ദൈവേഷ്ടത്തിനുവേണ്ടി നിലകൊണ്ടവളായതിനാൽ അവൾ പരിപൂർണ്ണ ആദ്ധ്യാത്മിക സ്വാതന്ത്ര്യം ലഭിച്ച വ്യക്തിയായിരുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്നാണ് സുവിശേഷ ഭാഷ്യം (യോഹ 18:38). മനുഷ്യാവതാരംചെയ്ത വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവിനെ അടുത്തനുഗമിക്കുന്നതുവഴി അവൾ യഥാർത്ഥ സ്വാതന്ത്യത്തിലേക്ക് നമ്മെ കൈപിടിച്ചു നടത്തുന്നു. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്. അതേ ആത്മാവാൽ നിറയപ്പെട്ട കന്യകമറിയം അങ്ങനെയാണ് സ്വാതന്ത്ര്യത്തോടെ ദൈവസ്നേഹത്തിന്റെയും നന്മയുടെയും കാരുണ്യത്തിന്റെയും



സഹാനുഭൂതിയുടെയും സഹവർത്തിത്വത്തിന്റെയും വാഹകയായി ഈ വാഴ്വിൽ പരിലസിക്കുന്നത്. സ്വന്തം സ്വാതന്ത്ര്യമുപയോഗിച്ച് ഒഴിവാക്കാമായിരുന്ന പല വേദനകളും അപമാനങ്ങളും വേർപാടുകളും മറിയം സ്വന്തം ജീവിതത്തിൽ ഏറ്റെടുത്തത് ദൈവികസ്വാതന്ത്ര്യം ആവോളം തന്റെ ജീവിതത്തിൽ അവൾ അനുഭവിച്ചറിഞ്ഞതുകൊണ്ട് തന്നെയാവണം. ഇതാ കർത്താവിന്റെ ദാസി എന്ന പ്രത്യുത്തരത്തിൽ തന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുമെന്നറിഞ്ഞിട്ടും ലോകം മുഴുവന്റെയും നന്മയെപ്രതി അവൾ സഹനങ്ങളേറ്റെടുക്കാൻ തന്നെത്തന്നെ വിധേയപ്പെടുത്തി. ദൈവഹിതത്തിന് പരിപൂർണ്ണമായി വിട്ടുകൊടുത്ത് മനഃസ്വാതന്ത്ര്യത്തോടെ മുന്നോട്ട് പോകാൻ സാധിച്ചതുകൊണ്ടാണ് സഹനങ്ങളുടെ നേരത്ത് ചഞ്ചലചിത്തയാകാതെ നിലകൊള്ളാൻ അവൾ പ്രാപ്തയായത്. ശരീരത്തിന്റെയും മനസ്സിന്റെയും സ്വാതന്ത്ര്യത്തിലൂടെ മറിയം ആത്മാവിന്റെ പൂർണ്ണതയിൽ ഈ ലോകത്തുവച്ചുതന്നെ സ്വതന്ത്രയായിരുന്നു. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചുവഴി അവൾ ആത്മാവിൽ പൂരിതയായി, പൂർണ്ണസ്വതന്ത്രയായി. ലൗകികമായ സകലതിനെയും പരിത്യജിക്കുവാൻ നാം പരിശ്രമിക്കുമ്പോൾ മറിയത്തെപ്പോലെ ആത്മീയമായ സ്വാതന്ത്ര്യത്തിലേക്കാണ് നാം നടന്നടുക്കുന്നത്. അപ്പോഴാണ് ശരീരത്തിന്റെ കെട്ടുപാടുകളെയും മനസ്സിന്റെ പ്രലോഭനങ്ങളെയും ഭേദിച്ച് ആത്മനിർവൃതിയിൽ ജീവിച്ച മറിയത്തെപ്പോലെ "എന്റെ ആത്മാവ് കർത്താവിൽ ആനന്ദിക്കുന്നു"വെന്ന് പ്രഘോഷിക്കാൻ സാധിക്കൂ.

**"മറിയത്തെ അനുഗമിക്കുന്നുവെങ്കിൽ നാമൊരിക്കലും നിരാശരാവുകയില്ല."**

_വിശുദ്ധ ബർണാർഡിൻ

## പ്രത്യാശ പകരുന്ന സ്വർഗ്ഗാരോപണം

നമ്മൾ അധ്വാനിക്കേണ്ടതും ജീവിക്കേണ്ടതും നശ്വരമായ ഈ ലോകത്തിനപ്പുറമുള്ള അനശ്വരമായ നിത്യജീവിതത്തിനുവേണ്ടിയാണെന്ന് സ്വർഗ്ഗാരോപിത മാതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു: "നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി" അധ്വാനിക്കുമ്പോൾ കടന്നുപോകേണ്ട സഹനങ്ങളും കഷ്ടപ്പാടുകളും ധൈര്യസമേതം ഏറ്റെടുക്കാൻ മനുഷ്യമക്കൾക്ക് പ്രത്യാശ പകരുന്ന ഗോപുരമാണ് മറിയം. അതിനാൽ മറിയം പ്രത്യാശയുടെ മാതാവാണെന്ന് ഫ്രാൻസിസ് പാപ്പ പഠിപ്പിച്ചു. പ്രത്യാശ ഉത്ഭവിക്കുന്നത് വിശ്വാസത്തിൽ നിന്നാണ്. എന്തുകൊണ്ടെന്നാൽ ദൈവം തന്റെ നന്മകൾകൊണ്ടും വദാനങ്ങൾകൊണ്ടുമുള്ള അറിവിനാൽ വിശ്വാസം വഴിയായി നമ്മെ പ്രകാശിപ്പിക്കണം. അങ്ങനെ ഈ അറിവ് മുഖാന്തിരം അവിടുത്തെ സ്വന്തമാക്കാം എന്നുള്ള പ്രത്യാശകൊണ്ട് നമ്മൾ വീണ്ടും ഉയർത്തപ്പെടുമെന്ന് പാപ്പാ ചൂണ്ടിക്കാട്ടുന്നു. മരിയാലിസ് കുൾത്തൂസ് (Marialis cultus) എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ സ്വർഗ്ഗാരോപിതയായ മറിയത്തെ പ്രകീർത്തിച്ചുകൊണ്ട് പോൾ ആറാമൻ പാപ്പ ഇപ്രകാരം കുറിച്ചു: "മറിയത്തിന്റെ സ്വർഗ്ഗാരോപണം നിരാശയുടെമേൽ പ്രത്യാശയുടെയും ഏകാന്തതയുടെമേൽ സഹവാസത്തിന്റെയും ആശങ്കയുടെ മേൽ സമാധാനത്തിന്റെയും മരണത്തിന്റെമേൽ ഉയിർപ്പിന്റെയും വിജയമാണ്." മനുഷ്യജീവിതം ശവക്കല്ലറയ്ക്കുള്ളിൽ അവസാനിക്കുന്നില്ലെന്നും മറിച്ച്, മരണമാകുന്ന കവാടത്തിലൂടെ തീർത്ഥാടനം ചെയ്ത് സ്വർഗ്ഗസൗഭാഗ്യം കൈവരിക്കുവാനുള്ള പ്രത്യാശയുടെ ആഹ്വാനമാണ് പരിശുദ്ധ മറിയം നൽകുന്നത്.

ഈ പ്രത്യാശയെ ബലപ്പെടുത്തുന്നതാണ് വിശുദ്ധ ബർണാർഡിന്റെ വാക്കുകൾ: "മറിയത്തെ അനുഗമിക്കുന്നുവെങ്കിൽ നാമൊരിക്കലും നിരാശരാവുകയില്ല." വഴിമുട്ടിയും ഗതിമുട്ടിയും തകരുന്ന വ്യക്തികളുടെ പക്കൽ പ്രത്യാശയുടെ ജീവിത സന്ദേശവുമായി, കാനായിലെന്നപോലെ മറിയമുണ്ടെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. പ്രത്യാശ പുതിയ ചക്രവാളങ്ങൾ കാണിച്ചുതരുന്നു. സങ്കല്പിക്കാനാകാത്തതുപോലും സ്വപ്നംകാണാൻ അത് നിങ്ങളെ അനുവദിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുമ്പോൾ പ്രതീക്ഷകളറ്റുപോകുമ്പോഴും കർത്താവിൽ പ്രത്യാശിക്കാൻ സ്വർഗാരോപിതയായ മറിയം നമ്മെ പഠിപ്പിക്കുന്നുവെന്നാണ് വി. ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചത്. ഈ പ്രത്യാശയുടെ ജൂബിലി വർഷത്തിൽ നമുക്കോർക്കാം പ്രത്യാശ വെറും ശുഭാപ്തി വിശ്വാസമല്ല മറിച്ച്, സുനിശ്ചിതമായ ഒരു ഉറപ്പാണ്. പല വിജയങ്ങളും ജീവിതത്തിൽ കൈവരിക്കാമെന്ന ശുഭാപ്തി വിശ്വാസം നിങ്ങളെ നിരാശപ്പെടുത്തിയേക്കാം പക്ഷേ, ദൈവത്തിന് പ്രീതികരമായ ജീവിതം നയിക്കുന്നവർക്ക് സ്വർഗ്ഗം ലഭിക്കുമെന്ന പ്രത്യാശ ആരെയും നിരാശപ്പെടുത്തില്ല. ദൈവത്തിന്റെ അനുഗ്രഹങ്ങൾ മനുഷ്യമക്കളിലേക്ക് ഇറങ്ങി വരുന്ന അനുഭവമാണ് മറിയത്തിന്റെ സ്വർഗാരോപണം നല്കുന്നത്. ഏകദൈവത്തിലുള്ള വിശ്വാസം വഴിയും മാമ്മോദീസ വഴിയും ലഭിക്കുന്ന മരണത്തിന്മേലുള്ള പ്രത്യാശയുടെ സ്രോതസ്സാണിത്. ദൈവത്തെ അറിയാനും അവിടുന്നിൽ വിശ്വസിക്കാനും അവിടുത്തെ മഹത്ത്വം പ്രകീർത്തിക്കാനും മറിയം നമ്മെ വിളിക്കുന്നു. പ്രത്യാശയോടെ സ്വർഗ്ഗമെന്ന വീട്ടിലേക്ക് തിരികെ പോകാനുള്ള ഒരുക്കത്തിന്റെ ഈ യാത്രയിൽ പ്രത്യാശയോടെ സ്വർഗ്ഗത്തിന്റെ അമ്മയോട് പ്രാർഥിക്കാം ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം ഈശോയെ ഞങ്ങൾക്ക നീ കാണിച്ചു തരണമേ.

"രാജകുമാരി സ്വർണ്ണക്കസവുടയാട ചാർത്തി അന്തപുരത്തിൽ ഇരിക്കുന്നു വർണശബളമായ അങ്കിയണിയിച്ച് അവളെ രാജസന്നിധിയിലേക്ക് ആനയിക്കുന്നു. കന്യകമാരായ തോഴിമാർ അവൾക്ക് അകമ്പടി സേവിക്കുന്നു" (സങ്കീ: 45:13-11). ●

>>>> കവിത തുടർച്ച

അച്ഛനൊപ്പം പോകാൻ ഞാൻ വാശിപിടിച്ചപ്പോഴൊക്കെ
അച്ഛന്റെ മറുപടി ഏതാണ്ടൊരു ശ്ലോകം പോലെയായിരുന്നു.
'തുഴവയല്ല, പേനയാണ്'.
അപ്പോഴും എന്റെ തൂലികയിൽ കറുപ്പും നീലയും നിറങ്ങളിൽ
കടൽ നിറയ്ക്കുന്നതിൽ അച്ഛൻ ശ്രദ്ധാലുവായിരുന്നു.

ഒരിക്കൽ,
മോഷ്ടിച്ച കട്ടമരം ഞാൻ കടലിലിറക്കി.
ചെല്ലപ്പിള്ള കണക്കേ ഉയർന്ന ഭീമാകാരമായ തിരമാലകളെ
തകർക്കാൻ എന്റെ പ്രയാത്തിനു പാകമാകാത്ത വലിയ
തുഴവ എറിഞ്ഞു തുഴഞ്ഞു.

ഞാൻ ഇടംഭാഗം കുത്തിയപ്പോൾ വലത്തോട്ടും
വലംഭാഗം കുത്തിയപ്പോൾ
ഇടത്തോട്ടും ഒരു കുസൃതി കണക്കെ കട്ടമരം കറങ്ങിക്കൊ
ണ്ടിരുന്നു.

വന്യമായി കുതറിയും
ഉഗ്രമായി ആക്രോശിച്ചും
ഭീതിതമാം വിധം കുലുക്കിയും സംഭ്രാന്തമായ കടലിലേക്ക്
എന്നെ നിർദ്ദയം വലിച്ചെറിഞ്ഞു.

കാറ്റുകൾക്കെതിരെ,
തിരകൾക്കെതിരെ
പ്രവാഹങ്ങൾക്കെതിരെ,
ഞാൻ ക്രുദ്ധനായി നീന്താൻ തുടങ്ങി.
മൂലദ്രവ്യങ്ങൾ എനിക്കെതിരെ തന്ത്രം മെനയുന്നതായി ഞാൻ
കരുതി.
തിരകളുമായുള്ള യുദ്ധത്തിൽ,

കട്ടമരം ഒരു മുഷിഞ്ഞ പായകണക്കെ മണൽ മതിലുകളിലേ
ക്ക് ചുരുട്ടി എറിയപ്പെട്ടു.
കൊമ്പൊടിഞ്ഞ കുതിര!

എന്റെ ചിറകുകൾ ഞാൻ മലർക്കെ വിടർത്തി
ജലത്തെ ഉഴുതുമറിച്ച്,
കുതിച്ച്
സുരക്ഷിതനായി തീരമണഞ്ഞു.
കാരണം, ഞാൻ നീച്ചൽ പഠിച്ചത് മഹാ സമുദ്രമിരമ്പുന്ന
അച്ഛന്റെ ആർദ്രമായ കൈവെള്ളയിലാണ്.

അച്ഛനും കടലിനുമിടയിൽ അസ്പഷ്ടവും അഗാധവുമായ മതിലു
കൾ എത്ര വേഗമാണുയർന്നത്!

ഇടങ്ങളും,
തിരകളും,
ജല മർമ്മരങ്ങളും,
താളവും
നഷ്ടമായ അച്ഛനും കട്ടമരവും മണൽ കൂനകളിൽ ചാഞ്ഞ്
വിടപറഞ്ഞ് വിസ്മൃതിയിലായ വസന്തകാല ദേശങ്ങളിൽനി
ന്നും ഒഴുകിവന്ന കടൽപാട്ടിന്റെ വന്യമായ താളത്തിൽ പൂർണ്ണ
മായി ലയിച്ച് മയങ്ങുന്നു.

'ഒരു മുക്കുവൻ മരിക്കുംവരെ വിരമിക്കുന്നില്ല'
എൻപതുകളിലും അച്ഛൻ ആവേശത്തോടെ വിളംബരംചെയ്യു
ന്ന ആപ്തവാക്യം.

ഉപ്പളത്തേയ്ക്ക് തേകിയ ഉപ്പുവെള്ളം
കണ്ണീരും വിയർപ്പും ചേർത്തിളക്കി
ചൂടാക്കുന്നു.
ഘനീഭവിച്ചത്,
വെളുത്ത പരൽ ഉപ്പാകുന്നു. ●



● ലേഖനം



ജോസഫ് ജൂഡ്



# ജനങ്ങളിലാകെ പടരുന്ന നിസംഗതയിൽ നീതിക്കായുള്ള ജനകീയസമരങ്ങൾ അവഗണിക്കപ്പെടുന്നു

**സമരങ്ങളിലുടെ ശക്തിപ്പെട്ട് അധികാരത്തിലെത്തിച്ചേർന്ന രാഷ്ട്രീയ പാർട്ടിയും അവരാൽ നിയന്ത്രിക്കപ്പെടുന്ന സർക്കാരും സമരങ്ങളോട് പ്രകടിപ്പിക്കുന്ന നിഷേധഭാവവും നിസ്സംഗതയും ഈ കാലത്തിന്റെ പ്രത്യേകതയാണ്. സമരവേദിയിലും തടവറകളിലും കൊടിയ പീഢനങ്ങളും കഷ്ടതകളും അനുഭവിച്ചു എന്ന് വീമ്പിളക്കി അധികാരത്തിലെത്തിയവരും അതേ മുറകളും തന്ത്രങ്ങളും സമരങ്ങൾ അവസാനിപ്പിക്കാൻ തയ്യാറാക്കുന്ന കാലത്താണ് നമ്മളിന്ന്.**

1956 നവംബർ ഒന്നിനാണ് ഐക്യ കേരളം എന്ന സ്വപ്നം പൂവണിയുന്നത്. അതിശക്തമായ പ്രത്യക്ഷസമരങ്ങൾ ഉയർന്നുവന്നിരുന്നില്ലെങ്കിലും ഐക്യ കേരളത്തിനായി അപ്രതിരോധ്യമായ ശബ്ദം ഉയർന്നുവന്നിരുന്നു. ഇതര സംസ്ഥാനങ്ങളിൽ, ആന്ധ്ര, പഞ്ചാബ്, മഹാരാഷ്ട്ര എന്നീ പ്രദേശങ്ങളിലും ഭാഷാകേന്ദ്രീകൃതമായ മേഖലകളിലും നടന്ന രക്തരൂക്ഷിത പോരാട്ടങ്ങളാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാരിനെ നിർബ്ബന്ധിക്കുന്നത്. രക്തരൂക്ഷിതമായ സമരങ്ങൾ കേരളത്തിൽ നടന്നില്ലെങ്കിലും 1923 മുതൽ ഐക്യകേരളത്തിനായുള്ള ആവശ്യങ്ങൾ ഉയർന്നുവന്നിരുന്നു.

തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഭരണത്തിലായിരുന്ന മലബാറും ഒന്നിപ്പിച്ച് ഐക്യ കേരളം രൂപീകരിക്കപ്പെട്ടതിനുശേഷ



വും നിരവധി സമരങ്ങൾക്കും കേരളം സാക്ഷിയായി. കന്യാകുമാരി ഉൾപ്പടെ ചില പ്രദേശങ്ങൾ കേരളത്തിൽ ഉൾപ്പെടുത്താത്തതിലും ദക്ഷിണ കാനാറയിലെ ചില പ്രദേശങ്ങൾ കേരളത്തിന്റെ ഭാഗങ്ങളാക്കിയതിലും പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നുവന്നു. ഐക്യകേരളം രൂപീകരിക്കപ്പെട്ടതിനുശേഷവും നിരവധി പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും കേരളം സാക്ഷ്യം വഹിച്ചു. ആദിവാസി കർഷക കലാപങ്ങൾ, വിമോചന സമരവും കോളേജ് സമരവും, മത്സ്യത്തൊഴിലാളി സമരങ്ങൾ, തൊഴിൽ മേഖലയിലും വിദ്യാഭ്യാസ രംഗത്തും നിരവധിയായ പ്രക്ഷോഭങ്ങൾ, കുടികിടപ്പു മിച്ചഭൂമി പ്രശ്നങ്ങളുയർത്തിയ പോരാട്ടങ്ങൾ, സൈലൻറ് വാലിയുൾപ്പെടെ പരിസ്ഥിതിസംരക്ഷണത്തിനായുള്ള സമരങ്ങൾ, വിഴിഞ്ഞം ജനതയുടെ അതിജീവന പോരാട്ടങ്ങൾ, കുടിയൊഴിപ്പിക്കലിനെതിരെയുള്ള പ്രതിഷേധങ്ങൾ, മദ്യവിരുദ്ധ പോരാട്ടങ്ങൾ, അങ്ങിനെ നിരവധി പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും കേരളത്തിൽ നടന്നു. പലതും വിജയംനേടി പര്യാവസാനം കണ്ടപ്പോൾ ചിലത് സർക്കാരിന്റെ ചെറുത്ത്നില്പിനാൽ ദുർബലപ്പെട്ട് അപ്രത്യക്ഷമായി. അപ്പോഴും കേരളജനത സമരങ്ങളോടെല്ലാം ക്രിയാത്മകമായും അനുഭാവപൂർവവും പ്രതികരിക്കുകയും ചെയ്തിരുന്നു.

സമരങ്ങളിലൂടെ ശക്തിപ്പെട്ട് അധികാരത്തിലെത്തിച്ചേർന്ന രാഷ്ട്രീയ പാർട്ടിയും അവരാൽ നിയന്ത്രിക്കപ്പെടുന്ന സർക്കാരും സമരങ്ങളോട് പ്രകടിപ്പിക്കുന്ന നിഷേധഭാവവും നിസ്സംഗതയും ഈ കാലത്തിന്റെ പ്രത്യേകതയാണ്. സമരങ്ങളോട് വിരക്തവും നിഷേധവും രൂപപ്പെടുത്തുന്ന ഒരു സാമൂഹിക അവബോധം പുതുതലമുറയിൽ പടർന്നിരിക്കുന്നു, അപകടകരമായ വിധത്തിൽതന്നെ. സമരവേദിയിലും തടവറകളിലും കൊടിയ പീഢനങ്ങളും കഷ്ടതകളും അനുഭവിച്ചു എന്ന് വീമ്പിളക്കി അധികാരത്തിലെത്തിയവരും അതേ മുറകളും തന്ത്രങ്ങളും സമരങ്ങൾ അവസാനിപ്പിക്കാൻ തയ്യാറാക്കുന്ന കാലത്താണ് നമ്മളിന്ന്. തീർത്തും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾപോലും അവഗണിക്കുകയും മനുഷ്യത്വരഹിതമായി പ്രതിരോധിക്കുകയും ചെയ്യുന്ന സർക്കാരുകളുടെ മനോഭാവത്തിനും നീതിരഹിതമായ പ്രതികരണങ്ങൾക്കും നടപടികൾക്കും ധൈര്യം പകരുന്നത് ജനങ്ങളിലാകെ പടരുന്ന നിസംഗത മനോഭാവമാണ്. തങ്ങളെ നേരിട്ടു ബാധിക്കാത്തതൊന്നും തങ്ങളുടെ പരിഗണനാവിഷയങ്ങളല്ലെന്ന പുതിയ കാലത്തെ മനുഷ്യരുടെ ബോധം അപകടകരമായിത്തന്നെ ശക്തിപ്പെടുകയാണ്. ഇത്തരം സമരങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളെയും അവയ്ക്കു പിന്നിലെ ദുരിതങ്ങളും വേദനകളും നിരാകരിക്കുകയും തങ്ങൾക്ക് നിഷേധിക്കപ്പെടുന്ന സൗകര്യങ്ങളെക്കു



റിച്ച് വേവലാതിപ്പെടുകയും അസ്വസ്ഥപ്പെടുകയും ചെയ്യുന്ന സമൂഹിക ബോധം ഇന്ന് പടർന്ന ശക്തമാവുകയാണ്.

### അവഗണിക്കപ്പെടുന്ന ആശാ പ്രവർത്തകർ

ലോകത്തിനാകെ മാതൃകയായി ശക്തമായ പൊതുജന ആരോഗ്യ മാതൃകയായി ഉയർത്തിക്കാട്ടുന്ന കേരളത്തിലെ പൊതുജന ആരോഗ്യ സന്നദ്ധ പ്രവർത്തകർ ഇന്ന് തൊഴിലാളികളായി അംഗീകരിക്കപ്പെടുന്നതിന് ഭരണസിരാകേന്ദ്രത്തിനു മുന്നിലെ തെരുവിലാണ്. വനിതകൾ മാത്രമുള്ള അംഗീകൃത പൊതുജന ആരോഗ്യ പ്രവർത്തകർ (Social Health Activists)കേരളത്തിന്റെ പൊതുജന ആരോഗ്യപരിപാലനത്തിന് കരുത്ത് പകരുമ്പോഴും 'തൊഴിലാളികളായി' അംഗീകരിക്കപ്പെടാനും ന്യായമായ ശമ്പള വർദ്ധനവും വിരമിക്കൽ ആനുകൂല്യങ്ങളും ആവശ്യപ്പെട്ടാണ് മാസങ്ങളായി സമരം ചെയ്യുന്നത്.

പൊതുജനങ്ങൾക്ക് ആരോഗ്യ സംരക്ഷണം നല്കുന്നതിൽ അവരെത്തന്നെ പങ്കാളികളാക്കുന്ന ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമാണ് ആശാ പ്രവർത്തകർ. സ്ത്രീകളായ ഈ ആശാ പ്രവർത്തകർ ഗ്രാമങ്ങൾതോറും മുക്കിലും മൂലകളിലും കയറിച്ചെന്ന് രോഗങ്ങളെക്കുറിച്ചും രോഗികളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുകയും പൊതുവിവരശേഖരണ സംവിധാനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇതുകൂടാതെ മറ്റ് ചില പ്രവർത്തനങ്ങളും ഇവരെ ഏല്പിക്കുന്നു. പ്രതിമാസം 7,000 രൂപയാണ് ഓണറേറിയമായി നല്കുന്നത്. 3,000 രൂപ സ്ഥിരമായ പ്രോത്സാഹനവും നല്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനാണ് (KAHWA) ഈ സമരത്തിന് നേതൃത്വം നല്കുന്നത്. സമരം ചെയ്യുന്ന ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ ന്യായവും അടിസ്ഥാനപരവുമാണ്. ഇവരെ സന്നദ്ധ പ്രവർത്തകർ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവരെ തൊഴിലാളികൾ എന്ന പ്രഖ്യാപിത നിർവ്വചനത്തിൽ ഉൾപ്പെടുത്താതെ സന്നദ്ധ പ്രവർത്തകരായി വേർതിരിക്കുന്നത് രാജ്യത്തെ തൊഴിലാളികൾക്ക് നിയമംമൂലം പ്രദാനം ചെയ്യുന്ന അവകാശങ്ങൾ നിഷേധിക്കുന്നതിന് സൗകര്യമൊരുക്കുന്നു. രാജ്യത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലയിലെ അനൗപചാരികവല്ക്കരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും സാമ്പത്തികചൂഷണത്തിന് അവസരമൊരുക്കുകയും ചെയ്യുന്നു. പ്രതിമാസ പ്രതിഫലം 21 ,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ഇവർ ആവശ്യപ്പെടുന്നു, പ്രതിദിനം 700 രൂപ. കുടിയേറ്റത്തൊഴിലാളികൾക്ക് . കുറഞ്ഞ വേതനം പ്രതിദിനം 700 രൂപ എന്ന് നിഷ്കർഷിക്കുമ്പോൾ ആശാ പ്രവർത്തകർക്ക് വേതനം 7,000 രൂപയായി പരിമിതപ്പെടുത്തുന്നതിൽ ന്യായികരണമില്ല. ഇടതുമുന്നണിയുടെ പ്രകടനപത്രികയിലും സർക്കാർ അംഗീകരിച്ച തൊഴിൽനയത്തിലും ഉറപ്പു നല്കുന്ന കുറഞ്ഞ വേതനം അതായത് 21,000 രൂപ ഇവരുടെ കാര്യത്തിൽ അപ്രായോഗികമാവുന്നത് അന്യായം തന്നെയാണ്. അതുപോലെ ഇവരുടെ വിരമിക്കൽ പ്രായം 62 വയസ്സായി നിജപ്പെടുത്തുമ്പോഴും പെൻഷൻ ഉൾപ്പടെ യാതൊരുവിധത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങളും ഇവർക്കു നല്കുന്നില്ല.

ആശാ പ്രവർത്തകരുടെ സമരങ്ങളോട് സർക്കാരും സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയ പാർട്ടികളും അവരാൽ നിയന്ത്രിക്കപ്പെടുന്ന തൊഴിലാളി സംഘടനകളും മുഖംതിരിഞ്ഞ് നില്ക്കുന്നതിന്റെ കാരണം സാമാന്യബോധത്തിന് അപ്പുറത്താണ്. ഈക്കഴിഞ്ഞ ജൂലൈ 9 ന് കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ രാജ്യവ്യാപക പണിമുടക്ക് നടന്നിരുന്നു. കേന്ദ്ര സർക്കാർ പാർലമെൻറിൽ അംഗീകരിക്കുകയും ചട്ടങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ട് നടപ്പിൽ വരുത്താത്തതുമായ നാല് ലേബർ കോഡുകളും റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് ദേശീയ തലത്തിലെ പത്ത് പ്രധാന ട്രേഡ് യൂണിയനുകളുടെ പൊതു ഐക്യവേദി(CITU) യാണ് ഈ പൊതുപണിമുടക്കിന് ആഹ്വാനം ചെയ്തിരുന്നത്. രാജ്യത്തെ 25 കോടിയിലധികം വരുന്ന തൊഴിലാളികൾ ഈ സമരത്തിൽ പങ്കെടുത്തു എന്നാണ് തൊഴിലാളി യൂണിയനുകൾ അവകാശപ്പെടുന്നത്. 2020 നവംബർ 26 നും 2022 മാർച്ച് 28-29 തിയ്യതികളിലും ഇതേ ആവശ്യമുയർത്തി രാജ്യവ്യാപകമായി പണിമുടക്ക് നടത്തിയിരുന്നു. 2023 ഫെബ്രുവരി 16 നും ദേശീയ പണിമുടക്ക് നടന്നിരുന്നു.

ഒരു ദേശീയ അനുഷ്ഠാനം പോലെ ഇടയ്ക്കിടെ ദേശീയതലത്തിൽ പണിമുടക്കുകൾ അരങ്ങേറുമ്പോഴും കേന്ദ്രസർക്കാർ ഈ സമരങ്ങളെ അവഗണിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഭാരതീയ മസ്ദൂർ സംഘം(BMS) ഉൾപ്പടെ 213 ട്രേഡ് യൂണിയനുകൾ സമരത്തിൽ പങ്കെടുക്കുന്നില്ലെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം ദേശീയ പണിമുടക്കിന് തലേന്ന് പത്രക്കുറിപ്പ് പുറത്തിറക്കിയിരുന്നു.

ഒരു നൂറ്റാണ്ട് കാലത്തെ പഴക്കമുണ്ട് രാജ്യത്തെ ട്രേഡ് യൂണിയൻ സംഘാടന ചരിത്രത്തിന്. പക്ഷെ, രാജ്യത്തെ പ്രബല ട്രേഡ് യൂണിയനുകൾ അടുത്ത കാലംവരെ സംഘടിത തൊഴിൽ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അസംഘടിത തൊഴിൽ മേഖലയെ അവഗണിക്കുകയുമായിരുന്നു. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ കേവലം 7% മാത്രമാണ് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത്. അതുകൊണ്ടുതന്നെ സംഘടിത തൊഴിൽമേഖലയിൽ ശക്തി കേന്ദ്രീകരിക്കുന്ന ട്രേഡ് യൂണിയനുകളെ കേന്ദ്രസർക്കാർ അവഗണിക്കാൻ തയ്യാറാകുന്നു. ഇന്ത്യയിലെ ട്രേഡ് യൂണിയനുകൾ യഥാർത്ഥത്തിൽ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നില്ല എന്നതാണ് സർക്കാരിന്റെ വാദം.


ഇന്നത്തെ സാഹചര്യങ്ങളിൽ മാധ്യമങ്ങളുടെ സ്വാധീനം ശക്തവും പ്രകടവുമാണ്. സാമൂഹികബോധം നിർമ്മിക്കുന്നതിലും പൊതുധാരണ രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾ പ്രധാന പങ്കാളിയാണ്. പ്രത്യേകിച്ച് നവസാമൂഹ്യമാധ്യമങ്ങൾ. ഇത്തരം മാധ്യമങ്ങളെ സ്വാധീനിക്കാനും ആ ദിശയിലേക്ക് നയിക്കാനുംകഴിയുന്ന സാഹചര്യമാണ് ഇന്ന് നിലനില്ക്കുന്നത്. ഇവയെ വിലയ്ക്കെടുക്കാനും തങ്ങളുടെ ഇഷ്ടാനുസരണം ഉള്ളടക്കം രൂപപ്പെടുത്തി വ്യാപിപ്പിക്കാനും ഈ നവമാധ്യമലോകത്ത് സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിൽ നീതിക്കായി നടക്കുന്ന സമരങ്ങൾ പരിമിതമായ ശ്രദ്ധയ്ക്കപ്പുറം പ്രചരിപ്പിക്കപ്പെടാനും ഒരു പൊതുബോധം സൃഷ്ടിക്കാനും പരാജയപ്പെടുന്നു. മറുവശത്ത് ഇത്തരം സമരങ്ങളെ അപ്രസക്തമാക്കുന്നവിധം ഈ സമരങ്ങൾ സ്വഭാവികമായി സൃഷ്ടിക്കുന്ന അസൗകര്യങ്ങളെ പെരുപ്പിച്ച് പ്രചരിപ്പിക്കാൻ ബോധപൂർവമായ ശ്രമങ്ങളും നടക്കുന്നു. അതുകൊണ്ടുതന്നെ ഈ ജനകീയ സമരങ്ങൾ ഉയർത്തുന്ന ജീവൽപ്രശ്നങ്ങൾ മറയ്ക്കപ്പെടുകയും സാമൂഹിക വിചിന്തനം അസാധ്യമാക്കുകയും ചെയ്യും. പൊതുശ്രദ്ധയിൽനിന്നും അകന്നുപോകുന്ന ഈ മുന്നേറ്റങ്ങളെ അധികാരത്തിന്റെ ബലത്തിലും ഗർവ്വിലും അനായസം ദുർബലപ്പെടുത്താനും അവസാനിപ്പിക്കാനും ഭരണകൂടങ്ങൾക്ക് കഴിയുന്നു.

### അസംഘടിത മേഖലയിലെ തൊഴിലാളികൾ സംഘടിപ്പിക്കപ്പെടണം

രാജ്യത്തെ അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾ രാഷ്ട്രീയത്തിന് അതീതമായി സംഘടിപ്പിക്കപ്പെടുകയും ഏകോപിപ്പിക്കപ്പെടുകയും വേണം. മുഖ്യധാര തൊഴിലാളി പ്രസ്ഥാനങ്ങൾ ഇപ്പോഴും സംഘടിത മേഖലയിൽതന്നെ ശ്രദ്ധ കേന്ദ്രീകരിക്കുയാണ്. ജൂലൈ 9 ന് നടന്ന ദേശീയ പണിമുടക്കിൽ ആശാവർക്കർമാരുടെ പ്രശ്നങ്ങൾ ചർച്ചയാകണമെന്ന നിർദ്ദേശത്തോട് പ്രധാന ട്രേഡ് യൂണിയനുകൾ വിമുഖത പ്രകടിപ്പിക്കുകയാണ് ചെയ്തത്. പരമ്പരാഗത രീതിയിലും ശൈലിയിലും തൊഴിലാളി സംഘടനാ പ്രവർത്തനങ്ങളെ ഇനിയും മുന്നോട്ടുകൊണ്ടുപോകാനാവില്ല. നവീനമായ വൈജ്ഞാനിക സാങ്കേതിക സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനാവണം. തൊഴിൽമേഖലയിൽ വന്നുഭവിക്കുന്ന നവചലനങ്ങൾക്കനുസൃതമായി തൊഴിലാളി സംഘാടനത്തിലും മാറ്റങ്ങൾ സംഭവിക്കണം. തൊഴിൽദായകൻതന്നെ അദൃശ്യനാവുകയും തൊഴിൽ ബന്ധങ്ങൾതന്നെ വൈജ്ഞാനിക സാങ്കേതികതിയിൽ ക്രമീകരിക്കപ്പെടുകയും ചെയ്യുമ്പോൾ തൊഴിൽനിയമങ്ങൾപോലും അപ്രസക്തമാവുകയാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന വിധത്തിൽ നിയമങ്ങൾ രൂപപ്പെടണം. ●




ചരിത്രപഥം



ഇഗ്നേഷ്യസ് തോമസ്

# തൈക്കാട് ഇടവക സുവർണ്ണ ജൂബിലി നിറവിൽ

## 2

1888-ൽ വേദനായകം സമുദായംഗങ്ങൾക്കായി ചില ചട്ടങ്ങൾക്ക് രൂപം നല്കി. ഇതനുസരിച്ച് ഓരോ തലമുറയിലെയും മൂത്ത ആൺമക്കളെ ധർമ്മം മുതലായവ നിർവ്വഹിക്കാൻ ധർമ്മകർത്താക്കളായി നിയോഗിക്കാൻ നിർദ്ദേശിക്കപ്പെട്ടു. ഈ ചുമതല നിർവ്വഹിക്കാൻ ചാലയിൽ ഒരു കച്ചവട സ്ഥാപനവും ആരംഭിച്ചു. ആദ്യത്തെ ധർമ്മകർത്താവായി മൂത്തമകൻ വി.വൈദ്യനാഥനാശാരിയെ ചുമതലപ്പെടുത്തി. 1978 ൽ ധർമ്മകർത്താവായിരുന്ന സെബാസ്റ്റ്യൻ വൈദ്യനാഥൻ ജനുവരി 20-ാം തീയതി പള്ളിയും സെമിത്തേരിയും ഉൾപ്പെട്ട 16 1/2 സെൻറ് വസ്തുവും ചാലയിലുണ്ടായിരുന്ന കടയുടെ 16 1/3 അവകാശവും ഇടവകയ്ക്കുവേണ്ടി വികാരിയായിരുന്ന ഫാദർ സൂസപാക്യത്തിന്റെ പേരിൽ എഴുതിക്കൊടുത്തു. കൂടാതെ, സമുദായാംഗങ്ങളെ സംസ്കരിച്ചുവന്ന സെമിത്തേരിയിലെ 10.330 സെൻറ് വസ്തുവും ചാലയിലെ കടയുടെ 1/3 ഭാഗവും സമുദായത്തിനും എഴുതിക്കൊടുത്തു. തുടർന്ന് വി.വൈദ്യനാഥൻ പള്ളിയുടെ ആദ്യത്തെ കപ്യാരായി നിയുക്തനായി. തൈക്കാട് പ്രവർത്തിച്ചുവന്ന ഡിസ്പെൻസറിയിലേയ്ക്ക് തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ പിതാവിനോട് അഭ്യർത്ഥിച്ച പ്രകാരം സ്വിറ്റ്സർലണ്ടിൽ നിന്ന് ഹോളിക്രോസ് സന്യാസിനികൾ എത്തിച്ചേരുകയും 1906 ൽ ജനറൽ ആശുപത്രിയിലും 1914-ൽ തൈക്കാട് ആശുപത്രിയിലും രോഗീപരിചരണത്തിന് നിയുക്തരാവുകയും ചെയ്തു. സന്യാസിനികൾക്ക് താമസിക്കാൻ ദൈവാലയത്തിന്റെ കിഴക്ക് ഭാഗത്ത് മഹാരാജാവിന്റെ ചെലവിൽ ഹോളിക്രോസ് മഠം സ്ഥാപിച്ചു. കൂടാതെ, മഹാരാജാവിന്റെ



സഹായത്തോടെ 1916 ൽ ദൈവാലയം വികസിപ്പിക്കുകയും അവിടെ സ്ഥാപിച്ചിരുന്ന പരലോക മാതാവിന്റെ പഴയ തിരുസ്വരൂപം മാറ്റി ഹോളിക്രോസ് സന്യാസിനികൾ ബെൽജിയത്തുനിന്നും കൊണ്ടുവന്ന സ്വരൂപം പ്രതിഷ്ഠിക്കുകയും ചെയ്തു. പഴയ സ്വരൂപം ആലപ്പുഴ തത്തം പള്ളി അമലോത്ഭവമാതാ മഠത്തിന് നൽകപ്പെട്ടു. 1916 സെപ്റ്റംബർ 14-ാം തീയതി പുതിയ ദൈവാലയം പാളയം പള്ളി വികാരി ഫാ. വിൻസൻറ് ഒ.സി.ഡി. ആശീർവദിച്ച് ദൈവജനത്തിന് ആരാധനയ്ക്കായി സമർപ്പിച്ചു.

വിശ്വാസ വളർച്ചയുടെ പടവുകൾ കയറുമ്പോൾ കമ്മാള സമുദായത്തിൽ നിന്ന ആദ്യമായി വൈദികവൃത്തി സ്വീകരിച്ച വൈദികനായിരുന്ന ഫാ. ജി. വി.അലോഷ്യസ്. വേദനായകം ആശാരിയുടെ മൂത്തമകൾ സിസ്റ്റർ ഗബ്രിയേൽ വേദനായകം ഹോളിക്രോസ് സന്യാസിനിയായി 1929 ൽ ജനുവരി 19-ാം തീയതി കൊല്ലം തുയംപള്ളിയിൽ അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ നിത്യവ്രത വാഗ്ദാനം നടത്തി. പാങ്ങോട് കാർമ്മൽഹിൽ ആശ്രമത്തിൽ 1953 ഒക്ടോബർ 22-ാം തീയതി തുടക്കംകുറിച്ച കർമ്മലമാതാ മരിയ സൈന്യത്തിന്റെ പ്രസിദീയം 1957 ൽ തൈക്കാട് പരലോക മാതാ ദൈവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ബ്രദർ പൈങ്ക്രാസ്, ബ്രദർ മണി, ബ്രദർ ഫ്രാൻസീസ് സേവ്യർരാജ് എന്നിവരായിരുന്നു മരിയസഖ്യത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നവർ. ഈ പ്രദേശത്ത് വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ പാളയം ഇടവകയുടെ ഉപ ഇടവകയായിരുന്ന തൈക്കാടിനെ അഭിവന്ദ്യ പീറ്റർ ബർണാഡ് പെരേര 1975 ജൂൺ 8-ാം തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി. അന്നു വൈകുന്നേരം 5 മണിക്ക് നടന്ന ദിവ്യബലി മദ്ധ്യേ പാളയം ഇടവക വികാരി ഫാ. അൽഫോൺസ് തൈക്കാട് ഇടവക സ്ഥാപിതമായതായി പ്രഖ്യാപിച്ചു. സെൻറ് ആൻറണീസ് ചർച്ച്, പൂഴിക്കുന്ന്, സെൻറ് ജൂഡ് ചർച്ച് കിള്ളിപ്പാലം എന്നീ ദൈവാലയങ്ങൾ തൈക്കാട് ഇടവകയുടെ ഉപ ഇടവകകളാകുകയും ചെയ്തു. ഈ ഇടവകയുടെ പ്രഥമ ഇടവക വികാരിയായി ഫാ. ജോർജ്ജ് പോൾ നിയമിതനായി. തുടർന്ന് 1977 നവംബർ 13-ാം തീയതി ഫാ. സൂസപാക്യം (എമരിത്തൂസ് ആർച്ച് ബിഷപ്പ്) തൈക്കാട് ഇടവക വികാരിയായി.

1978-ൽ ദൈവാലയത്തിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് പുതിയ പള്ളി നവീകരിക്കുവാൻ തീരുമാനിക്കുകയും ഇടവകയിലെ പ്രായം കൂടിയ രാജമ്മാൾ മുത്തശ്ശി നവീകരണ നിർമ്മാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. പള്ളി നിർമ്മാണത്തിന് സ്വീഡനിൽ നിന്നുള്ള ഒരു വനിത ഉൾപ്പെടെ ഉദാരമതികളായ ധാരാളം പേർ അകമഴിഞ്ഞ് സഹായിച്ചു. സെബാസ്റ്റ്യൻ വൈദ്യനാഥൻ, ശില്പി അടൈക്കലം, സിറിൽ വേദനായകം എന്നിവരാണ് പള്ളിയുടെ രൂപകല്പന നിർവ്വഹിച്ചത്. 1979 മാർച്ചിൽ ദൈവാലയ നിർമ്മാണം പൂർത്തിയാക്കുകയും രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ. മാർക്ക് നെറ്റോ ദൈവാലയം ആശീർവദിച്ച് ദൈവജനത്തിന് സമർപ്പിക്കുകയും ചെയ്തു. 1979 മുതൽ 1994 വരെ ഫാ. മോഹൻ സി. ലിയോൺസ് ദീർഘകാലം ഇടവക വികാരിയായി സേവനമനുഷ്ഠിച്ചു.


1990-ൽ അടിസ്ഥാന ക്രൈസ്തവ യൂണിറ്റുകൾ ഇടവകയിൽ രൂപീകരിക്കപ്പെട്ടതോടെ ഇടവകയെ 4 യൂണിറ്റുകളായി തിരിച്ച് വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങൾക്കായി ഭാരവാഹികളെ തെരഞ്ഞെടുക്കുകയും, ഇടവക അജപാലന സമിതി രൂപപ്പെടുത്തുകയും ചെയ്തു. ഇടവകയുടെ അജപാലന പ്രവർത്തനങ്ങളും, വിശ്വാസ രൂപീകരണ പ്രവർത്തനങ്ങളും ആത്മീയ വളർച്ചയും ശക്തിപ്പെട്ടു. ഫാ. റൈമണ്ട് ജോയി, ബി.സി.സി.കളുടെയും വിവിധ ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സമർത്ഥമായ നേതൃത്വം നല്കി. ഫാ. റൈമണ്ട് ജോയിയുടെ അകാലനിര്യാണം വിശ്വാസി സമൂഹത്തെ ദുഃഖത്തിലാഴ്ത്തി. ഫാ. പൗലോസ് വാഴക്കാല ഒ.സി.ഡി. ഇടവകയുടെ 22-ാം വാർഷിക ദിനത്തിൽ ദൈവാലയത്തിന്റെ കിഴക്ക് ഭാഗത്ത് വ്യാകുല മാതാവിന്റെ കുരിശ്ശടി നിർമ്മിക്കുകയും അഭിവന്ദ്യ സൂസപാക്യം പിതാവ് ആശിർവാദ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് 1999 ൽ അൾത്താര നവീകരിച്ച് 1999 ആഗസ്റ്റ് 6-ാം തീയതി പ്രതിഷ്ഠിച്ചു. 2001 ൽ ഇടവകയുടെ അജപാലന വിശ്വാസ പരിശീലന ആവശ്യങ്ങൾക്കും, ഇടവക ജനങ്ങൾക്ക് ഒത്തുകൂടാനുമായി പള്ളിയുടെ മുകളിൽ ഒരു കമ്മ്യൂണിറ്റി ഹാൾ 2001 നിർമ്മിക്കുകയും ഒരു ലൈബ്രറി ആരംഭിക്കുകയുമുണ്ടായി.

ഫാ. ജെയിംസ് കലാസ് കുടുംബയൂണിറ്റുകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നേതൃത്വം നല്കി. വിവിധ ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളെ സജീവമാക്കി. തപസ്സുകാലത്ത് സാധുജന സംരക്ഷണത്തിനായി ധനസമാഹരണം നടത്തി നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹം, രോഗീസഹായം എന്നിവ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ഫാ. ജോർജ്ജ് ഗോമസ് സാമൂഹ്യ, അജപാലന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കി മുന്നോട്ടു കൊണ്ടുപോയി. സ്വയം സഹായ സംഘങ്ങൾ റ്റി.എസ്.എസ്.എസിന്റെ കീഴിൽ ആരംഭിച്ചു. സാമ്പത്തിക പരാധീനത അനുഭവിച്ചിരുന്ന കുടുംബങ്ങളുടെ പുരോഗതിക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ചു. കഴിഞ്ഞ അമ്പത് വർഷത്തിനുള്ളിൽ ഇടവകയിൽ നിർദ്ധനരായവർക്ക് പൂർണ്ണമായോ ഭാഗികമായോ 15 വീടുകൾ നിർമ്മിച്ചു നൽകുകയുണ്ടായി. യുവജന സംഘടനയായ കെ.സി.വൈ.എം. കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 5 ദശകങ്ങളായി നടത്തിവരുന്നത്.

ഫാ. ജോർജ്ജ് പോൾ, ഫാ. സൂസപാക്യം എം, ഫാ. മോഹൻ സി. ലിയോൺസ്, ഫാ. റൈമണ്ട് ജോയ്, ഫാ. പൗലോസ് വാഴക്കാല ഒ.സി.ഡി., ഫാ. മാത്യു തെക്കേൽ, ഫാ. ജെയിംസ് കലാസ്, ഫാ. ജോർജ്ജ് ഗോമസ്, ഫാ. ജെറോം നെറ്റോ, ഫാ. സ്റ്റാൻസിലാവൂസ് തീസ്മാസ്, ഫാ. പങ്ക്രേഷ്യസ്, ഫാ. ശാന്തപ്പൻ, ഫാ. വിങ്സ്റ്റൺ, ഫാ. സജ്ജു റോളുദൻ എന്നീ വൈദികർ വിവിധ കാലയളവുകളിൽ ഇടവകവികാരിമാരായി സേവനമനുഷ്ഠിക്കുകയുണ്ടായി.

ഫാ. വിങ്സ്റ്റൺ ഇടവക വികാരിയായി സേവനം ചെയ്യുന്ന വേളയിൽ പുതിയ ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് 2010 ഡിസംബർ 19 ന് ആരംഭംകുറിച്ചു. വിശാലമായ ദൈവാലയം, ആഡിറ്റോറിയം, ദിവ്യകാരുണ്യ ആരാധനാലയം കാർപാർക്കിംഗ് ഉൾപ്പെടെ ഇടവക ജനങ്ങളുടെ ആദ്ധ്യാത്മിക ഉന്നതിക്കും സാമൂഹിക സാംസ്കാരിക അഭിവൃദ്ധിക്കും ഉതകുന്ന മനോഹരമായ ദൈവാലയം ഇടവക ജനങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും അതിരൂപതയുടെയും ഉദാരമായ സഹായത്താൽ പൂർത്തീകരിച്ചു. അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് 2022 ഡിസംബർ 18 ന് പുതിയ ദൈവാലയത്തിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു. ഇപ്പോൾ ഈ ഇടവക സമൂഹത്തിന്റെ ഇടയനായി ഫാ. സജ്ജു റോളുദൻ പ്രവർത്തിക്കുന്നു. ഇടവക വികാരിയോടൊപ്പം ഇടവക അജപാലന സമിതിയും വിവിധ ശുശ്രൂഷാ സമിതികളും ഇടവക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടുപോകുന്നു. ●

ലേഖനം



ഡോ. ചാൾസ് ഡയസ്

# ജാതി സെൻസസ് പ്രഖ്യാപനം



**കാലാകാലങ്ങളായി ചൂഷണത്തിന് വിധേയരായി അടിച്ചമർത്തപ്പെട്ട് ദാസ്യവേല ചെയ്യുവാൻ നിർബന്ധിതരായ ഹതഭാഗ്യരായ ഇന്ത്യാരാജ്യത്തെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക ജനവിഭാഗങ്ങൾ അധികാരത്തിന്റെ വരാന്തകളിൽനിന്നും അകറ്റിനിർത്തപ്പെട്ടു കഴിയുന്നവരാണ് എന്ന വസ്തുത കണക്കിലെടുക്കേണ്ടതുണ്ട്. അവരുടെ ശരിയായ ജനസംഖ്യാ കണക്കെടുക്കാതെ അവർക്ക് എങ്ങനെ സംവരണം കൊടുത്തുകൊണ്ട് ഉയർത്തിക്കൊണ്ടു വരുവാൻ കഴിയും?**

ഇന്ത്യയിൽ ഏറെ നാളായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് ജാതി സെൻസസ്. 500ലധികം നാട്ടുരാജ്യങ്ങളായി ചിന്നിച്ചിതറിക്കിടന്ന ഒരു പ്രദേശത്തെ ഇന്ത്യ എന്ന ഒറ്റ രാജ്യമാക്കി അടിച്ചമർത്തി ചൂഷണം ചെയ്തു ഭരിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷുകാർ പക്ഷേ, 1881 മുതൽ ഇന്ത്യാരാജ്യത്ത് ജനങ്ങളുടെ കണക്കെടുക്കുകയും അവരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കുവാൻ സെൻസസ് എന്ന പ്രക്രിയ നടത്തിവരികയും ചെയ്തിരുന്നു. 1931 വരെ ബ്രിട്ടീഷുകാർ ഈ സെൻസസ് ഓരോ കാലഘട്ടത്തിലും നടത്തിയിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ 1951 മുതൽ സെൻസെസ് നടത്തിവരുന്നു. 1961ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളെ അവരുടെ

അതാത് സ്ഥലങ്ങളിൽ ജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാനും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ (OBC) കണക്കുകൾ ശേഖരിക്കുവാനും സർവ്വേ നടത്തുന്നതിന് അനുവാദം കൊടുത്തു.

1931 ലെ സെൻസസ് പ്രകാരം 4147 ജാതികൾ ഇന്ത്യയിൽ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1170 പട്ടികജാതി വിഭാഗക്കാരും, 850 പട്ടികവർഗ്ഗ വിഭാഗക്കാരും ഇന്ത്യയിൽ ഉണ്ടെന്നായിരുന്നു കണക്ക്. നരവംശ ശാസ്ത്ര പഠനങ്ങൾ കാണിക്കുന്നത് 4635 സമുദായങ്ങളും അതോടൊപ്പം അനവധി ഉപ സമുദായങ്ങളും ഇന്ത്യയിൽ ഉണ്ട് എന്നാണ്. പട്ടികജാതിക്കാർ 16.6%, പട്ടികവർഗ്ഗക്കാർ 8.6%, മറ്റു പിന്നോക്ക വിഭാഗക്കാർ 41% എന്നതാണ് ഒരു ഏകദേശ കണക്ക്.



2011 ലെ സെൻസസ് വിവരങ്ങൾ ഗവൺമെന്റ് പുറത്തുവിട്ടത് 2015 നു ശേഷം ആയിരുന്നു. ഇതിൽതന്നെ വളരെ വിവാദപരമായ കണക്കുകളും ഉണ്ടായിരുന്നു. 2011ലെ സെൻസസ് വിവരങ്ങൾ 2014 ൽ അധികാരമേറ്റ ബിജെപി ഗവൺമെന്റ് അവരുടെ സൗകര്യംപോലെ ദുരുപയോഗിച്ചു എന്ന് ആരോപണം ഉണ്ടായി. ഒരു ജാതി സെൻസസ് അല്ലാതിരുന്നിട്ടുകൂടി ലോക്സഭയിലെയും നിയമസഭകളിലെയും ആംഗ്ലോ ഇന്ത്യൻ സംവരണങ്ങൾ നിർത്തലാക്കുവാൻ 2019 ൽ അന്നത്തെ ഗവൺമെന്റ്, 2011 ലെ സെൻസസ് പ്രകാരം ഈ സമുദായത്തിന് വെറും 296 അംഗങ്ങളേ ഉള്ളൂ എന്നതായിരുന്നു പാർലമെന്റിൽ പറഞ്ഞ ന്യായീകരണം. മാത്രമല്ല ഇവർ സാമ്പത്തികമായി മെച്ചപ്പെട്ടു എന്നും ഈ സംവരണങ്ങൾ നിഷേധിക്കുവാൻ കാരണമായി അന്നത്തെ കേന്ദ്ര നിയമമന്ത്രി പറഞ്ഞു. ഇത് പാർലമെന്റിൽ ചോദ്യം ചെയ്യപ്പെട്ടു. ഇന്ത്യയിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ജനസംഖ്യ മൂന്നു ലക്ഷത്തിലധികം ആണെന്നിരിക്കെ അവർക്ക് പാർലമെന്റിലും ഏതാനും നിയമസഭകളിലും ഉണ്ടായിരുന്ന നാമനിർദ്ദേശംവഴിയുള്ള പ്രാതിനിധ്യം അന്യായമായി നിഷേധിക്കപ്പെട്ടു. ഒപ്പം, അന്നത്തെ നിയമമന്ത്രി ഈ വാദഗതിയെ മുറുകെപ്പിടിച്ചുകൊണ്ട് ആംഗ്ലോ ഇന്ത്യൻ സംവരണങ്ങൾ നിഷേധിച്ചു. എന്നാൽ മറാട്ട സംവരണ വിഷയത്തിൽ സുപ്രീംകോടതിയിൽ കേന്ദ്ര ഗവൺമെന്റ് എടുത്ത നിലപാട് വിചിത്രമായിരുന്നു. 2011ലെ ജനസംഖ്യാകണക്ക്, തെറ്റുകൾ നിറഞ്ഞതായിരുന്നു എന്നും സംവരണ വിഷയത്തിൽ ഈ സെൻസസ് കണക്കുകൾ കണക്കിലെടുക്കുവാൻ പാടില്ല എന്നുമായിരുന്നു ഈ ഇരട്ടത്താപ്പ് ന്യായീകരണം. ഈ വിചിത്ര വാദഗതികൾ കോടതികളിലും ചോദ്യം ചെയ്യപ്പെട്ടു.

2011ലെ സെൻസസിനു ശേഷം 2021ൽ ഒരു സെൻസസ് ഇന്ത്യാരാജ്യത്ത് നടക്കേണ്ടതായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് കോവിഡ് മഹാമാരിയുടെ പേരുപറഞ്ഞ് സെൻസസ് നീട്ടിക്കൊണ്ട് പോയി. ഇതോടൊപ്പം കോൺഗ്രസ് പാർട്ടിയും സഖ്യകക്ഷികളും ഇനി രാജ്യത്ത് വേണ്ടത് അർഹരായ പിന്നോക്ക സമുദായങ്ങൾക്ക് സമൂലമായ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആദ്യം ചെയ്യേണ്ടത് ജാതി സെൻസസ് ആണ് എന്ന നിലപാട് സ്വീകരിച്ചു.



ബിജെപിയും സഖ്യകക്ഷികളും ഇതിനെ തുടരെത്തുടരെ എതിർത്തു പോന്നു. ആർഎസ്എസ് ഒരു പടികൂടി മുന്നോട്ടു കടന്ന് ജാതി സെൻസസ് ജനങ്ങളെ ഭിന്നിപ്പിക്കുമെന്നും അതുകൊണ്ട് അതിന്റെ ആവശ്യമില്ല എന്നും തർക്കിച്ചു. പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ക്യാബിനറ്റിലെ ഏതാനും മന്ത്രിമാരും ജാതി സെൻസസ് ഒരു കാരണവശാലും ഇന്ത്യയിൽ നടപ്പിലാക്കില്ലെന്ന് വാദിച്ചുപോന്നു. വാസ്തവത്തിൽ ഈ നിലപാടിനുപിന്നിൽ ഇന്ത്യയിലെ ബ്രാഹ്മണരും മറ്റു പ്രമുഖ സമുദായങ്ങളുമായായിരുന്നു. സ്ഥിതിവിവരക്കണക്കുകൾവച്ചു നോക്കിയാൽ ഇന്ത്യാരാജ്യത്തെ ഉന്നത ഉദ്യോഗങ്ങളും, സുപ്രീംകോടതിയിലെ ഭൂരിഭാഗം ജഡ്ജിമാരും, കേന്ദ്ര മന്ത്രിസഭയിലെ നല്ലൊരു ശതമാനം അംഗങ്ങളും ബ്രാഹ്മണരോ അല്ലെങ്കിൽ മറ്റു മുന്നോക്ക സമുദായങ്ങളോ ആണെന്ന് കാണുവാൻ കഴിയും. മാത്രമല്ല ഐഎഎസ്, ഐഎഫ്എസ്, ഐആർഎസ് കേഡറിലെ ഭൂരിഭാഗംപേരും കേന്ദ്ര ഗവൺമെന്റിലെ നല്ലൊരു വിഭാഗം സെക്രട്ടറിമാരും ഉന്നത ഉദ്യോഗസ്ഥരും ഇപ്പറഞ്ഞ 20 ശതമാനത്തിൽതാഴെ മാത്രമുള്ള ഉന്നത സമുദായ അംഗങ്ങളാണ്.

കാലാകാലങ്ങളായി ചൂഷണത്തിന് വിധേയരായി അടിച്ചമർത്തപ്പെട്ട് ദാസ്യവേല ചെയ്യുവാൻ നിർബന്ധിതരായ ഹതഭാഗ്യരായ ഇന്ത്യാരാജ്യത്തെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക ജനവിഭാഗങ്ങൾ അധികാരത്തിന്റെ വരാന്തകളിൽനിന്നും അകറ്റിനിർത്തപ്പെട്ടു കഴിയുന്നവരാണ് എന്ന വസ്തുത കണക്കി

ലെടുക്കേണ്ടതുണ്ട്. അവരുടെ ശരിയായ ജനസംഖ്യാ കണക്കെടുക്കാതെ അവർക്ക് എങ്ങനെ സംവരണം കൊടുത്തു കൊണ്ട് ഉയർത്തിക്കൊണ്ടു വരുവാൻ കഴിയും? ഗവൺമെന്റും, കോടതികളും ചോദിച്ചു കൊണ്ടിരുന്നത് എന്തടിസ്ഥാനത്തിൽ ഇവർക്ക് സംവരണം ഉൾപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കുവാൻ കഴിയും എന്നാണ്. അപ്പോൾ, ജനസംഖ്യാ കണക്ക് ഇല്ലെന്നു പറയുന്നതാണ് പ്രായോഗിക തന്ത്രം എന്ന് കേന്ദ്രം ഭരിക്കുന്ന ബിജെപിയും അവരെ നിയന്ത്രിക്കുന്ന മുന്നോക്ക സമുദായ ലോബിയും നിലപാടെടുത്തു. ഈയടുത്ത കാലംവരെ അവർ ഈ നിലപാട് തുടർന്നു.

പെട്ടെന്ന് ഒരു ദിവസം 2025 ഏപ്രിൽ മുപ്പതാം തീയതി കേന്ദ്രസർക്കാർ ജാതി സെൻസസ് നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചു. എന്താണ് പെട്ടെന്ന് ഈ നിലപാട് മാറ്റത്തിന് കാരണം? താമസിയാതെ നടത്തേണ്ട ബീഹാർ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് കേന്ദ്രത്തിലെ ബിജെപി സർക്കാരിന് ഒരു വെല്ലുവിളിയായി ഉയർന്നു വന്നതാണ് കാരണം. ബീഹാറിൽ നിതീഷ് കുമാർ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തിയിരുന്നു. പിന്നോക്ക സമുദായങ്ങൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുവാൻ ഈ സർവ്വേ ഉപയോഗിക്കണമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, ജാതി സെൻസസിന് എതിരായ നിലപാട് തുടരുന്ന കേന്ദ്രസർക്കാർ ബീഹാറിലെ ജനങ്ങളുടെ അടുത്ത തിരഞ്ഞെടുപ്പിലെ അവരുടെ ഹിതം വെളിപ്പെടുത്തുമ്പോൾ എന്തു സംഭവിക്കും എന്ന കാര്യത്തിൽ ആശങ്കാകുലരായി. പാർലമെന്റിൽ ഹൈബി ഈഡൻ എംപി ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് കേന്ദ്രസർക്കാരിന്റെ നിലനിൽപ്പ് ബീഹാറും ആന്ധ്രയും എന്ന രണ്ടു വെന്റിലേറ്ററിന്റെ സഹായത്താൽ ആണെന്നത് ഒരു വസ്തുതയായിരിക്കേ, ബീഹാറിലെ വോട്ടർമാരെ സ്വാധീനിക്കുവാൻ ജാതി സെൻസസ് എന്ന തന്ത്രം പ്രഖ്യാപിക്കുവാൻ നിർബന്ധിതമായി. എന്നാൽ ബിജെപിക്കും ആർഎസ്എസിനും ഈ ജാതി സെൻസസ് എന്ന വിഷയത്തിൽ ഒട്ടും തന്നെ ആത്മാർത്ഥതയില്ല. ഏതാനും മാസങ്ങൾക്കുമുമ്പുവരെ ജാതി സെൻസസിനെ എതിർത്തിരുന്നവർ ഇപ്പോൾ ജാതി സെൻസസ് പ്രഖ്യാപിച്ചത് ജനങ്ങളെ കബളിപ്പിക്കാൻ ആണെന്നത് പകൽപോലെ വ്യക്തം. ഇതിന് ഏറ്റവും നല്ല ഉദാഹരണം ഈ ജാതി സെൻസസ് 2027 ൽ മാത്രമേ നടപ്പിലാക്കു എന്നതാണ്. മാത്രമല്ല, സെൻസസ് സംബന്ധമായ രേഖകളിൽ പിന്നോക്ക സമുദായ അംഗങ്ങളെയും, പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ സമുദായ അംഗങ്ങളെയും എങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തും എന്നതിനെ സംബന്ധിച്ചും ഇതുവരെ വ്യക്തത വരുത്തിയിട്ടില്ല. 2021ൽ നടത്തേണ്ട സെൻസസ് 2027 ൽ നടത്തും എന്നുമാത്രം പ്രഖ്യാപിച്ച് ജനങ്ങളെ കബളിപ്പിക്കുന്ന കേന്ദ്രസർക്കാർ ഈ സമുദായങ്ങളോട് കടുത്ത അനീതി കാണിക്കുന്നതിനു പുറമേ തികച്ചും വഞ്ചനാപരമായ ഒരു സമീപനമാണ് നടത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ ന്യൂനപക്ഷ, പിന്നോക്ക സമുദായങ്ങൾക്ക് നീക്കിവച്ചുകൊണ്ടിരുന്ന ബഡ്ജറ്റ് വിഹിതങ്ങൾ ഗണ്യമായി വെട്ടിക്കുറച്ചു എന്ന് മാത്രമല്ല ന്യൂനപക്ഷ മന്ത്രാലയത്തെതന്നെ തകർക്കുവാനുള്ള എല്ലാ ഗൂഢ നടപടികളും ചെയ്തുവച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഓഫ് മൈനോറിറ്റീസിന്(N.C.M) ഇപ്പോൾ ചെയർമാനോ അംഗങ്ങളോ ഇല്ലാതായി പ്രവർത്തനരഹിതമായിക്കഴിഞ്ഞു. ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന മിക്കവാറും ഗവൺമെന്റ് സംവിധാനങ്ങൾ ഉദ്യോഗസ്ഥർ ഇല്ലാതെ, ബഡ്ജറ്റ് വിഹിതമില്ലാതെ പ്രവർത്തനരഹിതമായിരിക്കുന്നു. ഈ അവസ്ഥയിൽ ജാതി സെൻസസ് നടത്തുമെന്നും അതനുസരിച്ച് പിന്നോക്ക സമുദായ അംഗങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതക്കണക്കനുസരിച്ചുള്ള വിദ്യാഭ്യാസ, ജോലി സംവരണവും മറ്റ് സഹായങ്ങളും കേന്ദ്രസർക്കാർ അനുവദിക്കും എന്ന് പ്രതീക്ഷിക്കുവാൻ പറ്റുമോ? കാത്തിരുന്നു കാണാം. ●



2025-ലെ കേരളത്തിലെ മികച്ച
കൗൺസിലറിനുള്ള എം. പി. പപ്പൻ
അവാർഡ് നേടിയ തിരുവനന്തപുരം
നഗരസഭ കുന്നുകുഴി വാർഡ്
കൗൺസിലർ ശ്രീമതി മേരി
പുഷ്പത്തിനു പാളയം ഫെറോന
അൽമായ കമ്മീഷന്റെ നേതൃത്വത്തിൽ
ബിഷപ് ക്രിസ്തുദാസ് ആദരിച്ചു.
അഭിനന്ദനങ്ങൾ


ശ്രീ. ഗ്ലേവിയസ് റ്റി.
അലക്സാണ്ടറിന്റെ ഇംഗ്ലീഷ്
കവിത സമാഹാരം
The New Sea Land
ആർച്ച് ബിഷപ്പ്
റൈറ്റ്. റവ. ഡോ. തോമസ് ജെ.
നെറ്റോ പ്രകാശനം ചെയ്തു.
അഭിനന്ദനങ്ങൾ


ദേശീയ ജൂനിയർ (അണ്ടർ 20) ഫെഡറേഷൻ
അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് 2025
ആൺകുട്ടികളുടെ ഡെക്കാത്ത് ലണിൽ
കേരളത്തിന്റെ ജിനോയ് ജയൻ
സ്വർണ്ണം കരസ്ഥമാക്കി. തിരുവനന്തപുരം
മാർഇവാനിയോസ് കോളേജ് ബി.എ.
ഇംഗ്ലീഷ് രണ്ടാംവർഷ വിദ്യാർത്ഥിയാണ്.
അഭിനന്ദനങ്ങൾ

# താക്കോൽ ദ്വാര ശസ്ത്രക്രിയ ഹെർണിയ 3



റവ. ഡോ. ലെനിൻ രാജ്
(മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം)



ഡോ അനു ആന്റണി വർഗീസ് MBBS, MS, FIAGES
(തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിൽ നിന്ന് ഒന്നാം റാങ്കോടെ സ്വർണ്ണ മെഡൽ നേടി. വെരിക്കോസ് വെയിനുകൾക്ക് റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ (ആർഎഫ്എ) അവതരിപ്പിച്ച കേരളത്തിലെ ആദ്യത്തെ സർജൻ, 9,000-ത്തിലധികം കേസുകൾ വിജയകരമായി പൂർത്തിയാക്കി. തിരുവനന്തപുരത്ത് 500-ലധികം ബാരിയാട്രിക് സർജറികൾ നടത്തിയ ആദ്യത്തെ ചുരുക്കം ചില സർജന്മാരിൽ ഒരാളാണ് അദ്ദേഹം. നിലവിൽ, തിരുവനന്തപുരത്ത് RCC ഒഴികെ സ്വകാര്യ മേഖലയിൽ റോബോട്ടിക് സർജറികൾ നടത്തുന്ന ഏക സർജൻ. തിരുവനന്തപുരത്ത് ആദ്യത്തെ റോബോട്ടിക് തൈറോയ്ഡ് സർജറി നടത്തിയതിന്റെ ബഹുമതിയും അദ്ദേഹത്തിനുണ്ട്.)

**>> ഹെർണിയ പൂർണ്ണമായും മാറ്റാൻ സാധിക്കുമോ?**

തീർച്ചയായും ഹെർണിയ ഒരു സർജിക്കൽ ഡിസീസ് ആണ് അത് ഒരു സർജറി ചെയ്ത് മെഷ് വെച്ച് പൂർണ്ണമായും മാറ്റാൻ സാധിക്കും.

**>> ഹെർണിയ ശസ്ത്രക്രിയക്കുശേഷം ജീവിതശൈലിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണം?**

ഹെർണിയ സർജറിക്ക് ശേഷം അമിതമായ ശരീരവണ്ണം കൂട്ടുവാൻ പാടില്ല. അതുകൊണ്ട് തീർച്ചയായും മോണിറ്റേഡ് അല്ലെങ്കിൽ ഒബ്സർവേഡ് ആയിട്ടുള്ള വ്യായാമം രോഗി കണ്ടിന്യൂ ചെയ്യേണ്ടതാണ്.

**>> ഉദരസംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞിട്ടുള്ളവർക്ക് ഹെർണിയ വരാൻ സാധ്യതയുണ്ടോ?**

തീർച്ചയായിട്ടും ഉദര സംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ആ നേരത്തെ ഉണ്ടാക്കിയ മുറിപ്പാടുകൾക്കും, അതിനു ചുറ്റുമുള്ള മസിലുകൾക്കും, ബലക്ഷയം സംഭവിക്കുമ്പോൾ ഹെർണിയ വരാൻ സാധ്യതയുണ്ട്. അതിനെയാണ് ഇൻസിഷനൽ ഹെർണിയ എന്ന് പറയുന്നത്.

**>> ഹെർണിയ എന്ന രോഗത്തിന് താക്കോൽദ്വാര ശസ്ത്രക്രിയ അവൈലബിൾ ആണോ?**

തീർച്ചയായും, ഹെർണിയ നമുക്ക് താക്കോൽദ്വാര ചികിത്സയിലൂടെ പൂർണമായും മാറ്റാൻ സാധിക്കുന്നതാണ്. താക്കോൽദ്വാരം എന്ന വളരെ ചെറിയ സുഷിരത്തിലൂടെ ആ മെഷ് ഹെർണിയയുടെ ഡിഫക്റ്റിൽ പ്ലേസ് ചെയ്യുക എന്നുള്ളതാണ് ആ സർജറി കൊണ്ട് ഉദ്ദേശിക്കുന്നത്.

**>> ഹെർണിയയ്ക്ക് താക്കോൽ ദ്വാര ശസ്ത്രക്രിയ ചെയ്യുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?**

തീർച്ചയായും വർഷങ്ങളായി നമ്മൾ ഹെർണിയ ഓപ്പൺ ആയിട്ടുള്ള സർജറി ആയാണ് ചെയ്തിരുന്നത് എന്നാൽ അത് കാരണമുണ്ടാകുന്ന പല കോംപ്ലിക്കേഷനും നമുക്ക് താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ അവോയിഡ് ചെയ്യാൻ സാധിക്കും. താക്കോൽദ്വാര ശസ്ത്രക്രിയയിൽ നമ്മൾ ആ ഡിഫക്ട് ക്ലോസ് ചെയ്തിട്ട് ഒരു മെഷ് വയ്ക്കുകയും ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ:

1) വളരെ ചെറിയ മുറിപ്പാടുകളിലൂടെയാണ് ആ ശസ്ത്രക്രിയ ചെയ്യുന്നത്.

2) ആ മുറിപ്പാട് കാണാൻ അഭംഗിയുള്ള അല്ലെങ്കിൽ വേദനയുണ്ടാകുന്ന മുറിപ്പാട് ആയിരിക്കില്ല.

3) ഹെർണിയ സർജറിക്ക് ശേഷം രോഗിക്ക് വളരെ വേഗത്തിൽ ആശുപത്രി വിടാൻ സാധിക്കും.

4) അവർക്ക് അവരുടെ ജോലിയിലേക്ക് വളരെ വേഗം പ്രവേശിക്കാൻ സാധിക്കും.

5) ചെറിയ മുറിപ്പാടുകൾ ആകുമ്പോൾ പ്രമേഹ രോഗികൾക്കും, പ്രായമായ രോഗികൾക്കും, മുറിവിന് അണുബാധ ഉണ്ടാകാൻ സാധ്യത കുറവാണ്.

6) ഇങ്ങനെയുള്ള മുറിപ്പാടുകൾ കാണാൻ ഭംഗിയുള്ളതല്ല. ഭാവിയിൽ ഒരുപാട് ഹെർണിയ വരാനുള്ള സാധ്യത കുറവാണ്.

7) താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ വയ്ക്കുന്ന മെഷ് നോർമൽ ഓപ്പൺ സർജറിയിൽ വയ്ക്കുന്നതിനേക്കാൾ വളരെ വലുതായതിനാൽ ഈ ഹെർണിയ രോഗം വീണ്ടും വരാൻ സാധ്യത കുറവാണ്. ●


ടാക്കീസ്



സുനിൽ സി.ഇ

# രാത്രി എന്ന ചുഴിയിലെ പോലീസ് ഭാഷ്യങ്ങൾ

(റോന്ത് എന്ന സിനിമയെക്കുറിച്ച്)




**ഒരു വൈകുന്നേരം മുതൽ പിറ്റേദിവസം പുലർച്ചവരെ പെട്രോളിങ് നടത്തുന്ന രണ്ടു പോലീസുകാർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികളെ അനാവരണപ്പെടുത്തുക വഴി പോലീസ്ജോലിയുടെ സ്ഥൂസിനെക്കുറിച്ചും മറ്റും സിനിമ വാചാലമാകുന്നു.**



ഒരു രാത്രിയുടേതെന്നല്ല, പോലീസ് ഭാഷ്യത്തെതന്നെ ക്യാമറയ്ക്ക് അനുരൂപപ്പെടുത്തിയെടുക്കുക എന്നത് അത്ര എളുപ്പമായ കാര്യമല്ല. രാത്രിയുടെ മുഖമാംസപേശികൾ എങ്ങനെയൊക്കെയാണ് ചലിക്കുന്നത് എന്ന് പ്രേക്ഷകനെ ധൈര്യപ്പെടുത്താൻ ഒരുപാട് പോലീസ് ഭാഷ്യങ്ങൾ മലയാള സിനിമ സംഭാവന ചെയ്തിട്ടില്ല. അവനവന്റെകാലത്തെ പഠിച്ചെടുക്കാൻ നിരവധി പോലീസ് ഭാഷ്യങ്ങൾ പക്ഷെ, മുമ്പും ഉണ്ടായിട്ടുണ്ട്. പോലീസ് കഥകളുടെ നീണ്ടകാല സ്വീകാര്യതയ്ക്കു പിന്നിൽ ക്യാമറയ്ക്കും വെള്ളിത്തിരയിലെ പ്രതിച്ഛായയ്ക്കും വേണ്ടി  പാകപ്പെടുത്തിയ മൃദുചടുലവും അനുകൂലനീയവും ശാഠ്യമില്ലാതെ മയപ്പെട്ടുത്താവുന്നതുമായ അഭിനയശരീരങ്ങൾ അതിന്റേതായ ഭാഷ നിർമ്മിച്ചെടുത്ത് മാറുന്ന നിയമക്കളികളിൽ അയത്ന ലളിതമായി പങ്കെടുത്തതിന്റെ നിരവധി പോലീസ് ഭാഷ്യങ്ങൾ മലയാളത്തിലുണ്ടെങ്കിലും, രാത്രിയുടെ ആകാരസൗഷ്ഠവത്തിന്റെ ആകർഷണീയത പ്രേക്ഷകന്റെ കാഴ്ചാശീലങ്ങളെ മെരുക്കി നിർത്തിയതിന്റെ സാക്ഷ്യമായി തീരുന്നത് റോന്ത് മാത്രമാണ്. മലയാള സിനിമയിലെ പോലീസ് വേഷങ്ങൾ നീണ്ടുനിവർന്ന് വെറുതെ നിന്നാലും ആ ശരീരങ്ങൾക്ക് ഒരു ഭാഷയും നിശ്ചിത രാഷ്ട്രീയവും ഉണ്ടെന്ന ധാരണ പങ്കുവയ്ക്കാനാവുന്നത് അത് പ്രേക്ഷകാനുഭവങ്ങളുമായി ഇണക്കത്തിലാകുന്നതുകൊണ്ടാണ്.

ഏതു തുറയിലും പെട്ട പ്രേക്ഷകർക്ക് വിട്ടുകൊടുക്കപ്പെടുന്ന അഭിനയ ഭാക്ഷ്യമാണ് പോലീസ് വേഷം. എന്നാൽ അതേസമയം സൂക്ഷ്മതയോടെ തങ്ങളുടെ അഭിനയശരീരങ്ങളിൽ കാലത്തിന്റെഅടയാളങ്ങളെ പതിപ്പിച്ചെടുക്കാനും പോലീസ് ഭാഷ്യങ്ങൾക്കാവും. അനാവൃതമായ രാത്രിയുടെ ശരീരത്തെ അഹങ്കാരത്തിൻറെയും അധീശത്വത്തിന്റെയും നിറഞ്ഞുകവിയുന്ന ആസക്തിയുടെയും കുടിയിരിപ്പിടമായിട്ടാണ് റോന്ത് പ്രതിനിധാനപ്പെടുത്തുന്നത്. പോലീസ് ശരീരഭാഷയുടെ ആഢ്യത്തം തെളിയിക്കാൻവേണ്ടി പ്രത്യക്ഷപ്പെടുത്തുന്നതൊന്നും റോന്തിലില്ല. ആക്ഷൻ ഹീറോ ബിജു പകലിന്റെ പോലീസ് ആത്മ-പരഗതങ്ങളായിരുന്നു. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കയയ്ക്കപ്പെടുന്ന (പുറം ദേശത്തേക്ക്) പോലീസ് സേനയുടെ വിഹ്വലതകളായിരുന്നു 'ഉണ്ട' പങ്കുവച്ചത്. കഠിനാദ്ധ്വാനം ചെയ്ത് പോലീസ് ജോലിയിൽ പ്രവേശിച്ച പോലീസ് ഉദ്യോഗസ്ഥരെ ഒരു അപകടമരണം വേട്ടയാടുന്നതിന്റെ ദൃശ്യങ്ങളാണ് 'നായാട്ട്' എന്ന സിനിമ കൈമാറുന്നത്. ഇതിൽ നിന്നെല്ലാം റോന്തിനെ വിഭിന്നപ്പെടുത്തുന്നത് രാത്രി എന്ന ചുഴിയിലെ അനക്കങ്ങളും ബലം പിടിത്തമുള്ള ചലനങ്ങളുമാണ്. രാത്രിയുടെ വ്യത്യസ്തമായ ശരീരവിന്യാസങ്ങളെ അഭിനയ മുഹൂർത്തങ്ങൾക്ക് പ്രസിദ്ധിപെറ്റ ദിലീപ് പോത്തനും റോഷൻ മാത്യുവും റോന്തിന് നിർബാധം വിട്ടുകൊടുക്കുന്നത് അനായാസമായിരുന്നു എന്ന് മാത്രമല്ല പ്രീതിജനകവും വിശ്വസനീയവും ആയി പ്രേക്ഷകർക്ക് അനുഭവപ്പെടുത്താനും ഇടയാക്കി. റോന്തിന്റെകുട്ടിവായനകൾ രാത്രിയുടെ മാത്രം ഗർഭത്തെ അഴിച്ചെടുക്കുന്നതിനെ ഒന്നു പരിശോധിക്കുക പ്രധാനമാണ്.

## ഒരേ പാത്രത്തിലെ വിവിധ ഉൾക്കൊള്ളലുകൾ

രാത്രികൾ ഇരുട്ടും നിലാവും നിറച്ച ഒരു പാത്രമാണ്. ഈ ഒരേ പാത്രത്തിൽ സംഭവിക്കുന്ന വിവിധ ഉൾക്കൊള്ളലുകളെ, അവ ഉൾക്കൊള്ളുന്നതെന്താണ് എന്നതനുസരിച്ച് പാത്രത്തിന്റെ സ്വരൂപത്തെ മാറ്റുന്നതിനേക്കാൾ കഥാപാത്രത്തിന്റെ സ്വരൂപത്തെ മാറ്റിയെടുക്കുന്ന ചാതുര്യം സിനിമയെന്ന വിദ്യക്ക് പുതിയ ഭാഷ നെയ്യുന്നതാണ് നാം കാണുന്നത്. റോന്തിൽ ശരിക്കു പറഞ്ഞാൽ ഒരു ഹീറോയോ ഹീറോയിനോ ഇല്ല. അതെല്ലാം തിരക്കഥയാണ്. ജോസഫ്, ഓഫീസർ ഓൺഡ്യൂട്ടി, നായാട്ട് തുടങ്ങിയ ചിത്രങ്ങൾക്ക് തിരക്കഥയും ഇല വീഴാ പൂഞ്ചിറയുടെ സംവിധായകനുമായ ഷാഹി കബീർ സംവിധാനം ചെയ്ത രണ്ടാമത്തെ ചിത്രമാണ് റോന്ത്. പോലീസുകാർ അമാനുഷിക ശക്തിയുള്ള ഹീറോകളല്ലായെന്ന് സ്ഥാപിക്കാൻ ഈ സിനിമയ്ക്കാകുന്നു. നമ്മളെപ്പോലെ തന്നെ ഇമോഷണലി വീക്കായ രണ്ട് സാധാരണ മനുഷ്യരെയാണ് പോലീസ് ഉദ്യോഗസ്ഥരായി അവതരിപ്പിക്കുന്നത്. രണ്ട് പതിറ്റാണ്ടിലേറെയായി യൂണിഫോം ധരിക്കുന്ന എസ് ഐ യോഹന്നാനും (ദിലീഷ് പോത്തൻ) സർവ്വീസിൽ കയറി അധികമാകാത്ത പോലീസ് ഡ്രൈവർ ദിനാഥിലൂടെയുമാണ് റോന്തിന്റെപശ്ചാത്തല രഹസ്യം സഞ്ചരിക്കുന്നത്. ഒരു വൈകുന്നേരം മുതൽ പിറ്റേദിവസം പുലർച്ചവരെ പെട്രോളിങ് നടത്തുന്ന രണ്ടു പോലീസുകാർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളെ അനാവരണപ്പെടുത്തുക വഴി പോലീസ് ജോലിയുടെ സ്ട്രസിനെക്കുറിച്ചും മറ്റും സിനിമ വാചാലമാകുന്നു. ഓരോ പോലീസുകാരനും മാറി മാറി വരുന്ന ഭരണകൂടങ്ങളുടെ ലാത്തി എന്ന ഉപയോഗ ഉപകരണം മാത്രമാണെന്ന മറുവായനയ്ക്കുള്ള സ്കോപ്പ് ഇവരുടെ മുഖഭാഷ്യങ്ങളും ദൈന്യതകളും എടുത്തു പുറത്തിടുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ഡിപ്രക്ഷൻ മൂഡിനെക്കുറിച്ചും ചിത്രം ചില സൂചനകൾ നൽകുന്നുണ്ട്. മനുഷ്യൻ ഒരേ സമയം ദുർബലനും ശക്തനുമാണെന്ന മനഃശാസ്ത്ര ഭാഷ്യങ്ങളും റോന്ത് കൈമാറുന്നുണ്ട്. സിനിമ ക്ലൈമാക്സിലേക്ക് കടക്കുമ്പോൾ അതിലെ നടന ഭാഷ്യങ്ങൾ പ്രേക്ഷകനിൽ ഒരുതരം ആളിക്കത്തൽ ഉണ്ടാക്കുന്നു. യോഹന്നാന്റെയും ദിനാഥിന്റെയും നിസഹായവസ്ഥ പ്രേക്ഷകരുടെ നെഞ്ചിൽ പൊള്ളലേൽപിക്കും. രണ്ടു പോലീസുകാരെയും ഒരു പോലീസ് ജീപ്പും ഒരു രാത്രിയും വെച്ചിട്ട് പോലീസ് ജീവിതത്തെ യഥാർത്ഥത്തിൽ വരഞ്ഞു കാട്ടാൻ ഷാഹി കബീറിനായി. പോലീസുകാരിലേക്ക് സാധാരണക്കാരൻ നടത്തുന്ന യാത്രയെ റോന്തെന്ന് വിശേഷിപ്പിക്കാം. പോലീസ് ഡ്രൈവറും എസ്. ഐയും ചേർന്ന് ധർമ്മശാലയെന്ന മലയോര പട്ടണത്തിൽ രാത്രി ജീപ്പിൽ പെട്രോളിംഗ് നടത്തുമ്പോൾ അവരോടൊപ്പം അതേ ജീപ്പിൽ പ്രേക്ഷകരെയും കൂട്ടുന്നു. ഇതൊക്കെയും രാത്രി എന്ന ഒരേ പാത്രത്തിലെ വിവിധ ഉൾക്കൊള്ളലുകളാണ്. രാത്രി എന്ന ചുഴിയിലെ വിവിധ പോലീസ് ഭാഷ്യങ്ങളാണ്. നമുക്കറിഞ്ഞുകൂടാത്ത ജീവിതങ്ങളാണ്. ●



# ഹോം മിഷൻ: കാലിക പ്രസക്തിയുള്ള അജപാലന സമീപനം

അതിരൂപതയുടെ കുടുംബകേന്ദ്രീകൃത അജപാലന ദർശനം ഉൾക്കൊണ്ട് പരിശീലനം ലഭിച്ച സമർപ്പിതരുടെ ഒരു കൂട്ടായ്മ, അതിരൂപത ബി.സി.സി. കമ്മിഷന്റെ നേതൃത്വത്തിൽ എല്ലാ ശുശ്രൂഷാ സമിതികളെയും കോർത്തിണക്കിക്കൊണ്ട് നടത്തുന്ന ഒരു കുടുംബപ്രേഷിതയജ്ഞമാണ് ഹോം മിഷൻ. മൂല്യച്യുതിയിൽ അകപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ നഷ്ടപ്പെട്ടുപോയ സന്തോഷവും സമാധാനവും ദൈവസ്നേഹവും ദൈവവിശ്വാസവും വീണ്ടെടുക്കുവാൻ ഹോം മിഷൻ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട് എന്ന് നിസംശയം പറയുവാൻ സാധിക്കും.

നമ്മുടെ അതിരൂപതയിലെ ഇന്നത്തെ കുടുംബങ്ങളുടെ അവസ്ഥകളിലൂടെ ഒന്നു കണ്ണോട്ടിക്കുമ്പോൾ അടിയന്തിരമായി നമ്മുടെ ശ്രദ്ധ പതിയേണ്ട നിരവധി മേഖലകൾ നമുക്കു കണ്ടെത്തുവാൻ സാധിക്കും. ദൈവവിശ്വാസത്തിന്റെ കുറവ്, വ്യക്തിത്വങ്ങളിലുള്ള വ്യത്യാസം, പരസ്പരം മനസ്സിലാക്കാതെയും അംഗീകരിക്കാതെയും വരുമ്പോഴുണ്ടാകുന്ന സങ്കീർണ്ണമായ കുടുംബ പ്രശ്നങ്ങൾ, മദ്യപാനം, വിവാഹമോചനം, മാധ്യമങ്ങളുടെ അതിപ്രസരം, പരിസ്ഥിതി പ്രശ്നങ്ങൾ, സംശയപ്രകൃതം, ആത്മഹത്യ, ഭ്രൂണഹത്യ എന്നിവ ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

ഇവിടെയാണ് ഹോം മിഷന്റെ പ്രസക്തി. കുടുംബങ്ങൾ ഇന്നു നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാനായി, കുടുംബങ്ങളെ വളർത്തുകയും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യണം. കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥ മനസിലാക്കിക്കൊണ്ട് കുടുംബ നവീകരണം, കുടുംബ ബന്ധങ്ങളുടെ ശാക്തീകരണം, ശിഥിലമായ കുടുംബബന്ധങ്ങളെ സൗഖ്യപ്പെടുത്തലും പുനഃസ്ഥാപനവും എന്നിവയിലൂടെ സഭ ആഗ്രഹിക്കുന്ന രീതിയിൽ വിശ്വാസ പരിപോഷണം നൽകി ശുശ്രൂഷ സമിതികളുടെ സഹായത്തോടെ കുടുംബ ബന്ധങ്ങളുടെ - ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്കാവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഹോം മിഷൻവഴി ടീം അംഗങ്ങൾ

ചെയ്യുക.

കഴിഞ്ഞ ഒരു വർഷക്കാലം തിരുവനന്തപുരം അതിരൂപതയിലെ വെട്ടുതുറ, പാലപ്പൂര്, തൃക്കണ്ണാപുരം, വട്ടിയൂർകാവ്, മൂങ്ങോട്, വിഴിഞ്ഞം, വള്ളവിളൈ എന്നീ ദൈവാലയങ്ങളിലും വലിയതുറയിലെ പ്രതീക്ഷ ഫ്ളാറ്റ് സമുച്ചയത്തിലും കുടുംബ കേന്ദ്രീകൃത അജപാലന യജ്ഞത്തിന്റെ ഒന്നും രണ്ടും ഘട്ടം പൂർത്തിയാക്കാൻ സഹായിച്ച സിസ്റ്റർമാരായ അമൽ റാണി, ആൻ മേരി, ഗ്രേസിക്കുട്ടി, ജെനോവ, ഉഷ, ഗേർട്ടി ജോർജ്, ലാലി മരിയ, റോസിലി, ശാന്തി, സുനി, ബീന, ലീമ, മാർട്ടിൻസ് മേരി, മെറ്റിൽഡ, വിൻസി, നിജി, അഞ്ജു, ലിൻറ, റെനി, സലോമി, സാവിയോ, ലൂസി, ഷേർളി, അലീന, നിജീഷ്മ, ജിസ്മി, റെന്യ, ജ്യോതി, വത്സ എന്നിവരെ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. പുതിയ ശുശ്രൂഷാ മണ്ഡലങ്ങളിലേക്ക് യാത്രയാകുന്ന സന്യസ്തർക്ക് പ്രാർഥനകളും നന്മകളും നേരുന്നു.



## "നഷ്ടമായതിനെ തേടിയിറങ്ങിയ ക്രിസ്ത്വാനുഭവം"

### സിസ്റ്റർ അമൽറാണി

കുടുംബസന്ദർശനത്തിലൂടെ ഓരോ വ്യക്തിയുടെയും വിശ്വാസജീവിതം, കുടുംബജീവിതം, സാമൂഹിക ജീവിതം എന്നിവയിലേക്കിറങ്ങിച്ചെല്ലാൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തിലാണ് ഞങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നത്. വളരെ സന്തോഷത്തോടും താൽപര്യത്തോടും കൂടിയാണ് ഓരോ കുടുംബങ്ങളും ഞങ്ങളെ സ്വഭവനങ്ങളിലേക്ക് സ്വീകരിച്ചത്. പല ദമ്പതികളും മാതാപിതാക്കളും കുട്ടികളും വളരെ വേഗം മനസ്സുതുറന്ന് അവരുടെ സന്തോഷങ്ങളും, സങ്കടങ്ങളും വിജയപരാജയങ്ങളും പ്രതീക്ഷകളും ഞങ്ങളുമായി പങ്കുവച്ചു.

ഹോം മിഷൻ പ്രവർത്തനങ്ങളെ പലപ്പോഴും നിരുത്സാഹപ്പെടുത്തുകയും സ്വാഗതം ചെയ്യാതിരിക്കുകയും വിലകുറച്ചുകാണുകയും ചെയ്യുന്ന സാഹചര്യം പലയിടങ്ങളിലും കാണാൻ സാധിച്ചു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തർ വലിയ കാര്യങ്ങളിൽ വിശ്വസ്തർ ആയിരിക്കുമെന്ന് യേശു നമ്മെ പഠിപ്പിക്കുമ്പോൾ എത്ര തന്നെ വലുപ്പം കുറഞ്ഞത് എന്ന് തോന്നിക്കുന്ന നവീകരണ പ്രവർത്തനങ്ങളിലും ദൈവത്തിന്റെ ഇടപെടലിന് സാഹചര്യം ഒരുങ്ങുന്നുണ്ട് എന്ന് വിസ്മരിക്കരുത്. ഒരുപക്ഷേ വലിയ പ്രവർത്തനങ്ങളെക്കാൾ ചെറിയ വിശ്വാസ ജീവിത മാതൃകയാണ് മനുഷ്യരെ സ്വാധീനിക്കുന്നത്.

കാണാതായ ഒരാടിനെ തേടിപ്പോകുന്ന ക്രിസ്തുവിന്റെ അജപാലനദൗത്യത്തിൽ പങ്കുകാരാകുന്ന പ്രവർത്തനമാണ് ഹോം മിഷൻ. അതുകൊണ്ടുതന്നെ നല്ലിടയന്റെ മാതൃക പിൻതുടർന്നുകൊണ്ട് ഈ ഹോം മിഷൻ വരും നാളുകളിൽ ഇടവകകളിൽ നടത്തേണ്ട ഒരു പ്രേഷിത പ്രവർത്തനമാണെന്നതിൽ യാതൊരു സംശയവുമില്ല. ഉത്ഥിതനായ ക്രിസ്തു നൽകുന്ന പ്രത്യാശയോടെ നമുക്ക് മുന്നോട്ടു പോകാം.

## "പ്രേഷിത ചൈതന്യത്തിൽ ആഴപ്പെട്ട ഒരു വർഷം"

### സിസ്റ്റർ ലാലി മരിയ



ആദിമ സഭയുടെ ചൈതന്യത്തിലേക്കും ശാന്തിയിലേക്കും ആധുനിക സഭ തിരിച്ചുവരേണ്ടതാണ് ഇന്നിന്റെ ആവശ്യമെന്ന് മനസിലാക്കി, തിരുവനന്തപുരം അതിരൂപത ഏറ്റെടുത്ത കുടുംബപ്രേഷിത നവീകരണ യജ്ഞത്തിന്റെ ഭാഗമായി, ഹോം മിഷനിലൂടെ ദൈവകൃപകളാൽ നിറയാൻ ദൈവം എന്നെയും തിരഞ്ഞെടുത്തതിന് ഒരായിരം നന്ദിയർപ്പിക്കുന്നു. പല വർണ്ണത്തിലുള്ള പുഷ്പങ്ങളെ കോർത്തിണക്കി ഒരു ഹാരമാക്കുന്നതുപോലെ, വിവിധ സന്യസ്ത സമൂഹങ്ങളിലുള്ള ഞങ്ങളെ ഒന്നിച്ചുകൂട്ടുകയും, പരസ്പരം അറിഞ്ഞ്, സ്നേഹിച്ച് മറ്റുള്ളവർക്ക് തന്നെത്തന്നെ നൽകാനും, പങ്കുവയ്ക്കാനും ഞങ്ങളെ അണിയിച്ചൊരുക്കിയതിന് ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

ഹോം മിഷൻ ഒരു ദൈവീക ഇടപെടലാണ്. ഇതിലൂടെ ഒത്തിരി പച്ചയായ ജീവിത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാനും അനുഭവിക്കാനും എനിക്ക് സാധിച്ചു. ഉള്ളുപൊള്ളുന്ന അനുഭവസാക്ഷ്യങ്ങളെ കാണാനും അവരോടൊപ്പമായിരിക്കാനും കഴിഞ്ഞതും അവർക്ക് സാന്ത്വനമേകാനായതും ദൈവത്തിന്റെ കൃപാകടാക്ഷംകൊണ്ടു മാത്രമാണ്. ഒത്തിരി മാതാപിതാക്കളുടെയും സഹോദരീസഹോദരന്മാരുടെയും കുഞ്ഞുമക്കളുടെയും സ്നേഹം അനുഭവിക്കാൻ സാധിച്ചു. മർക്കോസ് 10:29 ൽ പറയുന്നതുപോലെ "എനിക്ക് വേണ്ടിയും സുവിശേഷത്തെപ്രതിയും മാതാപിതാക്കളെയോ, സഹോദരീസഹോദരന്മാരെയോ വയലുകളെയോ പരിത്യജിക്കുന്നവർക്ക് ഇവിടെ വച്ചുതന്നെ നൂറിരട്ടിയായി ലഭിക്കാതിരിക്കുകയില്ല" എന്ന തിരുവചനം അക്ഷരാർഥത്തിൽ അനുഭവിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു. ദൈവത്തിന്റെ അനന്തസ്നേഹവും കരുണയും അനുഭവിക്കാൻ കിട്ടിയ അസുലഭ നിമിഷങ്ങളും, ദിവസങ്ങളും മാസങ്ങളും... അതായിരുന്നു എനിക്ക് ഹോം മിഷൻ.



## "അവിസ്മരണീയം"

### സിസ്റ്റർ ശാന്തി

ഹോം മിഷൻ എന്റെ ജീവിതത്തിൽ ഒരു അവിസ്മരണീയ അനുഭവമാണ്. വലിയവനെന്നോ ചെറിയവനെന്നോ നോക്കാതെ പല ഇടവകകളിലേക്കും കടന്നുചെല്ലാനും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരാനും, അവരെ മനസിലാക്കാനും, നല്ല വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവരെ തിരുത്തുവാനും, അഭിനന്ദിക്കുവാനും, അവരെ അംഗീകരിക്കുന്ന, വിശ്വസ്തരായ അധികാരികളുടെ കരങ്ങളിൽ ഭരമേല്പിക്കാനും സാധിച്ചു എന്നത് എടുത്തു പറയേണ്ട കാര്യമാണ്.

പല കോൺഗ്രിഗേഷനിൽപ്പെട്ട സിസ്റ്റേഴ്സിന്റെ ഇഷ്ടാനിഷ്ടങ്ങൾ മനസിലാക്കി പൊരുത്തപ്പെട്ടു ജീവിക്കുവാനും, അവരിലെ നന്മകൾ, ത്യാഗമനോഭാവം, പ്രാർഥനാരൂപിയിൽ ആകൃഷ്ടയായി കൂടുതൽ പ്രാർഥിക്കുവാനും വചനം വായിക്കുവാനും, പഠിക്കാനുമുള്ള അതിയായ ആഗ്രഹം എനിക്കു

ലഭിച്ചു. പലരും പ്രാർഥനാസഹായം യാചിച്ചു. അതിൻഫലം ലഭിക്കുന്നുണ്ട് എന്നറിയാൻ സാധിച്ചു. നല്ല ജോലി കിട്ടിയവർ, രണ്ടാമത് ഒരു കുഞ്ഞിനുവേണ്ടിക്കൂടി പ്രാർഥിച്ചു, ഇപ്പോൾ ഗർഭിണിയാണെന്നും, വിഷമം നിറഞ്ഞ വിഷയം ഇഷ്ടപ്പെട്ട് പഠിക്കാനും പരീക്ഷകളിൽ വിജയം വരിക്കുന്നുവെന്നും, മാനസിക സംഘർഷങ്ങളിൽനിന്ന് വിടുതൽ ലഭിച്ചതായും അറിഞ്ഞു. എല്ലായിടത്തുനിന്നും നല്ല സപ്പോർട്ട് കിട്ടി. ഈ കുടുംബപ്രേഷിത യജ്ഞം ഇന്നിന്റെ അത്യാവശ്യ സംഗതിയാണ്. ഇതിനുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നവർക്ക് നിരവധി അനുഗ്രഹങ്ങൾ ലഭിക്കും എന്നത് അനുഭവിച്ചറിയാൻ ഇടയായി.

വിശ്വാസ തീക്ഷ്ണത, പരസ്നേഹം എന്നിവ എന്നിലും വിശ്വാസത്തിന്റെ സ്നേഹത്തിന്റെ ദൈവീക പദ്ധതിയുടെ പാതയിലൂടെ പ്രത്യാശയോടെ സഞ്ചരിക്കുവാൻ, കാരുണ്യത്തിന്റെ പ്രതിഫലനം ആകുവാൻ പ്രേരിപ്പിച്ചു.

ആർക്കും ആരെയും കാണാനോ കേൾക്കാനോ സമയമില്ലാത്ത ഈ ആധുനിക യുഗത്തിൽ ഹോം മിഷന് വലിയ പ്രാധാന്യമുണ്ട്. ഇടവകയിൽ നടത്തപ്പെടുന്ന ഇതിന്റെ തുടർ പ്രവർത്തനങ്ങളാണ് ഇതിനെ വിജയത്തിൽ എത്തിക്കുന്നത്. ഈ മിഷന് എന്നെ അനുവദിച്ച എന്റെ സഭാ അധികാരികൾക്കും സന്തോഷത്തോടെ എന്നെ സ്വീകരിച്ച അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിനും ക്രിസ്തുദാസ് പിതാവിനും എന്നും പ്രോത്സാഹനങ്ങൾ മാത്രം നൽകിയിരുന്ന ഡാനിയൽ അച്ചനും എന്നോടൊപ്പം ഉണ്ടായിരുന്ന എല്ലാ സിസ്റ്റേഴ്സിനും, നിങ്ങളുടെ സ്നേഹത്തിനും കരുതലിനും സാന്ത്വനത്തിനും പ്രോത്സാഹനങ്ങൾക്കും ഈ അവസരത്തിൽ എന്റെ ഹൃദയം നിറഞ്ഞ നന്ദി.



## "അപ്രതീക്ഷിതമായ പ്രേഷിത അനുഭവം"

### സിസ്റ്റർ റോസിലി

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും" (ഫിലി 4:13) ഈ വചനം എന്നിൽ ഒരു ജീവിതാനുഭവമായി മാറിയ മാസങ്ങൾ ആയിരുന്നു ഹോം മിഷൻ ടീമിന്റെ ഭാഗമായി പ്രവർത്തിച്ച നാളുകൾ.

ഹോം മിഷൻ എന്താണെന്നോ എങ്ങനെയാണെന്നോ അറിയാതെ അവിചാരിതമായാണ് ഞാൻ ഈ ശുശ്രൂഷയിലേക്ക് കടന്നുവന്നത്. എനിക്കിത് അപ്രതീക്ഷിതമായിരുന്നെങ്കിലും ദൈവത്തിന് എന്നെക്കുറിച്ച് ഒരു പദ്ധതി മുൻപേ ഉണ്ടായിരുന്നു എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ദൈവം തന്റെ സ്നേഹത്തിന്റെ കാരുണ്യത്തിന്റെ ഒരു നീർച്ചാൽ ആണ് ഈ മിഷനിലൂടെ എന്നിലേക്ക് ഒഴുക്കിയത്.

കുടുംബ സന്ദർശനവേളയിൽ കാണാനിടയായ ഇന്നത്തെ കുടുംബങ്ങളുടെ പച്ചയായ യാഥാർത്ഥ്യങ്ങൾ, വെല്ലുവിളികൾ എന്നിവ എന്നെ പിടിച്ചുലച്ചു. ഈ ലോകം എന്തിനോ വേണ്ടിയുള്ള നെട്ടോട്ടമാണ്. ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് അവന് അറിയില്ല പരമമായ സത്യം എന്താണെന്ന് അവൻ അറിയുന്നില്ല. ജീവിത മൂല്യങ്ങൾ ഇന്ന് അവന് അന്യമായിരിക്കുന്നു. ഈ ലോകത്തിന്റെ മായാമോഹങ്ങളിൽ പെട്ട് ഉഴലുന്ന പാവം മനുഷ്യൻ. എന്നാൽ ചില മാതൃകാ കുടുംബങ്ങൾ, ചില വ്യക്തികളുടെ ആഴമായ ദൈവീക അനുഭവം,



## "എന്റെ സന്യസ്ത ജീവിതത്തിലെ ആഴപ്പെട്ട ദിനങ്ങൾ"

### സിസ്റ്റർ സുനി ആന്റണി

തിരുവനന്തപുരം അതിരൂപത നടപ്പാക്കുന്ന 'ഹോം മിഷൻ' എന്ന കുടുംബപ്രേഷിത നവീകരണ യജ്ഞത്തിന്റെ ഭാഗമായ ദിനങ്ങൾ നിരവധി ദൈവാനുഭവത്തിന്റെ നിറപ്പകിട്ടാർന്ന അവസരങ്ങളായിരുന്നു. കാലാകാലങ്ങളിൽ ദൈവം പ്രവാചകന്മാരെ അയച്ചുകൊണ്ട് അനുതാപത്തിലേക്കും സ്വർഗരാജ്യ അനുഭവത്തിലേക്കും ജനങ്ങളെ വിളിച്ചതുപോലെ ഇന്നിന്റെ കാലഘട്ടത്തിന്റെ ആവശ്യാനുസരണം ദൈവം തന്റെ മക്കളെ തിരിച്ചുവിളിക്കാനും ചേർത്തുപിടിക്കാനും തനതായ പദ്ധതികളിലൂടെ വിഭാവനം ചെയ്ത ദൈവീക പദ്ധതിയായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. അനേകം കുടുംബങ്ങളിലും വ്യക്തി ജീവിതങ്ങളിലും യേശുവിന്റെ രക്ഷയും സമാധാനവും എത്തിക്കുവാൻ എന്നെ തിരഞ്ഞെടുത്ത് ഒരു ഉപകരണമാക്കിയതിൽ ഞാൻ ദൈവത്തിൽ അഭിമാനിക്കുന്നു.

2024-25 വർഷത്തിൽ ഏഴ് ഇടവക, കുടുംബങ്ങളിലൂടെ കടന്നുപോകാൻ സാധിച്ചത് ഒരു അനുഗ്രഹമായി ഞാൻ കാണുന്നു. കുടുംബ നവീകരണം മാത്രമല്ല എന്റെ സന്യസ്ത ജീവിതവും കൂടുതൽ വിശുദ്ധമായി നയിക്കുവാൻവേണ്ടി ദൈവം ഒരുക്കിവച്ച വർഷമായിരുന്നു. തിരുത്തലുകളും തിരിച്ചറിവുകളും ബോധ്യങ്ങളും ഉൾക്കാഴ്ചകളുമായി ദൈവം അനുഗ്രഹിച്ചു. ജീവിതത്തിന്റെ മധ്യാഹ്നത്തിലൂടെയും സായാഹ്നത്തിലൂടെയും കടന്നുപോകുന്ന മക്കൾ ജീവിതഭാരം നിമിത്തം ആത്മീയ ഉണർവും ശാരീരിക ശക്തിയും മന്ദീഭവിച്ച് സാമ്പത്തിക പരാധീനതയുടെ അലച്ചിലുകളിൾ ഓളം തല്ലുമ്പോൾ ദൈവമക്കളിൽനിന്ന് യേശു വിഭാവനം ചെയ്ത സമാധാനം എവിടെയൊക്കെയോ ചോർന്നുപോയ സാഹചര്യങ്ങളിൽ ഹൃദയങ്ങളുടെ നൊമ്പരങ്ങൾ ഒപ്പിയെടുത്ത്, കാഴ്ചയായ് ദൈവസന്നിധിയിൽ സമർപ്പിച്ച് അവർക്ക് പ്രാർഥനയിലൂടെ പങ്കുവയ്ക്കലിലൂടെ സാമീപ്യത്തിലൂടെ ഹൃദയപൂർവകമായ ശ്രവണത്തിലൂടെ പ്രകാശത്തിന്റെ കിരണം തെളിയിച്ചുകൊണ്ട് പ്രത്യാശയുടെ തീർഥടകരാകാൻ കഴിഞ്ഞത് സന്തോഷത്തോടെ ഓർമിക്കുന്നു.



# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2025 സെപ്റ്റംബർ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബിസിസി കമ്മീഷൻ തയ്യാറാക്കിയത്



1. പരിശുദ്ധാത്മാവിന്റെ ഗാനം,
   ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

ക്രിസ്തുവിൽ പ്രിയരേ, കേരളത്തിന്റെ മക്കളായ നമുക്ക് ഇരട്ടി മാധുര്യം പകരുന്ന മാസമാണ് സെപ്റ്റംബർ. തിരുസഭാമക്കളായ നാം വിശുദ്ധിയുടെ മകുടമായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ആഘോഷിക്കുന്നതോടൊപ്പം സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും സമൃദ്ധിയുടെയും ഓണവും ആഘോഷിക്കുകയാണ്. ആയതിനാൽ, വിശ്വാസ ജീവിതത്തിൽ പരിശുദ്ധ കന്യകാമറിയത്തെ ചേർത്ത് പിടിച്ചുകൊണ്ട് സമാധാന സമൃദ്ധിയുടെയും വിശുദ്ധി ചാലിച്ച ആനന്ദത്തിന്റെയും നാളുകളാക്കി നമ്മുടെ ആഘോഷദിനങ്ങളെ മാറ്റാൻ ശ്രമിക്കാം. 1854 ഡിസംബർ എട്ടാം തീയതി ഒമ്പതാം പീയൂസ് പാപ്പ പുറപ്പെടുവിച്ച ഒരു സുപ്രധാന അപ്പസ്തോലിക പ്രമാണരേഖയാണ് 'ഇനേഫാബിലിസ് ദേവൂസ്' (Ineffabilis Deus). മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം, തന്റെ ഉത്ഭവത്തിന്റെ ആദ്യ നിമിഷം മുതൽ ആദിപാപത്തിന്റെ ഒരു കറയും ഏൽക്കാതെ സംരക്ഷിക്കപ്പെട്ടു എന്ന വിശ്വാസം നിർവചിക്കുക എന്നതായിരുന്നു ഈ പ്രമാണരേഖയുടെ പ്രധാന ലക്ഷ്യം.

ബൈബിൾ ആദ്യമായി പരിശുദ്ധ കന്യകാമറിയത്തെ നമുക്ക് പരിചയപ്പെടുത്തുന്നത് മംഗള വാർത്ത വേളയിലാണ്. പരിശുദ്ധ കന്യകാമറിയം 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്ന് പ്രത്യുത്തരിച്ചുകൊണ്ട് (ലൂക്ക 1:38) ദൈവഹിതത്തിന് പൂർണ്ണമായി കീഴ്പെടുകയും അനുസരിക്കുകയും ചെയ്തു. 'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു' (ലൂക്ക 1: 46-47) എന്നു പറഞ്ഞു, ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ എളിമയോടെ പെരുമാറി നിത്യാനന്ദത്തിന്റെ ഉറവ നമുക്ക് കാണിച്ചു തന്നു. തന്റെ പുത്രന്റെ മരണത്തോളം നിൽക്കാനാകുന്നവിധം എത്ര കഠിനമായ സാഹചര്യങ്ങളിലും പ്രതിസന്ധികളിലും ഭയക്കാതെ നിലകൊള്ളാനുള്ള ശക്തിയും ധൈര്യവും സിദ്ധിച്ച വ്യക്തിത്വമായിരുന്നു പരിശുദ്ധ കന്യക മറിയം.

നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും നാം സെപ്റ്റംബർ ഒന്നു മുതൽ 8 വരെ മാംസ ആഹാരങ്ങൾ ഒഴിവാക്കി എട്ടു നോമ്പ് ആചരിക്കുന്നതും ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നതും പ്രത്യേക പ്രാർത്ഥനകളും നൊവേനകളും സംഘടിപ്പിക്കുന്നതും കൂട്ടമായി പ്രാർത്ഥിക്കുന്നതും പരിശുദ്ധ കന്യകാമറിയത്തോടുള്ള സ്നേഹവും ഭക്തിയും വർദ്ധിപ്പിച്ചുകൊണ്ട് സെപ്റ്റംബർ മാസത്തെ കൂടുതൽ അർത്ഥവത്താക്കുന്നു. ഈ സ്നേഹം നമ്മെ പരസ്നേഹത്തിലേക്ക് ക്ഷണിക്കുന്ന സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായ ഓണം ആഘോഷിക്കുവാനുള്ള ഒരു വികാരം മനസ്സിൽ ഉണർത്തുന്നു. കർക്കിടക മാസത്തിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളും മാറി ചിങ്ങമാസത്തിൽ സമൃദ്ധിയും സന്തോഷവും കൊയ്യുന്നതിന്റെ ആഘോഷമായി നാമെല്ലാവരും ഒരുമിച്ച് ഒരേ മനസ്സോടെ പങ്കുവെച്ചുകൊണ്ട് മുന്നേറുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം
   **ലൂക്കാ. 1:39-45**

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

മനുഷ്യരായ നമ്മളോരോരുത്തരുടെയും ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ട ദിവസം ഏതാണ് എന്ന് ചോദിച്ചാൽ, ബഹുഭൂരിപക്ഷം പേരും ഉത്തരം നൽകുന്നത് നാം ജനിച്ച ദിവസം എന്ന് തന്നെയാകും. നമ്മുടെ ജന്മദിനങ്ങളും നമ്മുടെ പ്രിയപ്പെട്ടവരുടെ ജന്മദിനങ്ങളും വളരെ ആഘോഷമാക്കിമാറ്റുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് സന്തോഷിക്കാനും, ആഘോഷി

ക്കാനും, നന്ദി അർപ്പിക്കാനുമൊക്കെ അവസരമൊരുക്കി പരിശുദ്ധ അമ്മയുടെ ജനന തിരുനാളുമായി സെപ്റ്റംബർ മാസം എത്തിയിരിക്കുന്നു. മൂന്ന് പേരുടെ ജന്മദിനങ്ങളാണ് സഭ സവിശേഷമായി ആഘോഷിക്കുന്നത് രക്ഷകനായ യേശുവിന്റെ, സ്നാപകയോഹന്നാന്റെ, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ. ഈ മൂന്ന് ജന്മദിനങ്ങളും മാനവരക്ഷാ ചരിത്രവുമായി ഇഴപിരിക്കാനാകാത്തവിധം ബന്ധപ്പെട്ടു കിടക്കുന്നു.

വിശുദ്ധഗ്രന്ഥത്തിൽ മാതാവിന്റെ ജനനത്തെക്കുറിച്ച് ഒരു പരാമർശവും നമുക്ക് കാണാനാവില്ല. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അപ്പോക്രിപൽ ഗ്രന്ഥമായ 'യാക്കോബിന്റെ സുവിശേഷത്തിൽ' [The Protoevangelium of James] മാതാവിന്റെ ജനനത്തെ കുറിച്ചും, മാതാപിതാക്കളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഏതാണ്ട് 6-ാം നൂറ്റാണ്ട് മുതലാണ് സഭ പരിശുദ്ധ മറിയത്തിന്റെ ജനനതിരുനാൾ ആഘോഷിക്കാൻ തുടങ്ങുന്നത്. യേശുനാഥൻ ദൈവസ്നേഹത്തിന്റെ പൂർണതയാണെങ്കിൽ പരിശുദ്ധ അമ്മ ദൈവസ്നേഹത്തിന്റെ മുന്നോടിയാണ്. യേശുനാഥൻ രക്ഷയുടെ പുലരിയാണെങ്കിൽ പരിശുദ്ധ അമ്മ രക്ഷയുടെ ആഗമനത്തെ വിളിച്ചോതുന്ന ഉഷകാല നക്ഷത്രമാണ്. നമുക്ക് ഏറ്റവും സ്നേഹത്തോടെ പരിശുദ്ധ അമ്മക്ക് ജന്മദിനാശംസകൾ നേരാം.

## a. സ്വർഗം ആനന്ദിച്ച പുണ്യദിനം

യോഹ. 3:16- "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." സ്നേഹത്താൽ സൃഷ്ടിക്കപ്പെട്ടവരെ നീതിയാൽ ശിക്ഷിച്ച ദൈവത്തിന് അതിരുകൾ ഇല്ലാതെ പ്രവഹിക്കുന്ന തന്റെ സ്നേഹത്തെ മറച്ചുവയ്ക്കാനോ പിടിച്ചു നിർത്താനോ ആകുന്നില്ല. അങ്ങനെ ദൈവം ഒരുക്കിയ രക്ഷാകര പദ്ധതിയുടെ അതിനിർണ്ണായകമായ മുഹൂർത്തമാണ് കന്യാകാ മാതാവിന്റെ ജനനം. അതുകൊണ്ട് തന്നെ അവളുടെ ജനനത്തിൽ സ്വർഗം അത്യധികം ആനന്ദിക്കുന്നു. ഈ സന്തോഷവുമായി തട്ടിച്ച് നോക്കുമ്പോൾ പരിശുദ്ധ അമ്മയുടെ മാതാപിതാക്കളായ അന്നക്കും ജോവാക്കിമിനും ഉണ്ടായ സന്തോഷം എത്രയോ നിസാരമാണ്. ഉൽപത്തി 6:6 "ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു." ഹൃദയവ്യഥയാൽ നിറഞ്ഞ ദൈവം പെട്ടെന്ന് നോഹയെ കാണുമ്പോൾ പുഞ്ചിരിക്കുന്നു. ഉൽപത്തി 6:8 ദൈവത്തിന്റെ/സ്വർഗത്തിന്റെ ഈ സന്തോഷത്തെ സാക്ഷ്യപ്പെടുത്തുന്നു. ഇതുപോലെ പാപത്തിൽ മുഴകി ജീവിക്കുന്ന മനുഷ്യരെ നോക്കി, വേദനിക്കുന്ന ദൈവത്തെ പരിശുദ്ധ അമ്മയുടെ ജനനം സന്തോഷിപ്പിക്കുന്നു. മംഗളവാർത്തയുടെ അവസരത്തിൽ ഗബ്രിയേൽ ദൂതൻ പറയുന്ന വാക്കുകൾ, സ്വർഗം പരിശുദ്ധ അമ്മയെപ്രതി എത്രത്തോളം സന്തോഷിപ്പിക്കുന്നു എന്ന് വ്യക്തമാക്കുന്നു. അമ്മയുടെ ജനന തിരുനാൾ ആഘോഷിക്കുമ്പോൾ നാം ഈ സന്തോഷത്തിൽ പങ്കുചേരുകയാണ്.

## b. ഈ തിരുനാൾ നമ്മെ ദൈവ കുടുംബത്തിന്റെ അംഗങ്ങളാക്കി മാറ്റുന്നു

ആരാണ് യഥാർഥത്തിൽ ദൈവത്തിന്റെ കുടുംബാംഗങ്ങൾ. സുവിശേഷങ്ങളിലെ രണ്ട് സന്ദർഭങ്ങൾ മനസിലാക്കിയാൽ ഇത് വ്യക്തമാകും. മർക്കോ. 6:1-6-ൽ യേശു സ്വന്തം ഗ്രാമമായ നസ്രത്തിൽ വരുന്നു. അവന്റെ വാക്കുകൾ കേട്ട, അവൻ ചെയ്ത പ്രവർത്തികളെ കുറിച്ച് അറിഞ്ഞ്, ദൈവത്തെ സ്തുതിക്കുന്നതിന് പകരം അവനിൽ ഇടറുന്ന ജനത്തെ നമുക്ക് കാണാൻ കഴിയും. അൽപം സങ്കടത്തോടെ, "പ്രവാചകൻ സ്വദേശത്തും ബന്ധുജനങ്ങളുടെ ഇടയിലുമാണ് അവമതിക്കപ്പെടുന്നത്" - എന്ന് യേശു പ്രഖ്യാപിക്കുന്നു. കുടുംബപരമായി യേശുവിന്റെ ബന്ധുക്കൾ ആകുന്ന എല്ലാവരും ദൈവകുടുംബത്തിന്റെ അംഗങ്ങൾ ആകണമെന്നില്ല. മത്തായി 12:46-50-ൽ പരിശുദ്ധ അമ്മയും സഹോദരങ്ങളും യേശുവിനെ കാണാൻ എത്തുന്നു. ഈ അവസരം ഉപയോഗിച്ച്, 'യഥാർഥത്തിൽ ആരാണ് ദൈവകുടുംബത്തിന്റെ അംഗങ്ങൾ' എന്ന് ഈശോ പഠിപ്പിച്ചു. ദൈവത്തിന്റെ വചനം പാലിച്ച് ജീവിക്കുന്നവരാണ് യഥാർഥത്തിൽ അവിടുത്തെ ബന്ധുക്കൾ. പരിശുദ്ധ അമ്മയേക്കാൾ യോഗ്യയായ ദൈവകുടുംബത്തിലെ ഒരു അംഗത്തെ കാണാൻ കഴിയുമോ? അമ്മയോട് ചേർന്ന് നിൽക്കുകവഴി, അമ്മയുടെ ജന്മദിനം വിശുദ്ധമായി ആഘോഷിക്കുക വഴി നാം യേശുവിന്റെ ബന്ധുക്കളായി മാറുകയാണ്. പ്രിയരെ, പരിശുദ്ധ അമ്മയുടെ മാതൃക പിൻചെന്ന് ഈശോയുടെ കുടുംബാംഗങ്ങളാകാം നമുക്ക്.

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1) ദൈവവചനം പാലിച്ച് ജീവിക്കുന്നതിന് (ദൈവകുടുംബത്തിന്റെ അംഗങ്ങളാകുന്നതിന്) തടസം നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെ?**

**2) എങ്ങനെ അവയെ പരിഹരിക്കാം?**

9.ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

### രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മതബോധനം ഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം ●



# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## മരിയൻ എഞ്ചിനീയറിംഗ് കോളേജ് തെക്കൻ കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നാമത്



കഴക്കൂട്ടം: ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവ് പുലർത്തി മരിയൻ എഞ്ചിനീയറിംഗ് കോളേജ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2025-ലെ കെടിയുടെ റാങ്കിംഗ് പ്രകാരമാണ് മരിയൻ എഞ്ചിനീയറിംഗ് കോളേജ് പ്രഥമസ്ഥാനത്തെത്തിയത്. എപിജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (കെടിയു) പ്രസിദ്ധീകരിച്ച ഈ റാങ്കിംഗ്, മരിയൻ എഞ്ചിനീയറിംഗ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരത്തിൽ കൈവരിച്ച മികവിനെ സൂചിപ്പിക്കുന്നു. അക്കാദമിക വിജയത്തിന് പുറമേ, 2025 ബാച്ചിന്റെ പ്ലേസ്മെന്റ് റെക്കോർഡും പ്രശംസനീയമാണ്. മരിയൻ എഞ്ചിനീയറിംഗ് കോളേജ് ഇൻഡസ്ട്രി ലിങ്കുകളും ഒരു പ്രൊആക്ടീവ് പ്ലേസ്മെന്റ് സെല്ലും സ്ഥാപിച്ചിട്ടുണ്ട്. ഈ വർഷം, മുൻനിര കമ്പനികൾ, ടെക് സ്റ്റാർട്ടപ്പുകൾ, കോർ എഞ്ചിനീയറിംഗ് കമ്പനികൾ എന്നിവയിൽ ധാരാളം വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു.

## ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി ലഹരി വിരുദ്ധ മാസാചരണം (മുക്തി) ഉദ്ഘാടനം ചെയ്തു




ശംഖുമുഖം: തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി ലഹരി വിരുദ്ധ മാസാചരണം (മുക്തി) ഉദ്ഘാടനം ചെയ്തു. ശംഖുമുഖം ബീച്ചിൽ വച്ച് നടന്ന പരിപാടിയിൽ വലിയതുറ ഫൊറോന വികാരി റവ. ഡോ. സബാസ് ഇഗ്നേഷ്യസ് അധ്യക്ഷത വഹിച്ചു. ജോയിന്റ് എക്സൈസ് കമ്മീഷണർ ബി ബാലകൃഷ്ണൻ മുക്തി മാസാചരണം ഉദ്ഘാടനം ചെയ്തു. മുക്തി മാസാചരണ ബ്രോഷർ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് എക്സൈസ് കമ്മീഷണർക്ക് നൽകിക്കൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി. ശംഖുമുഖം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ അശോക് കുമാർ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും, ലഹരി വിരുദ്ധ അവബോധന ക്ലാസ് നയിക്കുകയും ചെയ്തു. ലിറ്റിൽ ഫ്ലവർ നഴ്സിംഗ് കോളേജ് സ്റ്റുഡൻസ്, വലിയതുറ ചൈൽഡ് പാർലമെൻറ് കുട്ടികൾ എന്നിവരുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന കലാപരിപാടികൾ അരങ്ങേറി.

## ധീരവനിത ആനിമസ്ക്രീന്റെ 62-ാമത് ചരമവാർഷിക അനുസ്മരണം നടത്തി കെ.എൽ.സി.എ.



തിരുവനന്തപുരം: ഇന്ത്യൻ രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ നിരവധി സംഭാവനകളേകിയ ധീരവനിത ആനിമസ്ക്രീന്റെ 62-ാമത് ചരമവാർഷിക അനുസ്മരണം നടത്തി കെ.എൽ.സി.എ. ബിഷപ് ക്രിസ്തുദാസ് അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു. ആനി മസ്ക്രീനെ പോലുള്ള നിരവധി വനിതകൾ വളർന്നു വരേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

തിരുവിതാംകൂർ അസംബ്ലിയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ വനിത, തിരുകൊച്ചിയിലെ ആദ്യ വനിതാ മന്ത്രി, ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിലെ അംഗം, ഭരണഘടനയുടെ കരട് രേഖയിൽ ഒപ്പിട്ട ആദ്യ തിരുവിതാംകൂർ സാമാജിക, തെക്കേ ഇന്ത്യയിൽനിന്നും ഇന്ത്യയുടെ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതാ സാമാജിക, തിരുവിതാംകൂറിൽനിന്നും ഉത്തരവാദ ഭരണസമരത്തിൽ ഏറ്റവുമധികകാലം ജയിൽവാസം അനുഭവിക്കേണ്ടിവന്ന സ്വാതന്ത്ര്യ സമര സേനാനി എന്നീ നിലകളിൽ രാഷ്ട്രത്തിനായി തന്റെ ജീവിതം ഉഴിഞ്ഞുവച്ച ധീരവനിതയുടെ ചരിത്രം സമ്മേളനം അനുസ്മരിച്ചു.

അല്ലായ ശുശ്രൂഷ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ എലിസബത്ത് അസ്സീസി, കെ.ആർ.എൽ.സി.സി സെക്രട്ടറി പാടിക് മൈക്കിൾ, ഫാ. സെബാസ്റ്റ്യൻ, സുരേഷ് സേവ്യർ, ആന്റണി ഗ്രേഷ്യസ്, ജോർജ് എസ് പള്ളിത്തറ, ടി. എസ്. ജോയി, മേരി പുഷ്പം, ഡോളി ഫ്രാൻസിസ്, യേശു രാജ് തുടങ്ങിയവർ സംസാരിച്ചു

## 'സ്വച്ഛന്ദ സുന്ദര സമൂഹം കൗൺസിലിംഗിലൂടെ' സൈക്കോ സ്പിരിച്വൽ സെന്ററിൽ ഏകദിന പഠനശിബിരം നടന്നു



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സൈക്കോ സ്പിരിച്വൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ കൗൺസിലിംഗ് ഫോറം അംഗങ്ങൾക്ക് ഏകദിന പഠനശിബിരം നടത്തി. 2025 ജൂലൈ 05 ശനിയാഴ്ച അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര പഠനശിബിരം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലീൻ മാർക്കോസ്, ശ്രീമതി ലിറ്റി ലൂസിയ സൈമൺ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. റിച്ചാർഡ് സഖറിയാസ് സ്വാഗതവും പ്രോഗ്രാം കോർഡിനേറ്റർ സിസ്റ്റർ മേരി ഹിൽഡ കൃതജ്ഞതയും അർപ്പിച്ചു. സൈക്കോസ്പിരിച്വൽ സെന്റർ നടത്തുന്ന വിവിധ കൗൺസിലിംഗ് കോഴ്സ് പൂർത്തിയായവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും സമ്മേളനത്തിൽ നടന്നു.

'സ്വച്ഛന്ദ സുന്ദര സമൂഹം കൗൺസിലിംഗിലൂടെ' എന്ന വിഷയത്തിൽ നടന്ന ഏകദിന പഠന ശിബിരത്തിൽ 'പ്രിൻസിപ്പിൾസ് ഓഫ് സൈക്കോളജി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഫാ. ജോൺ വിക്ടറും 'സ്ട്രെസ്സ് മാനേജമെന്റ്' എന്ന വിഷയത്തിൽ ഷാൾ സോമനും 'സ്മാർട്ട് പേരന്റിംഗ്' എന്ന വിഷയത്തെ കുറിച്ച് ഡോ. ജസ്റ്റിൻ പടമാടനും ക്ലാസ്സുകൾ നയിച്ചു.

## മരിയൻ കോളേജിൽ അന്താരാഷ്ട്ര ചെസ്സ് ദിനത്തോടനുബന്ധിച്ച് ചെസ് ടൂർണമെന്റ് സംഘടിപ്പിച്ചു




കഴക്കൂട്ടം: തിരുവനന്തപുരത്തെ റഷ്യൻ ഹൗസുമായി സഹകരിച്ച് 2025 ജൂലൈ 20 ന് അന്താരാഷ്ട്ര ചെസ് ദിനത്തോടനുബന്ധിച്ച് ഇന്റർനാഷണൽ സ്കൂൾ ഓഫ് ചെസ് ചെസ്സ് ടൂർണമെന്റ് സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ കഴക്കൂട്ടത്തുള്ള മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലാണ് പരിപാടി നടന്നത്. ഓപ്പൺ, അണ്ടർ -12, അണ്ടർ -9 എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 90 ലധികം കളിക്കാർ മത്സരത്തിൽ പങ്കെടുത്തു. ഇന്റർനാഷണൽ സ്കൂൾ ഓഫ് ചെസ് മാനേജിംഗ് ഡയറക്ടർ ശ്രീ. ഉണ്ണികൃഷ്ണൻ എം. എ. സമ്മാനങ്ങൾ വിതരണം ചെയ്തു.

## സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി, വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ കോൺഫറൻസ് വാർഷികം നടത്തി



വെള്ളയമ്പലം: ലിറ്റിൽ ഫ്ളവർ കോൺഫറൻസ് 27-ാം വാർഷിക സമ്മേളനം ജൂലൈ 12 ശനിയാഴ്ച വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ കോൺഫറൻസ് ഹാളിൽ നടത്തി. കോൺഫറൻസ് പ്രസിഡൻറ് ബ്രദർ ജസ്റ്റിൻ ലൂയിസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം വെള്ളയമ്പലം ഇടവക വികാരിയും കോൺഫറൻസ് അദ്ധ്യാത്മീക ഉപദേഷ്ടാവുമായ റവ. ഫാ. ജസ്റ്റിൻ ജൂഡിൻ സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. വെള്ളയമ്പലം ആസ്ഥാനമായുള്ള പേരൂർക്കട ഏരിയ കൗൺസിൽ സീനിയർ വൈസ് പ്രസിഡൻറ് ബ്രദർ ബനഡിറ്റ് രാജും ഏരിയ കൗൺസിൽ വൈസ് പ്രസിഡൻറ് ബ്രദർ ജോയിയും ആശംസാ പ്രസംഗങ്ങൾ നടത്തി. സെക്രട്ടറി ബ്രദർ പോളിക്കാട് ബനിറ്റോ 2024 - 25 ലെ വാർഷിക റിപ്പോർട്ടും ഖജാൻജി സിസ്റ്റർ വിമല അലോഷ്യസ് തൻവർഷത്തെ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. സിസ്റ്റർ അനിറ്റാറോയി കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ദത്തു കുടുംബങ്ങൾക്കും രോഗികൾക്കും സഹായധനം വിതരണം ചെയ്തു.

## ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗിൽ ബിരുദദാന ചടങ്ങ് നടന്നു



തിരുവനന്തപുരം: ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ കീഴിലുള്ള ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗിൽ ഏഴാമത് ബിരുദദാനചടങ്ങ് നടന്നു. മാനേജിംഗ് ഡയറക്ടർ റവ. ഫാ. ഡോ. ലെനിൻ രാജ് എല്ലാവർക്കും സ്വാഗതം അർപ്പിച്ചു. അതിരൂപത സഹായ മെത്രാൻ ബിഷപ് ഡോ. ക്രിസ്തുദാസ് ആർ അധ്യക്ഷനായ ചടങ്ങിൽ ലയോള സ്കൂൾ പ്രിൻസിപ്പാൾ റെവ. ഫാ. ഡോ. സൽവിൻ ആഗസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിന്ധു കരുവിള 2024–25 അദ്ധ്യയന വർഷത്തെ റിപ്പോർട്ടും കോളേജിന് ലഭിച്ച നേട്ടങ്ങളും അവതരിപ്പിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിസ്റ്റർ റാണി കാതറിൻ നഴ്സുമാരുടെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജൂബിലി ഹോസ്പിറ്റലിന്റെ നഴ്സിംഗ് സൂപ്രണ്ടന്റ് റവ. സിസ്റ്റർ സരിറ്റ ഫിലിപ്പ്, അസിസ്റ്റന്റ് മാനേജിംഗ് ഡയറക്ടർ റെവ. ഫാ. ബാബുരാജ് എന്നിവർ വിജയികളെ അനുമോദിച്ചു. പ്രൊഫ. ഡോ. മുക്ലിൻ എല്ലാവർക്കും നന്ദി അർപ്പിച്ചു.

## ചെറിയതുറ ഇടവകയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടന്നു



ചെറിയതുറ: ചെറിയതുറ ഇടവകയിൽ ജൂലൈ ആറാം തീയതി ഞായറാഴ്ച ജൂബിലി മെമ്മോറിയൽ ആശുപത്രിയും ചെറിയതുറ സാമൂഹ്യ ശുശ്രൂഷ സമിതിയും നവോത്ഥാൻ ചാരിറ്റബിൾ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ചു. ക്യാമ്പ് ഇടവകവികാരി ഫാ. ലൂസിയാൻ തോമസ് ഉദ്ഘാടനം ചെയ്തു. ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഫാ. ലെനിൻ രാജ് സ്വാഗത പ്രസംഗം നടത്തി. ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോ. ആൻമേരി തോമസ് (ഗൈനക്കോളജി), ഡോ. അഞ്ചു മേരി മാത്യു (പീഡിയാട്രിഷൻ), ഡോ. റിനിമേരി മാത്യു & ഡോ. വൃന്ദ (ജനറൽ മെഡിസിൻ) തുടങ്ങിയ വിദഗ്ധരുടെ സേവനം ക്യാമ്പിൽ ലഭ്യമായിരുന്നു. ഡോക്ടേഴ്സിന്റെ സേവനത്തോടൊപ്പം രക്ത പരിശോധന, മാമോഗ്രാം, സ്തന പരിശോധന ഉൾപ്പെടെയുള്ള ക്യാൻസർ നിർണയം എന്നിവയും ഉണ്ടായിരുന്നു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ രോഗികൾക്ക് നൽകുകയും ചെയ്തു. 120-ലധികം രോഗികൾ ക്യാമ്പിൽ പങ്കെടുത്തു.

നീർച്ചാൽ




# എന്റെ അദ്ധ്വാനഫലം ഞാനനുഭവിക്കും !

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 3)
സഭാ. 1: 2.21-23, കൊളോ. 3: 1-5. 9-11
ലൂക്ക. 12: 13-21

ഫാ. വിക്ടർ എവരിസ്റ്റസ്

ഭോഷനായ ധനികന്റെ ഉപമയിലൂടെ ദൈവപുത്രനായ ഈശോ പഠിപ്പിക്കുക എല്ലാ അത്യാഗ്രഹങ്ങളിൽനിന്നും അകന്നിരിക്കുവാനും ജാഗരൂകരായിരിക്കുവാനും നിരർത്ഥകമായ ഭൗതിക സമ്പത്ത് ത്യജിച്ചുകൊണ്ട് ആന്തരിക വിശുദ്ധിയ്ക്കു നിദാനമായ സുവിശേഷമൂല്യങ്ങൾ ദൈവരാജ്യത്തിലെ സമ്പത്തായി ശേഖരിച്ചുവയ്ക്കുവാനുമാണ്.

ഈ ഉപമയിലൂടെ കടന്നുപോകുമ്പോൾ ന്യായമായ ഒരു സംശയം നമ്മെ അലട്ടാം. എന്റെ കൃഷി സമൃദ്ധമായ വിളവ് നൽകുന്നുവെങ്കിൽ എനിക്കതു ശേഖരിച്ചു വയ്ക്കുവാനും ഭാവിയിൽ എനിക്കിഷ്ടമുള്ളതുപോലെ ഉപയോഗിക്കുവാനും എനിക്കവകാശമില്ലേ? എന്റെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുവാൻ ഞാനല്ലാതെ ഏറ്റവും യോഗ്യൻ വേറെ ആരാണ്? ഇങ്ങനെ സ്വന്തമായി ചിന്തിക്കുന്ന ധനവാൻ ലാസറിനോട് ഒരു ക്രൂരതയും കാണിച്ചിട്ടില്ലല്ലോ പിന്നെ എന്തുകൊണ്ടാണ് ധനവാൻ മരണശേഷം ദൈവത്തിൽ നിന്നകലെ മരണവേദന അനുഭവിക്കുന്നത്? ഇവരോടൊപ്പം നാമും പലപ്പോഴും ദൈവത്തോടു ചോദിച്ചേക്കാം. ഭൂമിയിൽ എല്ലാപേർക്കും ജീവനല്ലേ കൊടുത്തിരിക്കുന്നത്. ഞാൻ എന്റെ അദ്ധ്വാനം കൊണ്ടല്ലേ മികച്ചവനായത്. ദിനരാത്രങ്ങൾ മടിയില്ലാതെ പണിയെടുത്തതുകൊണ്ടല്ലേ ഞാൻ ധനവാനായത്? ഉറക്കച്ചടവില്ലാതെ രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്നു പഠിച്ചതുകൊണ്ടല്ലേ ഞാനിന്നു നല്ലജോലി ചെയ്യുന്നത്? പിന്നെ എന്റെ അദ്ധ്വാനത്തിന്റെ ഫലമായ സ്വത്ത് ഞാനനുഭവിക്കുന്നതിൽനിന്നും എന്നെ തടയുന്നത് ശരിയാണോ?

ഇങ്ങനെയൊക്കെ വിമർശനപരമായി ചിന്തിക്കുമ്പോഴും ഈശോ താൻ മരണത്തിനു ഏൽപ്പിക്കപ്പെടുന്നതിനു തൊട്ടുമുമ്പ് പീലാത്തോസിനോടു പറഞ്ഞ വാക്യം ഓർക്കുന്നു. 'എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപ്പിക്കപ്പെടാതിരിക്കുവാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല.'

മരണത്തെ മുഖാമുഖം കണ്ടുനിൽക്കുമ്പോൾ ഈശോ പ്രത്യാശ വയ്ക്കുന്നത് സ്വർഗ്ഗരാജ്യത്തിൽ താൻ നിക്ഷേപിച്ചുവച്ച ആന്തരികവിശുദ്ധി എന്ന ആ വലിയ സമ്പത്തിലുള്ള വിശ്വാസമാണ്. അതുകൊണ്ട് ഭൗതികമായ സ്വത്ത് മറ്റുള്ളവർക്കായി പങ്കുവയ്ക്കുക വഴി സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ ഓരോ ധനവാനും ദൗത്യമുണ്ട്. അതിനു നമുക്ക് ഇപ്പോഴേ ജാഗരൂകരായിരിക്കാം.

മരണത്തെ മുഖാഭിമുഖം കാണുന്ന ദിവസം ജീവിതത്തെ ഓർത്തു ഭയക്കാതിരിക്കുവാൻ ഈ ജീവിതത്തിന്റെ ഓരോ അണുവിലും സഹനത്തിന്റെ, ദുഃഖത്തിന്റെ, വിട്ടുവീഴ്ചയുടെ ഓരോ നിമിഷവും സ്വർഗ്ഗരാജ്യത്തിന്റെ സമ്പത്തു കൂട്ടിവയ്ക്കുവാനുള്ള മഹത്തായ നിമിഷങ്ങളാണ്. അങ്ങനെ സ്വരൂപിക്കുന്നവന് ഈ ലോകത്തിലെ ഭൗതിക അദ്ധ്വാനവും സ്വത്തുസമ്പാദനവും എല്ലാം അതിന്റെതന്നെ പങ്കുവയ്ക്കലിലൂടെ, വിട്ടുകൊടുക്കലിലൂടെ ആദ്ധ്യാത്മിക സമ്പത്ത് സ്വർഗ്ഗരാജ്യത്തിൽ കൂട്ടിവയ്ക്കുവാനുള്ള അനുഗ്രഹം നിറഞ്ഞ വഴികൾ മാത്രം. അങ്ങനെ വരുമ്പോൾ സ്വർഗ്ഗരാജ്യം കൈവശമാക്കുവാൻവേണ്ടിമാത്രം നമുക്കു ദാനമായി കിട്ടിയതാണീ ജീവിതമെന്ന് നമുക്കു മനസ്സിലാകും. അതുകൊണ്ട് ജീവിതത്തിൽ നല്ല ആദർശങ്ങളുടെ ഉടമയാകുക.

ഉന്നതമായ ആദർശങ്ങളും ലക്ഷ്യങ്ങളും ജീവിതത്തിന്റെ കറിക്കൂട്ടുകളാണ്. ഉയർച്ചയ്ക്കായി പരിശ്രമിക്കുമ്പോൾ നമുക്കു നല്ല മനഃസാക്ഷിയുടെ അകമ്പടി ഉണ്ടായിരിക്കണം. സ്വന്തം കാര്യലാഭത്തിനായി എന്ത് അതിക്രമവും കാട്ടിക്കൂട്ടാമെന്ന് പ്രതീക്ഷിക്കരുത്. അങ്ങനെ ചെയ്യുന്നവർ വിജയിക്കുന്നവരായി തോന്നും. എന്നാൽ അവർ നിർമ്മിക്കുന്നത് വെറും ചീട്ടുക്കൊട്ടാരങ്ങൾ മാത്രം. അവ എപ്പോൾ വേണമെങ്കിലും തരിപ്പണമാകും. സത്യവും നീതിയും എന്നും വിജയം വരിക്കും.

എഴുത്തച്ഛൻ പാടുന്നു; 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ, താൻ താൻ അനുഭവിച്ചുകൊണ്ടേവരും.'' വിതച്ചതു കൊയ്യുക എന്ന രണ്ടു വാക്കിൽ അതു ചുരുക്കാം. 'ഈശ്വരാർപ്പണമായി കർമ്മം ചെയ്യണം. ലോകക്ഷേമത്തിനായി കർമ്മം ചെയ്യണം' എന്നു ഭഗവത്ഗീത ഉപദേശിക്കുന്നു. മനസ്സിലാണല്ലോ സകല രോഗങ്ങൾക്കും ദുരിതങ്ങൾക്കും തുടക്കം. അതിനാൽ മനസ്സിനെ ദേഷ്യം, അസൂയ, പക, വിദ്വേഷം, കാമം, ക്രോധം, ലാഭമോഹങ്ങൾ തുടങ്ങിയ വിഷാദഭാവങ്ങളിൽനിന്നും അകറ്റി നിർത്താം. ഉള്ള് ശുദ്ധമായ ദൈവസ്നേഹത്താലും പരസ്നേഹത്താലും പങ്കുവയ്ക്കലാലും ദൈവരാജ്യത്തിൽ സ്വത്തു ശേഖരിക്കാം. അപ്രകാരം നിറഞ്ഞ മനസ്സാൽ ജീവിതം ധന്യമാക്കാം. ജീവിതത്തിന് അർത്ഥവും അഴകും സമാധാനവും ലഭിക്കുമാറാകട്ടെ.

നമ്മൾ ഉൾപ്പെട്ടിരിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ ദുരന്തങ്ങളിലേയ്ക്കുള്ള ദൈവത്തിന്റെ തുറന്നുവച്ച കണ്ണാണ് ഈ ഉപമ. ദൈവത്തേയും മനുഷ്യരേയും, പ്രകൃതിയെയും മറക്കാതെ ജീവിക്കാം. വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന തിരിച്ചറിവോടെ. ●

# ഒരുക്കം

ആണ്ടുവട്ടം 19-ാം ഞായർ (ആഗസ്റ്റ് 10)
ജ്ഞാനം 18: 6-9, ഹെബ്രാ. 11: 1-2, 8-19
ലൂക്കാ. 12: 32-48

## റവ. ഡോ. ഡൈസൺ



മനുഷ്യജീവിതം മരണത്തിലൂടെ ലഭിക്കുന്ന സ്വർഗ്ഗത്തിനുവേണ്ടിയുള്ള ഒരുക്കമാണ്. ജീവിതത്തിൽ ഒരുക്കമുള്ളവർക്കാണ് നിത്യജീവൻ പ്രാപിക്കാനുള്ള അനുഗ്രഹം ലഭിക്കുന്നത്. ഒരുക്കമുള്ള കന്യകമാർ മണവാളന്റെകൂടെ നിത്യജീവിതത്തിലേക്ക് പ്രവേശിച്ചു. ഒരുക്കമില്ലാത്തവർ നിത്യനാശത്തിൽ നിപതിക്കുന്നു. പരലോകത്തിനുവേണ്ടി ഒരുങ്ങാത്ത ധനികൻ നിത്യനാശത്തിന്റെ അഗ്നിയിൽ വെന്തുരുകുമ്പോൾ പരലോകത്തിനുവേണ്ടി ഒരുങ്ങിയ ലാസർ അബ്രഹത്തിന്റെ മടിത്തട്ടിൽ നിത്യസൗഭാഗ്യം അനുഭവിക്കുന്നു. നല്ല മരണത്തിനുവേണ്ടിയുള്ള ഒരുക്കം ഒരുവന് പരലോകം നേടിക്കൊടുക്കുന്നു. ജീവിതത്തിൽ അലസമായി ഉറങ്ങി ആത്മരക്ഷ നഷ്ടപ്പെടുത്തരുതെന്നും നിരന്തര ജാഗ്രതയോടും വിശ്വസ്തതയോടുംകൂടി കർമ്മം ചെയ്യണമെന്നും അതിനായി ഒരുങ്ങുമ്പോൾ ലഭിക്കുന്ന അനന്ത സൗഭാഗ്യത്തെക്കുറിച്ചുള്ള മൂന്ന ഉപമകളാണ് സുവിശേഷത്തിൽ യേശുനാഥൻ പറയുന്നത്.

'അരമുറുക്കുക' എന്ന പദം ഇന്ന് അധികം ആരും ഉപയോഗിക്കുന്നില്ല. അരമുറുക്കി കാത്തിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്? ഇന്ന് അറബികൾ പാദംവരെ നീണ്ട അങ്കികൾ ധരിക്കുന്നപോലെ യേശുവിന്റെ കാലത്തുള്ള യഹൂദരും പാദംവരെ നീണ്ട അങ്കിയാണ് ധരിച്ചിരുന്നത്. അങ്കിയെ അരക്കെട്ടിൽ ഉറപ്പിച്ചു നിർത്തുവാനായി ചരടോ ബെൽറ്റോ ധരിക്കുമായിരുന്നു. കൃത്യമായി കടമ ചെയ്യുന്ന അവസരത്തിൽ നീണ്ടുനിവർന്ന അങ്കി ജോലിക്ക് തടസ്സമാകുന്നു. അതുകൊണ്ട് ഈ അങ്കിയെ അരയുടെ ഭാഗത്ത് ബൽറ്റിനു മുകളിൽ സൗകര്യാർത്ഥം അല്പം കയറ്റിവയ്ക്കും. അപ്പോൾ വസ്ത്രം ജോലിക്കു തടസ്സമാകുന്നില്ല. ഇതിനെയാണ് അരമുറുക്കുകയെന്നു പറയുന്നത്. അരമുറുക്കി എന്നാൽ ജോലിയിൽ വ്യാപൃതരായിരിക്കുന്നവരെന്നാണ് അർത്ഥം. അത് ഭൃത്യന്മാരുടെ സേവനസന്നദ്ധതയെ സൂചിപ്പിക്കുന്നു.

രണ്ടാമത്തെ ഉപമയിൽ സർവ്വഥാ ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകതയ്ക്കാണ് യേശുനാഥൻ ഊന്നൽ കൊടുക്കുക. കള്ളൻ ഭവനഭേദനം നടത്താതിരിക്കണമെങ്കിൽ നാം ഉണർന്നിരിക്കേണ്ടിവരും. സുഖിച്ച് ഉറങ്ങുകയാണെങ്കിൽ നിമിഷനേരംകൊണ്ട് നാം പാപ്പരാകും! അതുകൊണ്ട് ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കണം. ഉറങ്ങുമ്പോഴും നാം ഉണർവ്വുള്ള വ്യക്തികളായിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഉത്തമഗീതത്തിൽ മണവാട്ടി പറയുന്നു. ഞാൻ ഉറങ്ങി; പക്ഷേ എന്റെ ഹൃദയം ഉണർന്നിരുന്നു (ഉത്ത 5:2). ഉണർന്ന് പ്രവൃത്തിച്ചില്ലെങ്കിൽ നമ്മുടെ ജീവിതനിലങ്ങളിൽ ശത്രു കളകൾ വിതക്കും. ദലീലയുടെ മടിയിലെ സാംസന്റെ ഉറക്കമാണ് അവന്റെ ശക്തിയെ ക്ഷയിപ്പിച്ചതും അവനെ കാരാഗൃഹത്തിലാക്കിയതും (ന്യായ 16:19). ഉണർവ് കണ്ണടക്കലല്ല, ഉറങ്ങുമ്പോഴും ഉൾമിഴി തുറക്കലാണ്. ഈ ഉണർവാണ് ജാഗ്രതയോടെ സേവനം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രതീക്ഷിക്കാത്ത മണിക്കൂറിൽ വരുന്ന മനുഷ്യപുത്രനെ സ്വാഗതം ചെയ്യാൻ സങ്കീർത്തകന്റെ മനസോടെ കാത്തിരിക്കാം.

ഞാൻ കാത്തിരിക്കുന്നു. എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു. അവിടത്തെ വാഗ്ദാനത്തിൽ ഞാൻ പ്രത്യാശയർപ്പിക്കുന്നു. പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരേക്കാൾ ആകാംക്ഷയോടെ ഞാൻ കർത്താവിനെ കാത്തിരിക്കുന്നു (സങ്കീ 130:5-6)

മൂന്നാമത്തെ ഉപമ യേശുനാഥൻ മെനഞ്ഞെടുക്കുന്നത് യഹൂദരുടെ കുടുംബജീവിതത്തിലെ സാധാരണ സംഭവത്തിൽ നിന്നാണ്. യഹൂദരുടെ വീട്ടുകളിൽ വീട്ടുജോലിക്ക് ധാരാളം അടിമകളുണ്ടായിരുന്നു. അവരുടെ ജോലിയുടെ പ്രതിഫലമെന്നുള്ളത് ധാന്യത്തിന്റെ ഒരു ഭാഗമാണ്. ധാന്യവിതരണം നന്നായി നടത്തുകയും യജമാനൻ തിരിച്ചു വരുമ്പോൾ കൃത്യമായി ജോലിയിൽ വ്യാപൃതനായിരിക്കുകയും ചെയ്യുന്ന ഭൃത്യന് നല്ല പ്രതിഫലം ലഭിക്കും. ഒരടിമയായ ഭൃത്യന് ലഭിക്കുന്നതിൽ വച്ചേറ്റവും വലിയ പ്രതിഫലം യജമാനന്റെ സകല സ്വത്തുക്കളുടെയും കാര്യസ്ഥതയും മേൽനോട്ടവുമാണ്. യജമാനൻ വിശ്വസ്തനായ ഭൃത്യന് അടിമയിൽ കവിഞ്ഞ ഒരു പദവി നല്കി ആദരിക്കുന്നു. ഇതിൽക്കവിഞ്ഞ് ഒരടിമയ്ക്ക് വലിയ സമ്മാനം നേടാനാകില്ല.

ഉത്തരവാദിത്വത്തോടുകൂടി കടമ ചെയ്യാൻ ഉപമ ആഹ്വാനം ചെയ്യുന്നു. നേരിട്ട് ഉത്തരവാദിത്വമുള്ള കാര്യങ്ങളിൽപോലും പീലത്തോസിനെപ്പോലെ കൈകഴുകി രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നവർ ഏറിവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൊസ്തോവെസ്കിയുടെ അലീഷ്യയുടെ മനസ്സാണ് ഇന്നിന്റെ ആവശ്യം. അവൾ പറയുന്നു, 'എല്ലാവർക്കും എല്ലാറ്റിനോടും ഉത്തരവാദിത്വമുണ്ട്. എനിക്കാവട്ടെ കുറച്ചേറെയും.' വിശക്കുന്ന ജനക്കൂട്ടത്തെ ശിഷ്യന്മാരുടെ ഉത്തരവാദിത്വത്തിന് വിട്ടുകൊണ്ട് യേശു പറയുന്നു. നിങ്ങൾതന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ. വഴിയോരങ്ങളിൽ വിശന്നലയുന്നവർക്ക് ഒരുനേരത്തെ ആഹാരം നല്കുവാനുള്ള ഉത്തരവാദിത്വം എന്നാണ് നമ്മൾ ഏറ്റെടുക്കാൻ പോകുന്നത്? വിപത്തുകളിൽപെടുന്നവർ ദൂരെയുള്ളവരായാലും അവരെ സഹോദരരായി കണ്ട് അവരെ സഹായിക്കാൻ നമ്മൾ എപ്പോഴാണ് മുന്നോട്ട് വരുന്നത്? ആപത്തിൽപ്പെടുന്നവൻ എന്റെ സഹോദരനല്ല, ഞാൻ അവന്റെ കാവൽക്കാരനല്ലയെന്നുള്ള മുടന്തൻ ന്യായങ്ങൾ നിരത്തി നമ്മുടെ കടമകളിൽനിന്നും രക്ഷപ്പെടുന്ന കായേന്മാരാകാതെ, കരുണയോടു കൂടി പെരുമാറുന്ന നല്ല അയൽക്കാരാകാം.

●

# നിശാദീപങ്ങൾ

ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 17)
ജെറ. 38: 4-6. 8-10 ഹെബ്രാ. 12: 1-4
ലൂക്ക. 12: 49-53

## ഫാ. പോൾ സണ്ണി



### കിണറ്റിലെ പ്രവാചകൻ

കിണറ്റിൽ തള്ളിയിടപ്പെട്ട ജറമിയായ്ക്ക് കർത്താവ് വഴിയൊരുക്കുന്നു. എത്യോപ്യക്കാരനായ ഷൺഡനാണ് രാജാവിനോട് ജറമിയായെ രക്ഷിക്കാൻ പറയുന്നത്. അവൻ അവിടെ കിടന്നു മരിക്കും. നഗരത്തിൽ അപ്പം തീർന്നുപോയിരിക്കുന്നു അപ്പമില്ലാതാകുക വലിയൊരു പ്രതിസന്ധിയാണ്. 80 കോടി ജനങ്ങൾ ഇന്നും പട്ടിണിയിൽ ജീവിക്കുകയാണ്. യുദ്ധവും കലാപവും പരക്കുന്നു. ലോകത്തിന് നന്മ ചെയ്യുവാൻ യുവജനങ്ങൾ പര്യാപ്തരാകുമ്പോൾ നമ്മുടെ ലോകം ഒരു പുതിയ പെന്തക്കുസ്തയായി മാറും. 'പ്രിയ യുവജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ഓട്ടം തുടരുമെന്ന ആനന്ദ പ്രതീക്ഷയാണ് എനിക്കുള്ളത്; പതുക്കെയും ഭയന്നും ഓടുന്നവരെ മറികടന്നുകൊണ്ട്,' ഇവ്യശേഔ ്ശ്ശ ഫേഎന്ന അപ്പസ്തോലിക പ്രബോധനത്തിൽ പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു.

ചാർളി ചാപ്ലിന്റെ അമ്മ നല്ല ഒരു ഗായികയായിരുന്നു. അച്ഛൻ മദ്യപാനിയായിരുന്നു. ഗാനങ്ങൾ ആലപിച്ച് ലഭിക്കുന്ന തുച്ഛമായ പണംകൊണ്ട് അവൾ തന്റെ രണ്ടു മക്കളെയും വളർത്തി. എന്നാൽ വിധി ഒരുനാൾ അവളെ ഒരു മാനസിക രോഗിയാക്കി. പതിമൂന്നാമത്തെ വയസിൽ പഠനം ഉപേക്ഷിച്ച് ചാപ്ലിൻ ജോലി ചെയ്യാൻ തുടങ്ങി. അവൻ തന്റെ അമ്മയെ ചികിത്സിച്ചു. രോഗം ക്രമേണ ഭേദമായി. ഹന്ന വീണ്ടും പാടാൻ തുടങ്ങി. വിധി വീണ്ടും വിലങ്ങുതടിയായി ഹോട്ടലിൽ പാടിക്കൊണ്ടിരിക്കെ അവരുടെ ശബ്ദം നഷ്ടമായി. കുപിതനായ മാനേജർ ചാപ്ലിനെ ആളുകൾക്ക് മുമ്പിലേക്ക് തള്ളിവിട്ടു.

ഒരു പുതിയ കലാകാരന്റെ പിറവി! ചില കോമാളിത്തരങ്ങൾ അവൻ കാണികൾക്കു മുമ്പിൽ കാട്ടുവാൻ തുടങ്ങി. സ്വതസിദ്ധമായ അവന്റെ ഭാവാദികൾ കണ്ട സദസ് കയ്യടിച്ചു. ചാപ്ലിൻ ലോകപ്രശസ്തനായ കലാകാരനായി. ജീവിതത്തിന്റെ പ്രതിസന്ധികളിൽ പിന്നോട്ടുപോകാതെ പിടിച്ചുയർത്തുവാൻ ഒരു മനോബലം മതിയായിരുന്നു അവന്. മറ്റൊരാളുടെ ഒരു തള്ള്, എല്ലാം തകർന്നു എന്ന് ചിന്തിക്കാതെ, വിജയിക്കുവാൻ നമുക്കാകും.

### ഓട്ടപ്പന്തയം

ഏറ്റവും നല്ല മോട്ടിവേഷൻ പാഠം ഹെബ്രായരുടെ ലേഖനത്തിൽ കാണാം. ഓട്ടപ്പന്തയം ഓടിയേ തീരൂ. യേശുവിനെ മുന്നിൽക്കണ്ടുകൊണ്ട് ഓടണം. സ്വന്തം സന്തോഷം ഉപേക്ഷിച്ചവനാണ് യേശു. മനോധൈര്യം നഷ്ടപ്പെടാതിരിക്കാൻ അവൻ പാപികളുമായി എതിരിട്ടു. ഓട്ടപ്പന്തയത്തിലെ വിജയികൾക്ക് വലിയ ആദരവാണ് അക്കാലത്ത് ലഭിച്ചിരുന്നത്. ഈ കഴിഞ്ഞ ക്രിക്കറ്റ് വേൾഡ് കപ്പ് ഫൈനൽ ഫലം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഫൈനലിന്റെ ക്ലൈമാക്സ്, കളിക്കാർ, ജയം. ന്യൂസിലന്റിനുവേണ്ടി അവസാന റണ്ണിനായി ഓടി ക്രീസിലേക്ക് മുഴനീളൻ ഡൈവ് ചെയ്ത് വീണൊഴുകിയെത്തിയ മാർട്ടിൻ ഗപ്റ്റിൽ. സമനില പിടിക്കാനേ പറ്റിയുള്ളൂ. വേഗത അൽപം കുറഞ്ഞതാണോ? പക്ഷേ, ടൂർണമെന്റിലുടനീളം മനോഹരമായി കളിച്ച ആ കളിക്കാരന്റെ ഇടതു പാദത്തിന് രണ്ട് വിരലുകളേ ഉള്ളൂ. 13-ാം വയസ്സിൽ ഇടതുകാലിൽ ട്രക്ക് കയറി ചതഞ്ഞരഞ്ഞപ്പോൾ 3 വിരലുകൾ മുറിച്ചു നീക്കി. രണ്ടു വിരലുമായി ആ പോരാളി ജീവിതത്തെ നേരിട്ടു. ഏകദിനത്തിൽ ഇരട്ട സെഞ്ചുറി നേടിയ ബാറ്റ്സ്മാനെന്ന ഖ്യാതിയുമുണ്ട്. ഗപ്റ്റിൽ തോറ്റിട്ടില്ല. ആ പോരാളിയെ ലോകം നമിക്കുന്നു.

### വീട്ടിലെ കലാപം

കുരിശിലെ സ്നാനം സ്വീകരിക്കാനാണ് ക്രിസ്തു ഒരുങ്ങുന്നത്. തടവിലാക്കപ്പെട്ട് നിശബ്ദതയിൽ കഴിഞ്ഞ് വധശിക്ഷ ഏറ്റുവാങ്ങുന്ന തടവുകാരനെപ്പോലെയല്ല യേശു. മറിച്ച് കുരിശിലേക്ക് നയിക്കപ്പെടാവുന്ന കാരണങ്ങൾ, അത് നിവർത്തിതമാക്കാനാണ് അവൻ ശ്രമിക്കുന്നത്. ഭിന്നതകൾ നിറഞ്ഞ ഭവനത്തെ യേശു ഉദാഹരിക്കുന്നു. ദൈവരാജ്യവും അത് പ്രതിനിധാനം ചെയ്യുന്നവരും എല്ലാവർക്കും സ്വീകാര്യമാകില്ല. എതിർക്കുന്നവർ കലാപം അഴിച്ചിടും. ക്രിസ്തുവിൽ ഒന്നിക്കുവാൻ നമുക്ക് കഴിയേണ്ടതല്ലേ? വീട് എന്നു പറയുന്നത് ഏറ്റവും ചുരുങ്ങിയ ബന്ധങ്ങളുടെ വേദിയാണ്. അവിടെ ഉറ്റവർക്കുപോലും സമാധാനത്തിൽ കഴിയാനാകുന്നില്ലെങ്കിൽ സമൂഹത്തിന്റെ കാര്യം പറയാനുണ്ടോ?

### നിഗൂഢതകളുടെ ആനന്ദം

മിലാനിലെ പ്രഭുവായിരുന്ന ലുഡ്വിക്കോ സഫ്രോസയുടെ ആവശ്യപ്രകാരമായിരുന്നു 1494 ൽ ഡാവിഞ്ചി അവസാനത്തെ അത്താഴം വരയ്ക്കുവാൻ തുടങ്ങിയത്. പ്രഭു തന്റെ ഓർമ്മയ്ക്കായി ഒരു വിശുദ്ധ മുസോളിയം നിർമ്മിക്കണമെന്ന് ആഗ്രഹിച്ച് മിലാന്റെ ഹൃദയഭാഗത്ത് സാന്ത മറിയ സെല്ല പ്രാസ്യ എന്നൊരു പള്ളി വിലയ്ക്കുവാങ്ങി. പള്ളിയുടെ അകത്തളത്തിലെ ഭക്ഷണശാലയുടെ വടക്കേ ഭിത്തിയിൽ ക്രിസ്തുവിന്റെ അവസാനത്തെ അത്താഴം വരയ്ക്കുവാൻ പ്രഭു ഡാവിഞ്ചിക്കു കരാർ നല്കി. ഡാവിഞ്ചി പൊതുവെ അലസനായിരുന്നു. പ്രഭുവിന് പലപ്പോഴും കർക്കശമായി ഡാവിഞ്ചിയോട് ചിത്രം പൂർത്തീകരിക്കാൻ നിർദ്ദേശിക്കേണ്ടിവന്നു. ഇറ്റാലിയൻ ഭാഷയുടെ പ്രധാന പ്രത്യേകത അത് അംഗവിക്ഷേപത്തിലൂടെയാണ് അനുവാചകനിലേക്ക് സംവേദനം നടത്തുന്നത്. അറസ്റ്റിനുമുമ്പ് തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടൊപ്പം അത്താഴം കഴിക്കുമ്പോൾ ശിഷ്യന്മാർക്ക് മുന്നിൽ നടത്തുന്ന ചില അപ്രതീക്ഷിത വെളിപ്പെടത്തലുകളാണ് ചിത്രത്തിന്റെ ഉള്ളടക്കം. നിശബ്ദനായി തലകുമ്പിട്ടിരിക്കുന്ന ക്രിസ്തുവിന്റെ കൈകൾ അംഗവിക്ഷേപത്തിലൂടെ ചില നിർദ്ദേശങ്ങൾ നൽകുന്നതായാണ് ചിത്രത്തിൽ ആലേഖനം ചെയ്തിട്ടുള്ളത്. ചിത്രത്തിൽ ക്രിസ്തുവിന്റെ വായ അൽപം തുറന്നാണിരിക്കുന്നത്. അതായത് നാടകീയമായ ചില വെളിപ്പെടുത്തലുകൾ നടത്തിയശേഷം ക്രിസ്തു തന്റെ ശിഷ്യന്മാരോട് ശാന്തമായി അപ്പവും വീഞ്ഞും കഴിക്കാൻ അംഗവിക്ഷേപത്തിലൂടെ നിർദ്ദേശം നല്കുന്നു. ക്രിസ്തുവിന്റെ വെളിപ്പെടുത്തലുകളിൽ ഞെട്ടിയ ശിഷ്യന്മാർ ഓരോരുത്തരായി ഓരോ ചോദ്യങ്ങൾ അംഗവിക്ഷേപത്തിലൂടെ പ്രകടിപ്പിക്കുന്നതാണ് ചിത്രത്തിന്റെ ചാരുത. യേശു ഈ സുവിശേഷ ഭാഗത്തു നടത്തുന്ന വെളിപ്പെടുത്തലുകളുടെ അർത്ഥതലങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയില്ല. നിഗൂഢതകളുടെ ആനന്ദം അതിലുണ്ട്. ക്രിസ്തുവിനെ അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ സത്യം വെളിവാക്കപ്പെടും. ●

# തുടക്കവും ഒടുക്കവും അവനാണ്, അവനിലാണ്

ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 24)
ഏശ. 66:18-21 ഹെബ്രു. 12: 5-7. 11-13
ലൂക്ക. 13:22-30

## ഫാ. വിക്ടർ എവരിസ്റ്റസ്

ടൂറിനിൽ കോളറ പടർന്നുപിടിച്ച കാലം. നഗരാധികാരികൾപോലും കൈമലർത്തിയ സന്ദർഭത്തിൽ ഡോൺ ബോസ്കോ തെരുവിൽനിന്ന് താൻ രക്ഷപ്പെടുത്തിയ യുവാക്കളുടെ ഒരു സേവനസംഘം ജീവൻ പണയംവച്ചും ആത്മാർത്ഥമായി രോഗികളെ ശുശ്രൂഷിച്ചു. അവർക്ക് ആവശ്യമായ ഭക്ഷണം, മരുന്ന്, വൃത്തിയുള്ള തുണി, എവിടെ നിന്ന് കിട്ടും? കുട്ടികൾ പലതരം ആവശ്യങ്ങളുമായി എത്തുമ്പോൾ അമ്മ മാർഗരറ്റ് - ഡോൺ ബോസ്കോയുടെ അമ്മ - ഓററ്ററിയിൽ (അവർ താമസിച്ചിരുന്ന സ്ഥലം) ഉണ്ടായിരുന്ന ഉപയോഗമുള്ളതെല്ലാം വിതരണം ചെയ്തു. ഒരിക്കൽ ഒരു രോഗിയെ ഉടുപ്പിക്കാൻ വൃത്തിയുള്ളൊരു തുണി വേണമെന്ന ആവശ്യവുമായി ഒരു യുവാവെത്തി. എവിടെ നിന്ന്? ഉണ്ടായിരുന്നതെല്ലാം നേരത്തെ കൊടുത്തു കഴിഞ്ഞിരുന്നു. അവർ നേരെ ചാപ്പലിൽ കടന്നു. പള്ളിയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ പൊതിഞ്ഞ് ആ യുവാവിനെ ഏൽപ്പിച്ചു. മകൻ വന്നപ്പോൾ വ്യസനത്തോടെ അമ്മ താൻ ചെയ്തത് പറഞ്ഞു. തെരുവിൽ നഗ്നമായി കിടക്കുന്നത് ക്രിസ്തുവിന്റെ ശരീരമാണ്. അതിനെ ഉടുപ്പിക്കാൻ ഇതിലും നല്ല വസ്ത്രം കിട്ടാനില്ല. ഡോൺ ബോസ്കോ അമ്മയെ ആശ്വസിപ്പിച്ചു. തന്റെ ചെറിയ ബോർഡിങ്ങിൽ കുട്ടികൾ കൂടിയപ്പോൾ സഹായത്തിന് ഡോൺ ബോസ്കോ വിളിച്ചത് തന്റെ അമ്മയെ ആയിരുന്നു. ഓററ്ററിയിലെ കുട്ടികളെല്ലാവരും ഡൊമിനിക്ക് സാവിയോമാരായിരുന്നില്ല. അവരുടെ കുസൃതി സഹിച്ചു മടുത്തപ്പോൾ മാർഗരറ്റ് താൻ വീട്ടിലേക്കു തിരിച്ചു പോകുകയാണെന്നറിയിച്ചു. ഡോൺ ബോസ്കോ അവിടെ തൂക്കിയിട്ടിരുന്ന ക്രൂശിതരൂപത്തിലേക്കു നോക്കി. അമ്മയ്ക്ക് കാര്യം മനസ്സിലായി. കുരിശിന്റെ വഴി ഇടുങ്ങിയതാണ്. ഇതെല്ലാം ഡോൺ ബോസ്കോ ആദ്യം ഗ്രഹിച്ചത് തന്റെ അമ്മയിൽനിന്നുതന്നെയായിരുന്നു. ആലിപ്പഴം വീണ് മുന്തിരിപ്പഴങ്ങൾ നിലത്ത് വീണുപോകുമ്പോൾ മാർഗരറ്റ് കുഞ്ഞുങ്ങളെ അണച്ചുനിർത്തി പറയും, ദൈവം തന്നു. ദൈവം എടുത്തു. നമുക്ക് ദൈവത്തെ സ്തുതിക്കാം. ജീവിതത്തിൽ കടന്നുപോകേണ്ട വാതിലുകൾ ഇടുങ്ങിയതാണ് ഈശ്വരചിന്തയോടെ വളരാൻ അമ്മ മക്കളെ പഠിപ്പിച്ചു.

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ എത്രപേർ തയ്യാറാകും. സകലവിധ സൗകര്യങ്ങളും ആഡംബരങ്ങളും ക്ഷിപ്രകാര്യസാദ്ധ്യതയുമാണ് എല്ലാവരും തന്നെ ഇഷ്ടപ്പെടുന്നത്. മനുഷ്യന്റെ തൃഷ്ണ ഒരിക്കലും അവസാനിക്കുന്നില്ല. എല്ലാം പെട്ടെന്ന് കഷ്ടപ്പാടില്ലാതെയും ലഭിക്കണമെന്നാണ് ആഗ്രഹം. അതിനെന്തു മാർഗ്ഗവും സ്വീകാര്യമാണ്. പേര് വേണം, പദവി വേണം, സ്വാധീനം വേണം, പേരും പടവും അച്ചടിച്ചു വരണം അതെങ്ങനേയും ലഭിക്കണം. ഇവിടെ വാതിൽ വിശാലമാണ്. ആർക്കും ഒന്നും തികയുന്നില്ല. തൃപ്തി വരുന്നില്ല. കൂടുതൽ കിട്ടണം, കൂടുതലായി ആസ്വദിക്കണം. അതിനായി കടന്നുപോകുന്ന വാതിലുകൾ നാശത്തിലേക്കു നയിക്കുന്നു. വീടുകളിൽ കുട്ടികൾക്ക് അറിഞ്ഞോ അറിയാതെയോ ഓതിക്കൊടുക്കുന്നത് മത്സരിക്കാനും പരാജയപ്പെടുത്താനുമൊക്കെയാണ്, ഒന്നിലും തൃപ്തിയില്ലാത്ത മാതാപിതാക്കളെ നോക്കി മക്കൾ പഠിക്കുന്നു. ജീവിതമൂല്യങ്ങൾക്കും ഈശ്വര വിശ്വാസത്തിനുമെല്ലാം ഭൗതികനേട്ടങ്ങൾക്കു ശേഷമേ സ്ഥാനമുള്ളൂ. അസംതൃപ്തരായ ഒരു തലമുറ ഇവിടെ ജന്മം കൊള്ളുന്നു. ആവർത്തനത്തിലും വൈവിദ്ധ്യത്തിലും പുതുമകളോടെ തൃഷ്ണ അതിന്റേതായ വിശാലമായ വാതിലുകൾ തേടിക്കൊണ്ടേയിരിക്കും. ലോകം തെറ്റു ചെയ്യുന്നു. തെറ്റുകളെപ്പറ്റി കേൾക്കുന്നു. എങ്കിലും ഒരിക്കലും അതിൽനിന്ന് പാഠം പഠിക്കുന്നില്ല. പലപ്പോഴും വിവേകം നേടുന്നത് മറ്റുള്ളവരേൽക്കുന്ന പ്രഹരത്തിൽ നിന്നല്ല. സ്വന്തം മുറിവുകളിൽ നിന്നാണ്.

രക്ഷപ്രാപിക്കാൻ എന്തു ചെയ്യണം? വീടും കുടുംബവും വിട്ടിറങ്ങി ഭക്ഷണപാനീയങ്ങളുമുപേക്ഷിച്ച് തപസ്സനുഷ്ഠിക്കണോ? പ്രേക്ഷതനായി മാറണോ? അത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതല്ല. ഒരു വിശുദ്ധനാകാൻ ഭക്ഷണമുപേക്ഷിക്കുകയും കിടക്ക വിരികൾക്കിടയിൽ കല്ലും തടിക്കഷ്ണങ്ങളും ഇട്ട് ശരീരത്തെ പീഡിപ്പിക്കുകയും ചെയ്ത ഡൊമനിക് സാവിയോയോട് ഡോൺ ബോസ്കോ പറഞ്ഞു; 'ഒല്വല ടമിരശേ്യേ ഷീിശെേ െശി യലശിഴ രവലലൃളൗഹ' ഇവിടെ സന്തോഷവാനായിരിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. അസാധാരണത്തിലാണ് ദൈവം സംപ്രീതനായിരിക്കുന്നത് എന്ന വിശ്വാസം ശരിയാകണമെന്നില്ല. ഇസബെല്ലിനെ പേടിച്ച് ഏലിയാ പ്രവാചകൻ ഒരു ഗുഹയിലൊളിച്ചു. അദ്ദേഹം



യഹോവയെ പ്രതീക്ഷിച്ചു കാത്തിരുന്നു. അപ്പോൾ ഒരു കൊടുങ്കാറ്റുണ്ടായി. കൊടുങ്കാറ്റിൽ കർത്താവില്ലായിരുന്നു. കൊടുങ്കാറ്റു കഴിഞ്ഞ് ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. അഗ്നിയടങ്ങിയപ്പോൾ ഒരു മൃദു സ്വരം കേട്ടു. ഏലിയാ കർത്താവിനെ തിരിച്ചറിഞ്ഞു (1 രാജാ.19) അസാധാരണമായ ത്യാഗങ്ങൾ തേടിപ്പോകേണ്ട ആവശ്യമില്ല. കടന്നുപോകുന്ന വാതിലുകൾ ഇടുങ്ങിയതാകുന്ന എത്രയോ സന്ദർഭങ്ങൾ കുടുംബത്തിലുണ്ടാകാറുണ്ട്. രോഗങ്ങൾ... മരണം... സാമ്പത്തിക ബുദ്ധിമുട്ടുകൾ... പൊരുത്തക്കേടുകൾ... പരാതി കൂടാതെ, എല്ലാം ഇട്ടെറിഞ്ഞുപോകാതെ, സമചിത്തതയോടും ക്ഷമയോടും ആത്മനിയന്ത്രണത്തോടുംകൂടി ജീവിക്കുന്നതിനപ്പുറം വലിയ ത്യാഗമുണ്ടോ? ഇതിനെയാണല്ലോ നമ്മൾ ഇടുങ്ങിയ വാതിലായി കാണുന്നത്.

നമ്മുടെ ജീവിതത്തിൽ മാതൃക യേശു തന്നെയാണ്. അതായത് വാതിൽ (10:7). അവനിലൂടെയാണ് പ്രവേശിക്കേണ്ടത്. തുടക്കം അവനാണ്, വഴി അവനാണ്, സമ്മാനവും അവൻതന്നെ. ●

# ആദരവ് നേടിയെടുക്കേണ്ടതല്ല

ആണ്ടുവട്ടം 22-ാം ഞായർ (ആഗസ്റ്റ് 31)
പ്രഭാ. 3:19-21, 30-31. ഹെബ്രാ. 12: 18-19, 22-24. ലൂക്ക. 14:1, 7-14

## ഫാ. ഡാർവിൻ




ഒരു ഫരിസേയ പ്രമുഖന്റെ വീട്ടിൽ യേശു വിരുന്നിന് വരുന്നതും തദവസരത്തിൽ വിനയത്തെയും ആതിഥേയമനോഭാവത്തെയും സംബന്ധിക്കുന്ന അന്യാപദേശം യേശു തന്റെ ശ്രോതാക്കളോടു വിവരിക്കുന്നതുമാണ് ഈ ദിവസത്തെ സുവിശേഷഭാഗം. ഒരു ഫരിസേയ പ്രമുഖനാണ് യേശുവിനെ വിരുന്നിന് ക്ഷണിക്കുന്നത്. സാബത്ത് ദിവസത്തെ സിനഗോഗ് പ്രാർഥനകൾക്കു നേതൃത്വം കൊടുക്കുന്നയാൾ പ്രാർഥനയ്ക്ക് പങ്കെടുക്കുന്നവരെ ഉച്ചഭക്ഷണത്തിനായി ക്ഷണിക്കുന്ന ഒരു പതിവ് അക്കാലത്ത് ഉണ്ടായിരുന്നു. യേശുവിനെ വിരുന്നിന് ക്ഷണിച്ച ഫരിസേയ പ്രമുഖനായിരുന്നിരിക്കണം അന്നത്തെ പ്രാർഥനയ്ക്ക് നേതൃത്വം നല്കിയതും വിരുന്ന് ഒരുക്കിയതും. വിരുന്നുകൾ അക്കാലത്ത്, സാമൂഹിക ആചാരങ്ങളുടെ ഭാഗമായിരുന്നു. വിരുന്നിനായി കടന്നുവരുന്ന പ്രമുഖരായവർ പ്രത്യേകിച്ച് പ്രവാചകന്മാർ, ഗുരുക്കന്മാർ എന്നിവരുടെ സാന്നിധ്യം ഭക്ഷണവേളയിൽ ചർച്ചകൾക്ക് വഴി തുറക്കുമായിരുന്നു. ഗൗരവ സ്വഭാവമുള്ള വിഷയങ്ങളും സർവ്വസാധാരണ സംഭവങ്ങളും വിരുന്നുകൾക്കിടയുള്ള ചർച്ചകൾക്ക് വിഷയിഭവിക്കാറുണ്ട്. ഇപ്രകാരമൊരു പശ്ചാത്തലത്തിലാണ് യേശു വിരുന്നിനിരിക്കുന്നത്.

വിരുന്നിന് ഇരിക്കുന്ന യേശു പ്രമുഖ സ്ഥാനങ്ങളുടെ ലഭ്യതയ്ക്കായി സ്വാർത്ഥ മോഹത്തോടെ മത്സരിക്കുന്ന അതിഥികളുടെ വ്യഗ്രതയെ കാണുന്നു. അതിഥികളുടെ സ്വാർത്ഥ മോഹം പിന്നീട് അപമാനത്തിന് ഇടയാക്കുമെന്ന് യേശു അവരെ സുഭാഷിതങ്ങളുടെ പുസ്തകത്തിലെ ആശയം സ്വീകരിച്ച് മുന്നറിയിപ്പ് നല്കുന്നു. സുഭാഷിതത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "രാജസന്നിധിയിൽ മുൻനിരയിൽ കയറിനിൽക്കുകയോ സമുന്നതരോടൊപ്പം സ്ഥാനംപിടിക്കുകയോ അരുത്. എന്തെന്നാൽ, രാജസന്നിധിയിൽവച്ച് പിറകോട്ടു മാറ്റിനിർത്തപ്പെടുന്നതിനെക്കാൾ അഭികാമ്യം മുൻപോട്ടു കയറിവരുക എന്ന് ക്ഷണിക്കപ്പെടുന്നതാണ്" (സുഭാ 25:6-7). അവസാനത്തെ പീഠങ്ങൾ സ്വയം തിരഞ്ഞെടുക്കുന്നവരെ ആതിഥേയൻ മുഖ്യപീഠങ്ങളിലേക്ക് നയിച്ച് ബഹുമാനിക്കുകയും ചെയ്യും. ആദരവ് നേടിയെടുക്കേണ്ടതല്ല. മറിച്ച്, നല്കപ്പെടേണ്ടതാണ് എന്ന മഹത്തായൊരർത്ഥം യേശുവിന്റെ ഈ അന്യാപദേശത്തിൽ അടങ്ങിരിക്കുന്നു. ഈ ഉപദേശത്തിൽ അർത്ഥവത്തായ ഒരു ആത്മീയ മർമ്മംകൂടി അടങ്ങിയിട്ടുണ്ട്: ആതിഥേയനാൽ മുന്നോട്ട് ആനയിക്കപ്പെടുന്ന ആദരണിയരായ അതിഥികളെ ദൈവവും ആദരിച്ചനുഗ്രഹിക്കും. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ദൈവം അഹങ്കാരികളുടെ ഗർവ്വ് ഇല്ലാതാക്കുകയും വിനീതരെ ബഹുമാനിച്ചുയർത്തുകയും ചെയ്യും (14:11).

ക്ഷണിക്കപ്പെട്ട അതിഥികളോടു സംവേദിച്ചതിനുശേഷം യേശു തന്റെ ശ്രദ്ധ ആതിഥേയനുനേരെ തിരിക്കുന്നു. പ്രമുഖരായവരെ വിരുന്നിന് ക്ഷണിച്ച് മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാൻ ആതിഥേയൻ വ്യാപൃതനാകുന്നു. എന്നാൽ സാധാരണയായി വിരുന്നിന് ക്ഷണിക്കപ്പെടുന്ന നാല് വിഭാഗം ആളുകളെ - സ്നേഹിതർ, സഹോദരർ, ബന്ധുക്കൾ, ധനികരായ അയൽക്കാർ - ഒഴിവാക്കുവാൻ ആതിഥേയനോടു ആവശ്യപ്പെടുന്നു. ആ സ്ഥാനത്ത് സമൂഹത്തിൽ പരിഗണന ലഭിക്കാത്ത, പഴയനിയമം പുരോഹിതവൃത്തി വിലക്കു കല്പിച്ച (ലേവ്യർ 21:17-23), നാല് വിഭാഗം ആളുകളെ - ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ - വിരുന്നിന് ക്ഷണിക്കുവാൻ യേശു ആതിഥേയനോടു ആഹ്വാനം ചെയ്യുന്നു. വിരുന്നുകളിൽ ക്ഷണിക്കപ്പെടാത്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ക്ഷണിക്കുവാനുള്ള യേശുവിന്റെ ആഹ്വാനം വിരുന്നിന്റെ നിർവ്വചനത്തെ വിപ്ലവാത്മകമാക്കുന്നു. പകരം നല്കുവാൻ ഒന്നുമില്ലാത്ത ഇവരെ വിഭവസമൃദ്ധമായ ഭക്ഷണത്തിന് അവകാശികളാക്കുന്നതാണ് യേശു നല്കുന്ന പ്രബോധനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റപ്പെടുമ്പോഴാണ് ആതിഥേയൻ സൗഭാഗ്യവാനാകുന്നത് (14:14).

അഹം എന്ന ഭാവമാണ് ഏതൊരു മനുഷ്യന്റെയും യഥാർത്ഥ ശത്രു. അതവനെ ആപത്തിലേയ്ക്ക് നയിക്കുന്നു. മനുഷ്യൻ ബന്ധങ്ങളെ കോർത്തിണക്കുവാൻ ശ്രമിക്കുന്നത് കണക്കുകൂട്ടലുകളുടെ സ്വർത്ഥലാഭത്തിനുവേണ്ടിയാണ്. പകരം നല്കുവാൻ ഒന്നുമില്ലാത്ത ശൂന്യമായ കൈകളുള്ളവരെ ചേർത്തുപിടിക്കുമ്പോഴാണ് വിരുന്നിന് അന്തസ്സും മഹത്വവും അർത്ഥവും ലഭിക്കുന്നത്. തന്മൂലം അന്യരുടെ ആവശ്യങ്ങൾ അറിഞ്ഞും അവരോടു താല്പര്യം കാട്ടിയുമുള്ള പുതിയ ഒരു ജീവിതത്തിന് നാം തുടക്കം കുറിക്കണം. ഇപ്രകാരം തുറവിയോടെ വിരുന്ന് നല്കുന്നവർക്ക് ലഭിക്കുന്ന പാരിതോഷികമാണ് ദൈവരാജ്യം. കിടമത്സര്യബുദ്ധിയോടെ ഉയരങ്ങൾ വെട്ടിപ്പിടിക്കുന്നവരുടെ വീഴ്ചയുടെ ആക്കം വലുതായിരിക്കും.

അഹം എന്ന ഭാവമാണ് ഏതൊരു മനുഷ്യന്റെയും യഥാർത്ഥ ശത്രു. അതവനെ ആപത്തിലേയ്ക്ക് നയിക്കുന്നു. മനുഷ്യൻ ബന്ധങ്ങളെ കോർത്തിണക്കുവാൻ ശ്രമിക്കുന്നത് കണക്ക് കൂട്ടലുകളോടെ സ്വാർത്ഥലാഭത്തിനുവേണ്ടിയാണ്. പകരംനല്കുവാൻ ഒന്നുമില്ലാത്ത ശൂന്യമായ കൈകളുള്ളവരെ ചേർത്തുപിടിക്കുമ്പോഴാണ് വിരുന്നിന് അന്തസ്സും മഹത്വവും അർത്ഥവും ലഭിക്കുന്നത്. തന്മൂലം അന്യരുടെ ആവശ്യങ്ങൾ അറിഞ്ഞും അവരോടു താല്പര്യംകാട്ടിയുമുള്ള പുതിയ ഒരു ജീവിതത്തിന് നാം തുടക്കം കുറിക്കണം. ഇപ്രകാരം തുറവിയോടെ വിരുന്ന് നല്കുന്നവർക്ക് ലഭിക്കുന്ന പാരിതോഷികമാണ് ദൈവരാജ്യം. മാത്സര്യബുദ്ധിയോടെ ഉയരങ്ങൾ വെട്ടിപ്പിടിക്കുന്നവരുടെ വീഴ്ചയുടെ ആക്കം വലുതായിരിക്കും. ●



നേർക്കാഴ്ച

ജെ. സി.

# നിർമ്മിത ബുദ്ധി (AI) യും ലിയോ 14-ാമൻ പാപ്പയുടെ നിയോഗവും

നിർമിത ബുദ്ധിയിലൂടെ ഉരുവാകുന്ന രണ്ടാം വ്യവസായിക വിപ്ലവത്തിന്റെ കാലഘട്ടത്തിൽ മനുഷ്യമാഹാത്മ്യവും നീതിയും തൊഴിലും സംരക്ഷിക്കുന്ന സഭാപ്രബോധനങ്ങളുടെ ആവശ്യകതയെക്കുറിച്ചുള്ള അവബോധമാണ് ആ പേരു സ്വീകരിക്കാൻ ലിയോ 14-ാമൻ എന്ന പേര് തിരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. സഭയ്ക്കും സമൂഹത്തിനും സാമൂഹിക പ്രബോധനങ്ങളിലൂടെ കനത്ത സംഭാവനകൾ നൽകിയ ലിയോ 13-ാമൻ (1879 - 1903) പാപ്പയ്ക്കുശേഷം ഇപ്പോഴാണ് ഒരു പാപ്പ ആ പേര് സ്വീകരിച്ചത്. പുതിയ പേപ്പസിയുടെ ഒരു ദിശാസൂചകമായി കാണാവുന്നതാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പ്രഥമ വ്യാവസായിക വിപ്ലവകാലത്ത് 'റേരും നൊവാരും' എന്ന സഭാ പ്രബോധനത്തിലൂടെ 1891 ൽ ലോകത്തിന് വെളിച്ചവും പകർന്നത് ലിയോ പതിമൂന്നാമൻ പാപ്പയാണ് യന്ത്രവത്കൃതമായ ഉത്പാദനവും ഫാക്ടറി സംവിധാനങ്ങളും അക്കാലത്ത് അത്ഭുതപൂർവ്വമായ സമ്പത്തും ഉത്പാദനക്ഷമതയും സൃഷ്ടിച്ചുവെങ്കിലും കാർഷിക മേഖലയിൽ പിടിച്ചു നിൽക്കാനാവാതെ അനേകർക്ക് തൊഴിൽതേടി തിരക്കേറിയതും ശുചിത്വമില്ലാത്തതുമായ നഗര കേന്ദ്രങ്ങളിലേക്ക് പോകേണ്ട അവസ്ഥയുണ്ടായി. അവരുടെ ജോലികൾ കഠിനവും അരക്ഷിതവും തുച്ഛ പ്രതിഫലദായകവും ആയിരുന്നു. സമ്പത്തിന്റെ വിടവ് നാടകീയമായി വർദ്ധിച്ചു. സാമൂഹികാസ്വാസ്ഥ്യങ്ങളിലേക്കും കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിലേക്കും നയിച്ചു. സഭാപാരമ്പര്യത്തിൽ സാമൂഹിക നീതി വിഷയത്തിൽ പാറപോലെ ഉറച്ച ഒരു നിലപാട് ലിയോ 13-ാമൻ പാപ്പ എടുത്തു. അദ്ധ്വാനിക്കുന്ന ജനസാമാന്യത്തിനുമേൽ



**യന്ത്രത്തിന്റെ അടിമത്തത്തിന് മനുഷ്യനെ കീഴ്പ്പെടുത്താത്തവിധത്തിൽ സാമ്പത്തിക ഉത്പാദനത്തിനായുള്ള സാങ്കേതിക സംവിധാനങ്ങളെ നമുക്ക് എങ്ങനെ ഉപയോഗിക്കാനാവും എന്ന ചിന്തയാണ് രണ്ട് പാപ്പമാരിൽനിന്നും ഉയരുന്നത്.**



അടിമത്വത്തിന്റെ നുകം അതീവ സമ്പന്നരായ കുറച്ചുപേർ വച്ചു കെട്ടിയിരിക്കുന്നു. മനുഷ്യമുക്തിയിലും തൊഴിലിന്റെ ശ്രേഷ്ഠതയിലും കേന്ദ്രീകൃതമായ, തത്വശാസ്ത്രപരവുമായ ഒരു സമീപനം അനിവാര്യമാണെന്ന് അദ്ദേഹം മുന്നോട്ടുവച്ചു. തൊഴിലാളിയെ വെറും തൊഴിലിനുള്ള ഉപകരണമാക്കരുതെന്ന് അദ്ദേഹം വ്യക്തമാക്കി. മാന്യമായ കുടുംബ വേതനത്തിനുവേണ്ടി ശക്തമായി നിലപാട് എടുത്തു. തൊഴിൽ മേഖലയിലെ ചൂഷണങ്ങളെ നേരിടാൻ സദാ സന്നദ്ധമാണെന്ന് പ്രഖ്യാപിച്ചു.

യന്ത്രത്തിന്റെ അടിമത്തത്തിന് മനുഷ്യനെ കീഴ്പ്പെടുത്താത്തവിധത്തിൽ സാമ്പത്തിക ഉത്പാദനത്തിനായുള്ള സാങ്കേതിക സംവിധാനങ്ങളെ നമുക്ക് എങ്ങനെ ഉപയോഗിക്കാനാവും എന്ന ചിന്തയാണ് രണ്ട് പാപ്പമാരിൽനിന്നും ഉയരുന്നത്. നിർമിത ബുദ്ധിയാൽ നയിക്കപ്പെടുന്ന, കൈവിട്ട യന്ത്രങ്ങൾ എന്ന വ്യത്യാസം മാത്രമേയുള്ളൂ. പക്ഷേ എഐയുടെ ലോകം യന്ത്ര ലോകത്തിന്റെ പതിന്മടങ്ങാണ്. അനേകം വർഷം നീളുന്ന ചരിത്രം ഉണ്ടെങ്കിലും സാധാരണ മനുഷ്യർക്ക് അനുഭവവേദ്യമാകും വിധം ലോകത്തെ സ്വാധീനിക്കാൻ തുടങ്ങിയിട്ട് പത്തു പതിനഞ്ചുവർഷങ്ങളെ ആയിട്ടുള്ളൂ. അതിനാൽത്തന്നെ ഈ വിഷയത്തിൽ സഭയുടെ ഇടപെടലും പ്രബോധനങ്ങളും അത്ര ശക്തമായിട്ടില്ലെങ്കിലും നിർമിത ബുദ്ധിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സഭയുടെ നിലപാട് വ്യക്തമാക്കാൻ ഫ്രാൻസിസ് പാപ്പ തന്നെ ശ്രമിച്ചിട്ടുണ്ട്. ലിയോ 14-ാമന് മുന്നിലുള്ള പ്രധാന ദൗത്യം നിർമ്മിതബുദ്ധി ഉയർത്തുന്ന വെല്ലുവിളി സഭ എങ്ങനെ നേരിടണം എന്ന് വ്യക്തമാക്കുകയാണ്. ●



വിശുദ്ധ മേരി മഗ്ദലേന
ദൈവാലയം, പള്ളിത്തുറ
തിരുവനന്തപുരം ലത്തീൻ അതിരൂപത
പരിശുദ്ധ വേളാങ്കണ്ണി ആരോഗ്യ
മാതാവിന്റെ തിരുനാൾ
മഹാമഹം
2025 ആഗസ്റ്റ് 30 മുതൽ
സെപ്റ്റംബർ 08 വരെ
സെപ്റ്റംബർ 08 വൈകു. 5.30-ന് തിരുനാൾ ദിവ്യബലി
മുഖ്യകാർമ്മികൻ: റൈറ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ
മെത്രാപോലീത്ത, തിരുവനന്തപുരം ലത്തീൻ അതിരൂപത
പരിശുദ്ധ അമ്മയുടെ സവിധത്തിലേക്ക് ഏവർക്കും സ്വാഗതം
LIVE STREAMING YouTube /archtvm

Pub. Date: 01.08.2025

JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-













Initiatives of Trivandrum Social Service Society, Latin Archdiocese of Trivandrum

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George